32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

April 05, 2024 | Vol. XXXII No. 14 | Periodicals Postage Paid

4 പ്രചാരണത്തിന് മറിയാമ്മയും അച്ചു ഉമ്മനും
8 വയനാട് വീണ്ടും ദേശീയശ്രദ്ധയിൽ
11 കാശ്മീരിൽ സൈന്യത്തെ പിൻവലിക്കും: അമിത് ഷാ
12 കേരളത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് പരാജയം
18 മലയാളി സംഘടനകളും സൂക്ഷ്മനിരീക്ഷണത്തിലാണ്



## അരവിന്ദ് കെജ്‌രിവാൾ ജയിലിലേക്ക്;
# ഈ മാസം 15 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ

ന്യൂഡൽഹി: മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ ഈ മാസം 15 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കസ്റ്റഡി കാലാവധി ഏപ്രിൽ ഒന്നിന് അവസാനിച്ചതോടെയാണ് കോടതിയുടെ നടപടി. കെജ്‌രിവാളിനെ തിഹാർ ജയിലിലേക്ക് മാറ്റും. വീട്ടിലെ ഭക്ഷണവും മരുന്നും പുസ്തകങ്ങളും അനുവദിക്കണമെന്ന് കെജ്‌രിവാൾ കോടതിയിൽ ആവശ്യപ്പെട്ടു.

മാർച്ച് 21-ന് രാത്രി 9.11-നാണ് ഇഡി കെജ്‌രിവാളിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. ഒൻപത് തവണ സമൻസ് നൽകിയിട്ടും ചോദ്യം ചെയ്യലിന് ഹാജരാകാതിരുന്ന കെജ്‌രിവാളിന്റെ സിവിൽ ലെയ്ൻസിലെ ഔദ്യോഗിക വസതിയിൽ എത്തി ഇഡി സംഘം അറസ്റ്റ് രേഖപ്പെടുത്തി.

അറസ്റ്റിൽനിന്നു സംരക്ഷണം അനുവദിക്കാനാകില്ലെന്നു ഡൽഹി ഹൈക്കോടതി വ്യക്തമാക്കി മണിക്കൂറുകൾക്കകമായിരുന്നു അറസ്റ്റ്. അദ്ദേഹത്തിന്റെ പ്രാഥമിക കസ്റ്റഡി മാർച്ച് 28-ന് അവസാനിച്ചെങ്കിലും ഇഡിയുടെ ആവശ്യപ്രകാരം (ശേഷം 24-ാം പേജിൽ)

## കോൺഗ്രസിനെതിരെ ഉടൻ നടപടിയില്ല: കേന്ദ്രം

ന്യൂഡൽഹി: കോൺഗ്രസിനെതിരെ 3500 കോടി രൂപയുടെ ആദായനികുതി കുടിശികയിൽ ഉടൻ നടപടി സ്വീകരിക്കില്ലെന്ന് സുപ്രീം കോടതിയിൽ കേന്ദ്രസർക്കാരിന്റെ ഉറപ്പ്. കേസ് പരിഗണിക്കുന്നത് സുപ്രീം കോടതി ജൂലൈ 24-ലേക്ക് മാറ്റി. അതിനിടെ ആദായനികുതി വകുപ്പിന്റെ നടപടിയുണ്ടായാൽ കോൺഗ്രസിന് കോടതിയെ സമീപിക്കാം. തെരഞ്ഞെടുപ്പിലേക്ക് പോകുന്ന സാഹചര്യത്തിൽ നടപടി സ്വീകരിക്കരുതെന്നായിരുന്നു കോൺഗ്രസ് ആവശ്യം. തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ അത്തരത്തിലുള്ള (ശേഷം 24-ാം പേജിൽ)

# ജനാധിപത്യം സംരക്ഷിക്കാൻ ഇന്ത്യാസഖ്യത്തിന്റെ മഹാറാലി

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെയും ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഹേമന്ത് സോറന്റെയും അറസ്റ്റുകളിൽ പ്രതിഷേധിച്ച് മാണോ വേണ്ടത്" എന്ന ചോദ്യം ഇന്ത്യൻ ജനതയ്ക്കു മുന്നിൽ സമർപ്പിച്ചു ഇന്ത്യസഖ്യത്തിന്റെ കരുത്തു തെളിയിച്ചായിരുന്നു മഹാറാലി. ഒൻപതു മാത്തിന് ഒത്തുചേർന്നത്. പോലീസിന്റെ കർശന നിയന്ത്രണങ്ങളുണ്ടായിരുന്നിട്ടും ആയിരങ്ങൾ ജനാധിപത്യ സംരക്ഷണ റാലിയിൽ പങ്കെടുത്തു. പക്ഷനിരയിലെ 28 പാർട്ടികളുടെ പ്രതിനിധികൾ അണിനിരന്നു. ബിജെപിയെ തോൽപ്പിക്കാൻ മാത്രമല്ല, ജനാധിപത്യം സംരക്ഷിക്കാൻ കൂടിയുള്ള വലി




ഡൽഹി രാംലീല മൈതാനത്തു നടന്ന ഇന്ത്യാ സഖ്യത്തിന്റെ മഹാറാലിയിൽ വിവിധ കക്ഷി നേതാക്കൾ പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നു

രാംലീല മൈതാനിയിൽ പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധം സംഘടിപ്പിച്ചു. "ജനാധിപത്യമാണോ സ്വേച്ഛാധിപത്യ സം മുമ്പു സഖ്യം രൂപീകൃതമായശേഷം ആദ്യമായാണു ഡൽഹിയിൽ മുതിർന്ന നേതാക്കൾ പൊതുസമ്മേളന ജനാധിപത്യത്തിനെതിരായ ആക്രമണങ്ങൾ ചെറുക്കാൻ ആഹ്വാനമുയർന്ന മഹാറാലിയുടെ വേദിയിൽ പ്രതി യ പോരാട്ടമാണ് ഈ പൊതുതെരഞ്ഞെടുപ്പെന്നു അവർ വ്യക്തമാക്കി.

(ശേഷം 24-ാം പേജിൽ)

## തെരഞ്ഞെടുപ്പ് പ്രചാരണത്തിന് കുടുംബശ്രീ; തോമസ് ഐസക്കിന് താക്കീത്

പത്തനംതിട്ട: കുടുംബശ്രീയെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിച്ചെന്ന പരാതിയിൽ പത്തനംതിട്ടയിലെ ഇടതുസ്ഥാനാർത്ഥി തോമസ് ഐസക്കിന് മുഖ്യവരണാധികാരിയായ കളക്ടർ താക്കീത് നൽകി. കളക്ടർ എസ്. പ്രേംകൃഷ്ണൻ ഇതുസംബന്ധിച്ച കത്ത് ഐസക്കിനു കൈമാറി. യുഡിഎഫ് ജില്ലാ ചെയർമാൻ വർഗീസ് മാമനാണ് ചട്ടലംഘനം ചൂണ്ടിക്കാണിച്ച് പരാതി നൽകിയത്.



പന്തളം തെക്കേക്കര പഞ്ചായത്തിൽ നടന്ന കുടുംബശ്രീ യോഗത്തിൽ പങ്കെടുത്തവർക്ക് വനിതാ വികസന കോർപ്പറേഷന്റെ വായ്പ നൽകുമെന്ന് ഐസക് വാഗ്ദാനംചെയ്തെന്നും കെ. ഡിസ്കിന്റെ സൗകര്യങ്ങൾ പ്രചാരണത്തിന് ഉപയോഗിച്ചെന്നുമായിരുന്നു പരാതി. ഇതിൽ കളക്ടർ ഐസക്കിൽനിന്ന് വിശദീകരണം തേടിയിരുന്നു. കുടുംബശ്രീ യോഗത്തിൽ വോട്ടുചോദിക്കുന്നതിൽ തെറ്റില്ലെന്നായിരുന്നു ഇതിന് അദ്ദേഹത്തിന്റെ മറുപടി. കളക്ടറുടെ അന്വേഷണത്തിൽ കുടുംബശ്രീ യോഗത്തിൽ ചട്ടലംഘനം നടന്നതായി ബോധ്യപ്പെട്ടിരുന്നു. പറപ്പെട്ടിയിൽ നടന്നത് സിഡിഎസ് വിളിച്ച കുടുംബശ്രീ യോഗമാണെന്ന് അറിഞ്ഞിരുന്നില്ലെന്ന് തോമസ് ഐസക് മാധ്യമപ്രവർത്തകരോടു പറഞ്ഞു. തന്നെ അവിടെ കൊണ്ടുപോയ പ്രവർത്തകരുടെ വീഴ്ചയാണിത്. ഇനി ഇത്തരം സംഭവങ്ങളുണ്ടാകില്ല. താക്കീത് അംഗീകരിക്കുന്നു - അദ്ദേഹം പറഞ്ഞു.

## കടമെടുപ്പ് പരിധി; കേരളത്തിന്റെ പ്രധാന ഹർജി ഭരണഘടനാ ബെഞ്ചിനു വിട്ടു

ന്യൂഡൽഹി: കടമെടുപ്പുമായി ബന്ധപ്പെട്ട കേസിൽ കേരളത്തിന്റെ പ്രധാന ഹർജി അഞ്ചംഗ ഭരണഘടനാ ബെഞ്ചിനു വിട്ടു. ഭരണഘടനയുടെ 293-ാം അനുച്ഛേദം ഇതുവരെ ചോദ്യം ചെയ്തിട്ടില്ലെന്ന് കോടതി പറഞ്ഞു. സംസ്ഥാനങ്ങൾക്ക് പുറമേനിന്ന് കടമെടുക്കാനുള്ള അധികാരപരിധി ഉണ്ടോയെന്നും ഇതിൽ കേന്ദ്രത്തിന് എത്രമാത്രം നിയന്ത്രണം ഏർപ്പെടുത്താമെന്നും പരിശോധിക്കാമെന്നാണ് കോടതി അറിയിച്ചത്. വിഷയം ഭരണഘടനാ ബെഞ്ചിനു വിട്ടതോടെ അന്തിമതീരുമാനം ആകുന്നത് നീളും. ഇടക്കാല ഉത്തരവ് വേണമെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടില്ല.

അതേസമയം 2023-24 സാമ്പത്തികവർഷത്തിൽ ഇടക്കാല ആശ്വാസമായി കൂടുതൽ കടമെടുക്കാൻ അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം കോടതി തള്ളി. കോടതി ഇടപെടലിലൂടെ സംസ്ഥാനത്തിന് ആവശ്യത്തിനുള്ള പണം ലഭ്യമാക്കിയിട്ടുണ്ട് എന്ന് പറഞ്ഞാണ് കോടതി ആവശ്യം തള്ളിയത്. ജസ്റ്റിസ് സൂര്യകാന്ത്, കെ.വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ചാണ് കേസ് പരിഗണിച്ചത്. കഴിഞ്ഞമാസം ആദ്യം കേസ് പരിഗണിച്ച സുപ്രീംകോടതി കേരളത്തിന് 13,608 കോടി രൂപ കടമെടുക്കാൻ അനുമതി നല്കിക്കൊണ്ട് ഉത്തരവിട്ടിരുന്നു. (ശേഷം 24-ാം പേജിൽ)

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

## EXPERIENCE PERSONAL ATTENTION RESULTS



Salu K. Kunnatha | Reena Emmanuel | Joshua Opdycke

**Dedicated Lawyers Handling Serious Injuries and Wrongful Death Cases**

**Over 50 years of Combined Experience**

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**

1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**

708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com

# nella CONSULTING

ACCOUNTING | TAX | CONSULTING






## FOR ALL YOUR PERSONAL AND BUSINESS TAX SERVICES


**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**



# JAIBU MATHEW KULANGARA & ASSOCIATES



## For Personal & Business TAX SERVICE

**Jaibu Mathew Kulangara, E.A.**
Entrolled to Practice before IRS

**Christine Mathew**
Lead Associate

7215 W.Touhy,
Suite 6
CHICAGO, IL 60631

773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX

E-mail:tax@jaibu.com
Web:www.jaibu.com




Free Electronic Filing



Michael Crifase    Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm
## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau
AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

# സിപിഎമ്മിന്റെ രഹസ്യ അക്കൗണ്ടുകളുടെ വിവരം ഇഡി തെരഞ്ഞെടുപ്പ് കമ്മീഷനു കൈമാറി

ന്യൂഡൽഹി: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ സിപിഎമ്മിനു കുരുക്കായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) നടപടി. സിപിഎമ്മിന്റെ 'രഹസ്യ അക്കൗണ്ടുകളുടെ' വിവരം തെരഞ്ഞെടുപ്പ് കമ്മീഷന് ഇഡി കൈമാറി. ധനമന്ത്രാലയത്തിനും ആർബിഐക്കും ഈ വിവരങ്ങൾ ഇഡി കൈമാറിയിട്ടുണ്ട്. സഹകരണ-ബാങ്ക് നിയമങ്ങൾ ലംഘിച്ചാണ് അക്കൗണ്ട് തുറന്നതെന്നാണു കണ്ടെത്തൽ.

ഈ അക്കൗണ്ടുകൾ വഴി ബെനാമി വായ്പകൾക്കുള്ള പണം വിതരണം ചെയ്തെന്നും ഇഡിയുടെ റിപ്പോർട്ടിലുള്ളതായി ദേശീയ മാധ്യമം പറയുന്നു. കരുവന്നൂർ സഹകരണ ബാങ്കിലെ 150 കോടിയുടെ തട്ടിപ്പിനെപ്പറ്റി ഇഡി അന്വേഷിക്കുന്നുണ്ട്. പാർട്ടി ഓഫീസിനു ഭൂമി വാങ്ങാനും പാർട്ടി ഫണ്ട്, ലെവി എന്നിവ ശേഖരിക്കാനുമാണു സിപിഎമ്മിന്റെ പേരിൽ അഞ്ച് ബാങ്ക് അക്കൗണ്ടുകൾ തുറന്നതെന്നാണ് ഇഡി റിപ്പോർട്ടിലുള്ളത്.

തൃശൂർ ജില്ലയിൽ മാത്രം 17 ഏരിയ കമ്മിറ്റികളുടെ പേരിൽ വിവിധ ബാങ്കുകളിലും സഹകരണ ബാങ്കുകളിലുമായി സിപിഎമ്മിന് 25 അക്കൗണ്ടുകളുണ്ടെന്ന് ഇഡി ആരോപിക്കുന്നു. 2023 മാർച്ച് 21-ലെ ബാലൻസ് ഷീറ്റ് പ്രകാരം, ഈ അക്കൗണ്ടുകളുടെ വിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. പാർട്ടിയുടെ ജില്ലാതല നേതാക്കളുടെ നിർദേശമനുസരിച്ച്, പാവപ്പെട്ടവരുടെ പേരിൽ അവരറിയാതെ വായ്പകൾ അനുവദിച്ച് സാമ്പത്തിക തിരിമറി നടത്തി. മുൻ മന്ത്രിയും സിപിഎം എംഎൽഎയുമായ എ.സി. മൊയ്തീന്റെ നിർദേശപ്രകാരം ഇത്തരത്തിൽ ധാരാളം ബെനാമി വായ്പകൾ അനുവദിച്ചതായി കണ്ടെത്തിയെന്നും ഇഡി ചൂണ്ടിക്കാട്ടുന്നു.

കരുവന്നൂരിൽ മാത്രമല്ല, കേരളത്തിലെ ഒട്ടേറെ സഹകരണ സൊസൈറ്റികളിലും സമാനമായ ക്രമക്കേടുകളുണ്ട്. കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് ഏകദേശം 87 കോടി രൂപയുടെ സ്വത്തുക്കൾ കണ്ടുകെട്ടി. നാല് പേർ അറസ്റ്റിലായെന്നും ഇഡി വ്യക്തമാക്കി. ഇഡിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ആദായനികുതി വകുപ്പും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കരുവന്നൂർ ബാങ്കിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഇഡി പിടിച്ചെടുത്ത യഥാർഥ രേഖകൾ നൽകാൻ വിസമ്മതിക്കുന്നതിനെതിരെ ക്രൈംബ്രാഞ്ച് നൽകിയ ഹർജി ഹൈക്കോടതി മുന്നിനു പരിഗണിക്കാൻ മാറ്റിയിരുന്നു.

# പത്തനംതിട്ടയിൽ പ്രചാരണത്തിന് മറിയാമ്മയും അച്ചു ഉമ്മനും

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഭാര്യ മറിയാമ്മ ഉമ്മൻ ഇത്തവണ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങും. പെൺമക്കളായ മറിയയും അച്ചുവും ഒപ്പം പ്രചാരണത്തിൽ സജീവമാകും. ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിൽ തുടർച്ചയായി മത്സരിക്കുമ്പോഴും അദ്ദേഹത്തിന്റെ മരണശേഷം ചാണ്ടി ഉമ്മൻ മത്സരിച്ചപ്പോഴും മറിയാമ്മ പ്രചാരണത്തിന് ഇറങ്ങിയിരുന്നില്ല.



ഏപ്രിൽ രണ്ടിന് കോട്ടയം മണ്ഡലത്തിലെ കൂരോപ്പട കോൺഗ്രസ് മണ്ഡലം കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ടാണ് തുടക്കം. എ.കെ. ആന്റണിയുടെ മകൻ അനിൽ ആന്റണി ബിജെപി സ്ഥാനാർഥിയായി മത്സരിക്കുന്ന പത്തനംതിട്ട മണ്ഡലത്തിലെ കുളനടയിൽ ഈ മാസം അഞ്ചിന് മറിയാമ്മയും ആറിന് അച്ചു ഉമ്മനും യുഡിഎഫ് പ്രചാരണത്തിനെത്തും.

'നിർണായകമായ തെരഞ്ഞെടുപ്പാണിത്. ഇനിയൊരു തെരഞ്ഞെടുപ്പ് ഉണ്ടാകുമോ എന്നുപോലും ആശങ്ക ഉയരുമ്പോൾ കോൺഗ്രസ് മുന്നണിയുടെ വിജയത്തിന് കഴിയാവുന്നതെല്ലാം ചെയ്യണം. ഉമ്മൻ ചാണ്ടിയില്ലാത്ത ആദ്യ പൊതുതെരഞ്ഞെടുപ്പാണിത്. അദ്ദേഹത്തിന്റെ മക്കളും ബിജെപിയിലേക്കു പോകുമെന്ന വ്യാജ പ്രചാരണത്തിനും കൂടിയുള്ള മറുപടിയാണിത്. ആ പ്രചാരണത്തിൽ അദ്ദേഹത്തിന്റെ ആത്മാവ് വേദനിക്കും. ഉമ്മൻ ചാണ്ടിയുടെ കുടുംബം എന്നും കോൺഗ്രസിനൊപ്പം അടിയുറച്ചു തന്നെയുണ്ടാകും. പാർട്ടി നിർദേശിക്കുന്നതനുസരിച്ചാകും പ്രചാരണത്തിന് പോവുക' – മറിയാമ്മ വ്യക്തമാക്കി.

മക്കളായ മറിയയും അച്ചുവും കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലും പ്രചാരണത്തിൽ സജീവമായിരുന്നു. കോട്ടയത്തും പത്തനംതിട്ടയിലും ഇടുക്കിയിലും പ്രചാരണ രംഗത്തു സജീവമാണ് ചാണ്ടി ഉമ്മൻ.

# വീണ്ടും കാട്ടാന ആക്രമണം; ഓട്ടോഡ്രൈവർക്ക് വീട്ടുമുറ്റത്ത് ദാരുണാന്ത്യം

എരുമേലി: പത്തനംതിട്ട തുലാപ്പള്ളിയിൽ കാട്ടാന ആക്രമണത്തിൽ ഓട്ടോ ഡ്രൈവർക്ക് വീട്ടുമുറ്റത്ത് ദാരുണാന്ത്യം. തുലാപ്പള്ളി വട്ടപ്പാറ കുടിലിൽ ബിജു (50)ആണ് കൊല്ലപ്പെട്ടത്. ഏപ്രിൽ ഒന്നിനു പുലർച്ചെ ഒരുമണിയോടെയാണ് നാടിനെ നടുക്കിയ ദാരുണസംഭവം നടന്നത്.

ബിജുവും ഭാര്യയും മാത്രമാണ് വീട്ടിൽ ഉണ്ടായിരുന്നത്. വീടിനടുത്തുള്ള വാഴകൃഷി ആന നശിപ്പിക്കുന്ന സ്വരം കേട്ട് വീട്ടുമുറ്റത്തേക്ക് ഭാര്യയ്ക്കൊപ്പം ഇറങ്ങിയതായിരുന്നു ബിജു.



ആനയെ വിരട്ടിയോടിക്കാൻ ശ്രമിക്കുന്നതിനിടെ അപ്രതീക്ഷിതമായി ആന പാഞ്ഞെത്തി ആക്രമിക്കുകയായിരുന്നു. ഭയന്നുപോയ ബിജുവിന്റെ ഭാര്യയുടെ നിലവിളി കേട്ട് പ്രദേശവാസികൾ എത്തുമ്പോഴേയ്ക്കും ബിജു മരണപ്പെട്ടിരുന്നു. തുലാപ്പള്ളി ടാക്സി സ്റ്റാൻഡിലെ ഓട്ടോ ഡ്രൈവറാണ് ബിജു. വീട്ടിൽ നിന്ന് 50 മീറ്റർ അകലെയാണ് ബിജുവിന്റെ മൃതദേഹം കണ്ടെത്തിയത്. ആന പിന്തിരിഞ്ഞു കാട്ടിലേക്കു പോയശേഷമാണ് മൃതദേഹത്തിന് അരികിലെത്താനായത്.

ഡെയ്സിയാണ് ബിജുവിന്റെ ഭാര്യ. മക്കൾ: ജിൻസൺ, ബിജോ.

വിവരമറിഞ്ഞെത്തിയ രോഷാകുലരായ നൂറുകണക്കിന് നാട്ടുകാർ സംഭവസ്ഥലത്തു തടിച്ചുകൂടി. നിരവധി തവണ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവി ആക്രമണം ഉണ്ടായിട്ടും നടപടികൾ സ്വീകരിക്കാത്ത വനം വകുപ്പിനെതിരെ പ്രതിഷേധം വ്യാപകമായതോടെ പുലർച്ചെയോടെ പ്രദേശം സംഘർഷ സ്ഥിതിയിലായി.

# തീരദേശ ജില്ലകളിൽ വൻ കടലാക്രമണം

തിരുവനന്തപുരം: തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ ജില്ലകളിൽ കടലാക്രമണം. തിരുവനന്തപുരത്തു പുത്തൻതോപ്പ്, അടിമലത്തുറ, പൊഴിയൂർ, പൂന്തുറ ഭാഗങ്ങളിൽ കടൽ കയറി. ഇവിടങ്ങളിൽ വീടുകളുടെ മുറ്റത്തും റോഡിലും വെള്ളക്കെട്ട് രൂപപ്പെട്ടു. യാനങ്ങൾക്കും കേടുപാടുണ്ട്. കോവളത്തും വർക്കലയിലും വിനോദസഞ്ചാരികൾക്കു കടലിൽ ഇറങ്ങുന്നതിനു വിലക്കേർപ്പെടുത്തി.

അതിനിടെ, കടലാക്രമണം രണ്ട് ദിവസംകൂടി തുടരുമെന്നും തീരവാസികൾ ജാഗ്രത പാലിക്കണമെന്നും സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. കേരളത്തിൽ ശക്തമായ തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയെന്നു ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. കടലാക്രമണത്തിനു കാരണം "കള്ളക്കടൽ" പ്രതിഭാസമാണെന്നു കരുതുന്നു.

പൊഴിയൂർ മുതൽ പുല്ലുവിള വരെയാണു തിരുവനന്തപുരത്തു കടലാക്രമണമുണ്ടായത്. തിരമാലകൾ ഒന്നര മീറ്ററോളം ഉയർന്ന് ആഞ്ഞു വീശി. പല വീടുകളിൽനിന്നും വീട്ടുകാരെ ക്യാമ്പുകളിലേക്കു മാറ്റി. തിരമാലയടിച്ചു നിരവധി വള്ളങ്ങൾക്കു കേടുപാടു സംഭവിച്ചു. രണ്ടു മത്സ്യത്തൊഴിലാളികൾക്കു പരുക്കേറ്റു. അവരെ ആശുപത്രിയിലേക്കു മാറ്റി. കൊല്ലം മുണ്ടയ്ക്കലിൽ കടലാക്രമണത്തിൽ ഒട്ടേറെ വീടുകൾ തകർന്നു.



ആലപ്പുഴയിൽ പുറക്കാട്, വളഞ്ഞവഴി, പള്ളിത്തോട് എന്നിവിടങ്ങളിലാണു കടലാക്രമണം രൂക്ഷം. പുറക്കാടിനു സമീപത്തെ തീരത്തു രാവിലെ 30 മീറ്ററോളം കടൽ ഉൾവലിഞ്ഞിരുന്നു. തുടർന്നു പൂർവസ്ഥിതിയിലായെങ്കിലും ഉച്ചയ്ക്കുശേഷം കടൽഭിത്തി മറികടന്നു കരയിലേക്കു കടൽ കയറി. ഒറ്റപ്പന മുതൽ വളഞ്ഞവഴി വരെയായിരുന്നു കടലാക്രമണം ശക്തം. സുനാമിയോടു സമാനമായ കടലേറ്റമാണ് ഉണ്ടായതെന്നു തീരവാസികൾ പറഞ്ഞു. കടൽ ഭിത്തിയോടു ചേർന്നു താമസിക്കുന്ന കുടുംബങ്ങൾ വീടുകൾ ഒഴിഞ്ഞു. രണ്ടാഴ്ചയ്ക്കിടെ രണ്ടാം തവണയാണ് പുറക്കാട് കടൽ ഉൾവലിഞ്ഞു തീരത്തു ചെളി രൂപപ്പെട്ടത്. രണ്ടാഴ്ച മുമ്പുണ്ടായതിനേക്കാൾ കൂടിയ രീതിയിലാണ് മാർച്ച് 31-ന് ചെളിനിറഞ്ഞത്.

തൃശൂർ പെരിഞ്ഞനത്തു 31-ന് ഉച്ച മുതലാണ് കടലേറ്റം തുടങ്ങിയത്. പെരിഞ്ഞനം സമിതി ബീച്ച്, കയ്പമംഗലം വഞ്ചിപുര തുടങ്ങിയ ഭാഗങ്ങളിൽ കടലേറ്റം രൂക്ഷമായി.

മത്സ്യബന്ധന വലകൾക്കു കേടുപാടുണ്ടായി. കടൽഭിത്തിയും കടന്നു വെള്ളം വീടുകളിലേക്കു കയറി. 31-ന് രാവിലെ കമ്പനിക്കടവ് ഭാഗത്തു കടൽച്ചുഴി രൂപപ്പെട്ടിരുന്നതായി മത്സ്യത്തൊഴിലാളികൾ പറഞ്ഞു.

എറണാകുളം ജില്ലയിൽ വൈപ്പിൻ ദ്വീപിലെ തെക്കൻ മേഖലയിൽ ചിലയിടങ്ങളിലും ഫോർട്ടുകൊച്ചിയിലും ചെല്ലാനം, സൗദി മേഖലയിലും കടൽകയറി. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ചാപ്പക്കടപ്പുറത്ത്, വളപ്പ് ബീച്ച്, എളങ്കുന്നപ്പുഴ ബീച്ച്, എടവനക്കാട് ബീച്ചിലും കടൽകയറ്റമുണ്ടായി. നാശനഷ്ടമില്ല. ഫോർട്ട്കൊച്ചിയിൽ കടലിൽ ഇറങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ഈസ്റ്റർ അവധി ദിവസമായതിനാൽ നിരവധിപേരാണ് 31-ന് ഫോർട്ട്കൊച്ചിയിലെത്തിയത്. കടൽ ശാന്തമായില്ലെങ്കിൽ വരുംദിവസങ്ങളിലും നിയന്ത്രണം തുടരും.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 14
April 05, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.




DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.



## മഹദ്വചനം


ബുദ്ധിമാന്മാരായ നല്ല യുവാക്കളാണ് രാജ്യത്തിന്റെ വലിയ സമ്പത്ത്.
**ബെഞ്ചമിൻ ഫ്രാങ്ക്ളിൻ**

ആദർശങ്ങളിൽ കെട്ടിപ്പടുക്കുന്നതേ അനശ്വരമാകൂ.
**എമേഴ്സൺ**


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


നിങ്ങൾ ഇന്നും
പുനരുദ്ധാനത്തിൽ
വിശ്വസിക്കുന്നുവോ ?
Do you still believe in
bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു
മറുപടി നൽകുന്ന പുസ്തകം.
ഇംഗ്ലീഷ് ആമസോണിൽ
ലഭ്യമാണ്.
മലയാളം ഞങ്ങളിൽ നിന്നും
ലഭിക്കും.
വില $15.00
RETHINKING
RESURRECTION
A Closer Look at the Future
Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author,
conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED
MEDICARE
Medicare coverage can be confusing and it is important
to make the best decision for you and your health.
There are four different parts of Medicare:
Part A
Hospital Insurance
Part C
$0 Premium Medicare
Advantage Plans
Part B
Medical Insurance
Part D
Prescription Drug
Coverage
Medicare Supplement Plans Offered by
Various Companies at competitive Rates
CALL or TEXT
RAJ SURENDRAN
Senior Medicare Specialist
Investment Advisor Representative, MBA
708-945-3985
www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com
There is no obligation,
All consultations are complimentary!

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കേരളത്തിൽ കളം നിറയുമ്പോൾ

തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചതോടെ അണികളും നേതാക്കളും മത്സരയോട്ടത്തിൽ! പ്രകടനങ്ങളും അനൗൺസ്മെന്റുകളും പോസ്റ്ററുകളും ചാനൽ ചർച്ചകളും നാടിന്റെ മുഖച്ഛായ മാറ്റിയെഴുതിക്കൊണ്ടിരിക്കുന്നു. തെരഞ്ഞെടുക്കുക എന്ന ദൗത്യമാണ് എല്ലാവർക്കും മുന്നിലുള്ളത്. ആരെ തെരഞ്ഞെടുക്കണം? എന്തു തെരഞ്ഞെടുക്കണം? ഇവിടെയാണ് സമ്മതിദായകർ തങ്ങളുടെ അവകാശവും ചിന്താശക്തിയും വിവേചനവും ധൈര്യവും പ്രകടിപ്പിക്കേണ്ടത്.

മൂന്നു മുന്നണികളും സ്ഥാനാർത്ഥിപ്രഖ്യാപനം പൂർത്തിയാക്കിയതോടെ വേനൽചൂടിനെ വെല്ലുന്ന തെരഞ്ഞെടുപ്പ് ചൂടിലേക്ക് കേരളം കടന്നിരിക്കുന്നു. ഏതൊരു തെരഞ്ഞെടുപ്പിനേയും ആവേശത്തോടെ സ്വീകരിക്കുന്ന, രാഷ്ട്രീയ പ്രബുദ്ധരെന്ന് അഭിമാനിക്കുന്നവരാണ് മലയാളികൾ. ഇന്ത്യ ആരു ഭരിക്കണമെന്നു നിശ്ചയിക്കുന്ന നിർണായക ലോക്സഭാ തെരഞ്ഞെടുപ്പിനു ഇന്ത്യ ഒരുങ്ങുമ്പോൾ കേരളത്തിനും തങ്ങളുടേതായ ഭാഗധേയം നിർവഹിക്കാനുണ്ട്.

കേരളമടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ശക്തി വർധിപ്പിക്കാനുള്ള പടപ്പുറപ്പാടിലാണ് ബിജെപി. അതിശക്തരായ ഇടത്, വലത് മുന്നണികൾക്കിടയിൽ ബിജെപിക്ക് ഇത്തവണയെങ്കിലും സ്ഥാനമുറപ്പിക്കാൻ കഴിയുമോ എന്നതാണ് സ്ഥാനാർത്ഥികൾ കളം നിറഞ്ഞതോടെ കേരളത്തിൽ ഉയരുന്ന ഏറ്റവും ആവേശകരമായ തെരഞ്ഞെടുപ്പ് ചോദ്യം. അതിൽതന്നെ ബിജെപി പ്രതീക്ഷ പുലർത്തുന്ന മണ്ഡലങ്ങളിലാകും മത്സരം ഏറ്റവും കടുക്കാനും സാധ്യത.

മുന്നണികളെ സംബന്ധിച്ച് നിലനിൽപ്പിനുള്ള പോരാട്ടമായതു കൊണ്ടാകാം സ്ഥാനാർത്ഥിനിർണയത്തിൽ ഇത്രയും സൂക്ഷ്മതയുണ്ടായത്. ബംഗാളും ത്രിപുരയുമടക്കം നഷ്ടപ്പെട്ട സിപിഎമ്മിനു ദേശീയ പാർട്ടിയുടെ തലയെടുപ്പോടെ നിലനിൽക്കാനും ദേശീയ രാഷ്ട്രീയത്തിൽ ശക്തമായി ഇടപെടാനും കേരളത്തിൽ നിന്ന് ജനപ്രതിനിധികൾ ഉണ്ടായേ തീരൂ. അതുകൊണ്ടു തന്നെയാണ് പരമാവധി സീറ്റുകളിൽ വിജയമെന്ന ലക്ഷ്യത്തോടെ കൂടുതൽ പരീക്ഷണത്തിനു നിൽക്കാതെ പരിചിതരായ സ്ഥാനാർത്ഥികളെത്തന്നെ രംഗത്ത് ഇറക്കിയത്. സ്ഥാനാർത്ഥി നിർണയത്തിൽ പതിവ് അസ്വാരസ്യങ്ങളൊന്നും കോൺഗ്രസിൽ ഉണ്ടായില്ല. അവസാന നിമിഷങ്ങളിലെ ചില വെച്ചുമാറ്റങ്ങൾ സ്ഥാനാർത്ഥികൾക്ക് ചില്ലറ ബുദ്ധിമുട്ട് ഉണ്ടാക്കിയെങ്കിലും അണികൾ ആവേശത്തോടെ സ്വീകരിച്ചു. ദേശീയതലത്തിൽ കൂടുതൽ പിന്നോട്ടുപോയ 2019-ലും തുണച്ച കേരളം ഇത്തവണയും കൈവിടില്ലെന്ന പ്രതീക്ഷയാണ് കോൺഗ്രസിനുള്ളത്. കേരളത്തിൽ നഷ്ടപ്പെടുന്ന ഒരു സീറ്റിന് പകരം മറ്റൊന്ന് കണ്ടെത്താൻ കോൺഗ്രസിനു ദേശീയതലത്തിൽ വിയർക്കേണ്ടി വരുമെന്നതാണ് നിലവിലെ അവസ്ഥ. കേരളാ കോൺഗ്രസിന് എൽഡിഎഫിന് ഒപ്പം എത്രനാൾ തുടരാൻ കഴിയുമെന്നതിനുള്ള ഉത്തരം കൂടിയാകും കോട്ടയത്തെ തെരഞ്ഞെടുപ്പ് ഫലം. കേരളാ കോൺഗ്രസുകൾ മുഖാമുഖം പോരാടുമ്പോൾ ആര് ശക്തരെന്നും ആർക്കൊപ്പമാണ് ശക്തിയെന്നും കൂടിയാകും തെളിയിക്കപ്പെടുക.

രാഹുൽ ഗാന്ധി വീണ്ടും ജനവിധി തേടുന്ന വയനാട്ടിൽ സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രന്റെ സ്ഥാനാർത്ഥിത്വം അപ്രതീക്ഷിതമായിരുന്നു. ഇത്തരത്തിൽ സംസ്ഥാനത്തെ 20 മണ്ഡലത്തിലും എതിരാളിക്കു പറ്റിയ പ്രതിയോഗിയെ തന്നെ ഇറക്കാൻ മുന്നണികൾ ശ്രദ്ധ പുലർത്തിയെന്ന വിലയിരുത്തൽ വോട്ടർമാർക്കിടയിൽ ഉണ്ടായിട്ടുണ്ട്. തെരഞ്ഞെടുപ്പ് ഫലം പ്രവചനാതീതമാക്കുന്ന ഘടകമാണിത്.

ഇത്തവണ എൻഡിഎ മുന്നണിക്ക് നാനൂറിലേറെ സീറ്റുകൾ ഉറപ്പെന്ന പ്രചാരണമാണ് പ്രധാനമന്ത്രി നടത്തുന്നത്. ഈയൊരു പ്രതീക്ഷയിലേക്ക് നീങ്ങണമെങ്കിൽ കേരളമടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നില മെച്ചപ്പെടുത്തേണ്ടിവരും. അതിനുള്ള കൊണ്ടുപിടിച്ച ശ്രമം കേരളത്തിലെ തെരഞ്ഞെടുപ്പു രംഗത്തെ ഏതൊരു ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്തേക്കാളും തീവ്രമാക്കുന്നു. വേരുറപ്പിക്കാനുള്ള ബിജെപിയുടെ ശ്രമത്തെ എൽഡിഎഫും യുഡിഎഫും ഒരുപോലെ എതിർക്കുന്നു. ബിജെപി രാഷ്ട്രീയത്തിന് ചെക്ക്വെക്കാൻ പ്രാപ്തിയുണ്ടെന്നു കരുതുന്നവർക്കൊപ്പമാണ് കേരളത്തിന്റെ മനസ് എന്ന വിശ്വാസത്തിലൂന്നിയാണ് യുഡിഎഫും എൽഡിഎഫും പ്രചാരണം നയിക്കുന്നത്. എൻഡിഎ ആകട്ടെ കേരളത്തിലും മോദിക്ക് ആരാധകർ വർധിച്ചതായി കണക്കുകൂട്ടുന്നു. കേന്ദ്ര, സംസ്ഥാന വിഷയങ്ങൾ പലതുണ്ടെങ്കിലും മോദി രാഷ്ട്രീയത്തെ എതിർത്തും അനുകൂലിച്ചുമുള്ള പ്രചാരണമാണ് നിലവിൽ കേരളത്തിൽ കളം പിടിച്ചിരിക്കുന്നത്.


പതിനെട്ടാമത് ലോക്സഭ തെരഞ്ഞെടുപ്പിനു നാം ഉണരേണ്ടത് ഇങ്ങനെ ഒരു തിരിച്ചറിവിലേക്കും ദൗത്യബോധത്തിലേക്കുമാണ്. നമ്മുടെ അനന്തസാധ്യതകളുടെ യുവശേഷിയെ നല്ല മാതൃകകൾകൊണ്ടും നല്ല വാക്കുകൾകൊണ്ടും സത്യധർമാദികൾകൊണ്ടും ജനാധിപത്യ മൂല്യങ്ങൾകൊണ്ടും നയിക്കാനാകട്ടെ. തെരഞ്ഞെടുപ്പ്, വ്യക്തികളെ എന്നതിനേക്കാൾ നാടിന്റെ സമഗ്ര പുരോഗതിക്കുവേണ്ടി ജീവാർപ്പണം ചെയ്ത മഹത്തുക്കളെ അനുസ്മരിച്ചുകൊണ്ടും അവരുടെ പാത പിന്തുടർന്നുകൊണ്ടുള്ളതുമാകട്ടെ. യുവതയുടെ സംഖ്യാബലവും സർഗശേഷിയും സ്വപ്നങ്ങളും ഗൗരവമായി കണക്കിലെടുത്തുകൊണ്ടുള്ള ഒരു തെരഞ്ഞെടുപ്പാകട്ടെ ഇത്.

# ആലപ്പുഴയിൽ അഭിമാന പോരാട്ടം

ആലപ്പുഴ: 2019-ൽ കേരളത്തിൽ യുഡിഎഫ് തരംഗം ആഞ്ഞടിച്ചപ്പോൾ എൽഡിഎഫിനൊപ്പംനിന്ന ഏക മണ്ഡലമാണ് ആലപ്പുഴ. അന്നത്തെ എ.എം. ആരിഫിന്റെ വിജയത്തെ, കനൽ ഒരു തരി മതിയെന്നായിരുന്നു സിപിഎം വിശേഷിപ്പിച്ചത്. ഈ തെരഞ്ഞെടുപ്പിൽ കനൽ ആളിപ്പടരുമോ കെട്ടടങ്ങുമോ എന്നതാണ് ഏവരും ഉറ്റുനോക്കുന്നത്. എ.എം. ആരിഫിലൂടെ ലഭിച്ച ഈ മണ്ഡലം നിലനിർത്തേണ്ടത് സിപിഎമ്മിന് അനിവാര്യമാണ്. കോൺഗ്രസിനാകട്ടെ, പാർട്ടിയുടെ ദേശീയ ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ മത്സരിക്കുന്ന മണ്ഡലം തിരിച്ചുപിടിക്കുകയും വേണം. ബിജെപി സംസ്ഥാന വൈസ് പ്രസിഡണ്ട് ശോഭ സുരേന്ദ്രൻ എൻഡിഎ സ്ഥാനാർത്ഥി ആയി എത്തിയതോടെ ബിജെപി ക്യാമ്പും ആവേശത്തിലാണ്.



കെ.സി. വേണുഗോപാൽ



എ.എം. ആരിഫ്



ശോഭ സുരേന്ദ്രൻ

ആലപ്പുഴ ജില്ലയിലെ ആറ് നിയമസഭാ മണ്ഡലങ്ങളും കൊല്ലം ജില്ലയിലെ ഒരു നിയമസഭാ മണ്ഡലവും ഉൾപ്പെടെ ഏഴ് നിയമസഭാ മണ്ഡലങ്ങൾ ഉൾപ്പെടുന്നതാണ് ആലപ്പുഴ ലോക്സഭാ മണ്ഡലം. ആലപ്പുഴ ജില്ലയിലെ അരൂർ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട്, കായംകുളം എന്നീ നിയമസഭാ മണ്ഡലങ്ങളും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയമസഭാ മണ്ഡലവുമാണ് ആലപ്പുഴ ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്നത്. നിയമസഭ തെരഞ്ഞെടുപ്പിൽ അരൂർ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, കായംകുളം എന്നീ അഞ്ച് മണ്ഡലങ്ങളിൽ എൽഡിഎഫ് വിജയിച്ചപ്പോൾ ഹരിപ്പാട്, കരുനാഗപ്പള്ളി മണ്ഡലങ്ങൾ യുഡിഎഫിനൊപ്പമാണ്.

തീരദേശപ്രദേശം ഉൾപ്പെടുന്ന മണ്ഡലമായതിനാൽ നിരവധി ജനകീയ പ്രശ്നങ്ങളുണ്ടിവിടെ. നിരവധി ജീവിതപ്രശ്നങ്ങൾ ചർച്ചയാകുന്ന മണ്ഡലം കൂടിയാണ് ആലപ്പുഴ. കരിമണൽ ഖനനം, തീരദേശ ഹൈവേ, ദേശീയ പാത വികസനം, കടൽഭിത്തി നിർമാണം, കയർ മേഖലയിലെ പ്രതിസന്ധികൾ, തുറമുഖങ്ങളുടെയും ഫിഷിംഗ്‌ലാൻഡ് സെന്ററുകളുടെയും വികസനം തുടങ്ങിയവ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാന വിഷയങ്ങളാണ്. ഇതിൽ തോട്ടപ്പള്ളിയിലെ കരിമണൽ ഖനനവും കായംകുളത്ത് ദേശീയപാതയിലെ ഉയരപ്പാത വിഷയവും ശക്തമായ ജനകീയ പ്രതിഷേധത്തിന് ഇടയാക്കിയിരിക്കുന്ന വിഷയങ്ങളാണ്.

വേണുഗോപാലിന്റെ രാജ്യസഭാ എംപിസ്ഥാനം ഉയർത്തിക്കാട്ടിയാണ് സിപിഎമ്മിന്റെ പ്രചാരണം. വേണുഗോപാൽ ജയിച്ചാൽ എംപി സ്ഥാനം രാജിവെക്കേണ്ടിവരുമെന്നും നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ അത് ഗുണകരമാകുക ബിജെപിക്കായിരിക്കുമെന്നുമാണ് സിപിഎം പ്രചാരണം. രാജസ്ഥാനിലെ ഇപ്പോഴത്തെ കക്ഷിനിലയനുസരിച്ച് വേണുഗോപാൽ ഒഴിയുന്ന സീറ്റ് ബിജെപിക്കാണ് ലഭിക്കുകയെന്നും അത് രാജ്യസഭയിൽ ബിജെപിയുടെ അംഗസംഖ്യ ഉയർത്തുമെന്നും സിപിഎം പറയുന്നു. നിലവിൽ രാജ്യസഭയിൽ ബിജെപിക്കു ഭൂരിപക്ഷമില്ല. എന്നാൽ, ലോക്സഭയിൽ കോൺഗ്രസ് അംഗങ്ങളുടെ എണ്ണം കൂട്ടുകയെന്ന ലക്ഷ്യത്തോടെയാണ് തന്റെ മത്സരം എന്നാണ് വേണുഗോപാലിന്റെ മറുപടി.

## മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ വോട്ട് ചെയ്യാം

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പ് ദിവസം ജോലി ചെയ്യുന്ന പിആർഡി അക്രെഡിറ്റേഷനുള്ള മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽവോട്ട് മുഖാന്തരം വോട്ടവകാശം വിനിയോഗിക്കാനാകുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. അവശ്യ സർവീസ് വിഭാഗത്തിൽപ്പെടുന്നവർ പോസ്റ്റൽവോട്ട് ചെയ്യുന്ന രീതിയിൽത്തന്നെയാകും മാധ്യമപ്രവർത്തകർക്കും പോസ്റ്റൽവോട്ട് ചെയ്യാനാകുക. ഇതുസംബന്ധിച്ച് പിആർഡി ഡയറക്ടർക്കു നിർദേശം നൽകിയിട്ടുണ്ട്.

## നീതിന്യായ വ്യവസ്ഥയെ സമ്മർദത്തിലാക്കാൻ ശ്രമം: അഭിഭാഷകർ

ന്യൂഡൽഹി: ഇന്ത്യൻ നീതിന്യായ വ്യവസ്ഥയെ കടുത്ത സമ്മർദത്തിലാക്കാൻ വ്യാപക ശ്രമം നടക്കുന്നുണ്ടെന്നു ചൂണ്ടിക്കാട്ടി സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന് അഭിഭാഷകർ കത്തു നൽകി. കോടതികളുടെ ഐക്യത്തിനും വിശ്വാസ്യതയ്ക്കും അന്തസിനും നേർക്കു കടന്നാക്രമണം നടക്കുകയാണെന്നും കത്തിലുണ്ട്. രാഷ്ട്രീയ താൽപര്യം മുൻനിർത്തി ഒരു വിഭാഗം നീതിന്യായ വ്യവസ്ഥയുടെ അന്തസു കെടുത്താൻ ശ്രമിക്കുകയാണ്. ഇക്കൂട്ടത്തിൽ ചില അഭിഭാഷകരും ഉൾപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയ താൽപര്യം മുൻനിർത്തിയും കോടതികൾക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചു കോടതി നടപടിക്രമങ്ങളെ അട്ടിമറിക്കാനും തീരുമാനങ്ങളിൽ സ്വാധീനം ചെലുത്താനും ഒരുവിഭാഗം ശ്രമിക്കുകയാണ്- കത്തിൽ പറയുന്നു. കത്തിൽ തങ്ങൾ ആരെയാണു ഉദ്ദേശിക്കുന്നതെന്ന് അഭിഭാഷകർ വ്യക്തമാക്കിയിട്ടില്ല.

രാഷ്ട്രീയക്കാർ ഉൾപ്പെട്ട അഴിമതിക്കേസുകളിലാണ് ഇത്തരത്തിൽ സമ്മർദവും സ്വാധീനവുമുണ്ടാകുന്നത്. കോടതിയുടെ അന്തസ് കെടുത്തുന്ന തരത്തിൽ ആസൂത്രിത പ്രചാരണങ്ങൾ നടത്തുന്നു. സമകാലീന കോടതി നടപടികളിൽ ജനങ്ങളുടെ ആത്മവിശ്വാസം കെടുത്തുന്ന രീതിയിൽ ഒരടിസ്ഥാനവുമില്ലാതെയുള്ള പ്രചാരണങ്ങളാണു നടത്തുന്നത്.

ചില അഭിഭാഷകർ പകൽ രാഷ്ട്രീയക്കാർക്കുവേണ്ടി നിലകൊള്ളുകയും രാത്രി മാധ്യമങ്ങളിലൂടെ ന്യായാധിപന്മാരെ സ്വാധീനിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നിയമവാഴ്ച തന്നെയില്ലാത്ത ചില രാജ്യങ്ങളിലേതു പോലുള്ള നിലവാരത്തിലേക്കു പോലും ചിലർ താഴ്ന്നു പ്രവർത്തിക്കുന്നു എന്നും കത്തിൽ കുറ്റപ്പെടുത്തുന്നു. മുതിർന്ന അഭിഭാഷകൻ ഹരീഷ് സാൽവെ, ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ മന്നൻ കുമാർ മിശ്ര, ആദിശ് അഗർവാൾ, ചേതൻ മിത്തൽ, പിങ്കി, ആനന്ദ്, സ്വരൂപമ ചതുർവേദി, ഹിതേഷ് ജയ്ൻ, ഉജ്വല പവാർ എന്നിവർ ഉൾപ്പെടെ അറുന്നൂറിലേറെ അഭിഭാഷകരാണു കത്തിൽ ഒപ്പ് വെച്ചിരിക്കുന്നത്.

## ക്ലിഫ് ഹൗസ് ചുറ്റുമതിൽ നിർമാണം: 34.12 ലക്ഷം ചെലവിട്ടു

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലെ ചുറ്റുമതിലിന്റെ ഒരു ഭാഗവും കാലിത്തൊഴുത്തും നിർമിക്കാൻ 34.12 ലക്ഷം രൂപ ചെലവഴിച്ചെന്നു പൊതുമരാമത്ത് വകുപ്പ്. തൊഴുത്തിനല്ല, തകർന്ന മതിൽ കെട്ടാനാണു തുക അനുവദിച്ചതെന്നായിരുന്നു നേരത്തെ സർക്കാർ വിശദീകരണം. എന്നാൽ തൊഴുത്തിനു കൂടിയാണു തുകയെന്നു കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പൊതുമരാമത്തു വകുപ്പു വെച്ച രേഖ വ്യക്തമാക്കുന്നു. സർക്കാർ അധികാരത്തിൽ വന്നശേഷം ക്ലിഫ് ഹൗസിൽ ആകെ മരാമത്തു വകുപ്പ് 1.85 കോടി രൂപയുടെ നിർമാണ പ്രവർത്തനം നടത്തിയെന്നാണു രേഖയിലുള്ളത്. നീന്തൽക്കുള പരിപാലനത്തിനായി 38.47 ലക്ഷം ചെലവിട്ടു.


MIDWEST
WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS
MATHEW
മത്തായിച്ചൻ
JORGE
MATHEW 630-205-5585 JORGE 630-335-2987
ROOFING & SIDING
We Specialize In Storm Damage Repair
We Work With All Home Insurance
FREE ESTIMATE
COMMERCIAL & RESIDENTIAL
REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!


പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ
മഹത്വചനം
പുസ്തകം ലഭിക്കുന്നതിനായി ബന്ധപ്പെടുക
Paradise Audio Ministries Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA
www.facebook.com/susan.babu.52493
www.paradiseaudioministries.com
USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com
YouTube channel: susan b. john
Paradise
Audio Ministries FL
INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120
YouTube
Watch Many More

# വയനാട് വീണ്ടും ദേശീയശ്രദ്ധയിൽ

കൽപറ്റ: അധിനിവേശത്തിനെതിരെ പോരാടിയ വീരപഴശിയുടെ മണ്ണിൽ ഫാസിസത്തിനെതിരെ ചരിത്ര പോരാട്ടത്തിനു രാഹുൽ ഗാന്ധിയെത്തുമ്പോൾ ചരിത്രനിയോഗത്തിൽ വയനാട്. ഇന്ത്യയെ വിഭജിക്കുന്ന രാഷ്ട്രീയത്തിനെതിരെ ഐക്യത്തിന്റെ സന്ദേശവുമായെത്തുന്ന രാഹുലിനു റിക്കാർഡ് ഭൂരിപക്ഷം നൽകി വിജയിപ്പിക്കുകയെന്ന ദൗത്യത്തിലാണു യുഡിഎഫ്. അധികം അധ്വാനിക്കാതെ തന്നെ രാഹുൽഗാന്ധിയെ വീണ്ടും പാർലമെന്റിൽ എത്തിക്കാമെന്ന ആത്മവിശ്വാസത്തിലാണ് മണ്ഡലത്തിലെ കോൺഗ്രസ് നേതാക്കൾ. ഇതേ വഴിക്കാണ് മുസ്‌ലിം ലീഗ് ഉൾപ്പെടെ ഐക്യമുന്നണിയിലെ മറ്റു കക്ഷികളുടെയും ചിന്ത. 2019-ൽ മഹാഭൂരിപക്ഷമാണ് വയനാട് മണ്ഡലം രാഹുൽ ഗാന്ധിക്കു സമ്മാനിച്ചത്. 4.31 ലക്ഷം വോട്ടായിരുന്നു ഭൂരിപക്ഷം. ഇക്കുറി സിപിഐ ദേശീയ നിർവാഹകസമിതിയംഗവും നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ വിമൻ ജനറൽ സെക്രട്ടറിയുമായ ആനി രാജയെയാണ് രാഹുലിനു നേരിടേണ്ടത്. ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രമുഖ വനിതാ നേതാക്കളിൽ ഒരാളാണ് സിപിഐ ദേശീയ സെക്രട്ടറി ഡി. രാജയുടെ ഭാര്യയായ ആനി രാജ. കണ്ണൂരിലെ ഇരിട്ടിയിൽ കുടുംബവേരു


രാഹുൽ ഗാന്ധി

ള്ള ഇവരെ മുന്നിൽ നിർത്തി എൽഡിഎഫ് ഉശിരൻ പോരാട്ടം നടത്തിയാലും രാഹുലിന്റെ കസേരയ്ക്ക് ഇളക്കം തട്ടില്ലെന്നു യുഡിഎഫ് നേതാക്കൾ കരുതുന്നു. അതേസമയം, കഴിഞ്ഞ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് രാഹുലിന്റെ ഭൂരിപക്ഷത്തിൽ കാര്യമായ കുറവുണ്ടാകുമെന്ന അഭിപ്രായം കോൺഗ്രസ്-ലീഗ് നേതാക്കളിൽ പലർക്കുമുണ്ട്.


ആനി രാജ

ഇന്ത്യ മുന്നണിയുടെ നേതൃനിരയിലുള്ള രാഹുൽ വയനാട്ടിൽ മത്സരിക്കുന്നതിനെ കോൺഗ്രസ് നേതാക്കൾ ന്യായീകരിക്കുന്നുണ്ട്. രാഹുൽ വയനാട്ടിൽ ജനവിധി തേടുന്നതു സംസ്ഥാനത്തുടനീളം യുഡിഎഫിനു ഗുണം ചെയ്യുമെന്ന് അവർ പറയുന്നു. ഫാസിസത്തിനെതിരെ പ്രസംഗിച്ചു നടന്നാൽ മാത്രം മതിയോ, രാഹുൽ ഗാന്ധി പാർ


കെ. സുരേന്ദ്രൻ

ലമെന്റിൽ എത്തുകയും വേണ്ടേ എന്ന ചോദ്യവും യുഡിഎഫിലുള്ളവർ ഉയർത്തുന്നുണ്ട്.

വൈകിയാണെങ്കിലും കരുത്തർക്കെതിരെ പോരാടാൻ ശക്തനായ സ്ഥാനാർത്ഥിയെത്തന്നെയാണു ബിജെപിയും രംഗത്തിറക്കിയിരിക്കുന്നത്. ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രന് വയനാട് അപരിചിതമല്ല. തൊണ്ണൂറുകളിൽ ജ്യേഷ്ഠന്മാരുടെ വയനാട്ടിലുള്ള ബിസിനസ് നോക്കി നടത്തുന്നതിനും പിന്നീട് കാപ്പിത്തോട്ടത്തിൽ മാനേജരായും കുറേക്കാലം അദ്ദേഹം ജില്ലയിലുണ്ടായിരുന്നു. പിന്നീടാണ് ആർഎസ്എസിലും യുവമോർച്ചയിലും സജീവമാകുന്നത്.


രാഹുൽ ഗാന്ധിക്കും ആനി രാജയ്ക്കുമെതിരെ ആരെ ഇറക്കുമെന്ന് ഏറെ ചിന്തിച്ചുതന്നെയാണു ബിജെപി സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചത്. ആദ്യഘട്ടത്തിൽ എ.പി. അബ്ദുള്ളക്കുട്ടി, സി.കെ. ജാനു, സന്ദീപ് വാര്യർ തുടങ്ങിയവരുടെ പേരുകളാണ് സജീവമായുണ്ടായിരുന്നതെങ്കിലും പിന്നീട് കെ. സുരേന്ദ്രനു നറുക്കു വീഴുകയായിരുന്നു. ബിജെപിക്കു വേരോട്ടം കുറവുള്ള വയനാട്ടിൽ വോട്ടുയർത്താൻ പ്രവർത്തകർ നന്നേ വിയർക്കേണ്ടിവരും.

ബിജെപിയെ അധികാരത്തിൽനിന്ന് അകറ്റുന്നതിനു ദേശീയതലത്തിൽ കെട്ടിപ്പൊക്കിയ ഇന്ത്യ മുന്നണിയുടെ മുൻനിരയിലുള്ള രാഹുൽ വയനാട്ടിൽ മത്സരത്തിനു തുനിയില്ലെന്ന അനുമാനത്തിലായിരുന്നു സിപിഐ നേതൃത്വം. രാഹുൽ വയനാട്ടിൽ മത്സരിക്കുന്നത് അനുചിതമാണെന്നു ഈയിടെ സ്ഥാനാർത്ഥി ആനി രാജ തുറന്നടിച്ചു. ഫാസിസത്തിനെതിരായ പോരാട്ടമാണോ വയനാട്ടിലെ മത്സരമാണോ കോൺഗ്രസിനു മുഖ്യമെന്ന ചോദ്യം അവർ തൊടുത്തു.

വോട്ടുനില മെച്ചപ്പെടുത്തുക എന്നതിൽ കവിഞ്ഞ പ്രാധാന്യം വയനാട് മണ്ഡലത്തിലെ മത്സരത്തിനു ബിജെപിയും സഖ്യകക്ഷികളും നൽകുന്നില്ല. എന്നാൽ, വയനാട്ടിൽ രാഹുൽ ഗാന്ധിയും ആനി രാജയും മുഖാമുഖം നിൽക്കുന്നത് എൻഡിഎയെ സംബന്ധിച്ചിടത്തോളം ദേശീയതലത്തിൽ വലിയ പ്രചാരണായുധമാണ്.

ഇന്ത്യ മുന്നണിയുടെ പ്രസക്തിയും ധാർമികതയുമാണ് രാഹുൽഗാന്ധി-ആനി രാജ മത്സരം ചൂണ്ടിക്കാട്ടി എൻഡിഎ തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളിൽ ചോദ്യം ചെയ്യുന്നത്.

## വൈറലായി ആദ്യതെരഞ്ഞെടുപ്പിലെ കുടിൽ ചിഹ്നം


1952 ജനുവരി 16-ന് നടന്ന ആദ്യ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിട്ടൂർ പി. ദാമോദരന്റെയും കുഞ്ഞിരാമൻ കിടാവിന്റെയും തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇറക്കിയ നോട്ടീസ്

കോഴിക്കോട്: എഴുപത്തിരണ്ടു വർഷം മുമ്പ് ഇന്ത്യയിൽ നടന്ന ആദ്യതെരഞ്ഞെടുപ്പിൽ കുടിലിന്റെ ചിഹ്നത്തിലാണ് കിസാൻ മസ്ദൂർ പ്രജാ പാർട്ടി നേതാക്കൾ മത്സരിച്ചത്. 1952 ജനുവരി 16-നാണ് ആദ്യ തെരഞ്ഞെടുപ്പു നടന്നത്. കോഴിക്കോട് ഉൾപ്പെടുന്ന തലശേരി നിയോജകമണ്ഡലത്തിൽനിന്നു നിട്ടൂർ പി. ദാമോദരനായിരുന്നു പ്രജാ പാർട്ടിക്കുവേണ്ടി മത്സരിച്ചത്. അദ്ദേഹം വിജയിച്ച് ലോക്സഭയിൽ എത്തുകയും ചെയ്തു. അക്കാലത്ത് കേരളം മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു.

മികച്ച പാർലമെന്റേറിയൻ, പത്രപ്രവർത്തകൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം ശ്രദ്ധേയനായിരുന്നു നിട്ടൂർ. ഇഎംഎസ് സർക്കാർ 1967-ൽ ഇദ്ദേഹത്തെ പിന്നാക്കവിഭാഗ കമ്മീഷന്റെ ചെയർമാനായി നിയമിച്ചിരുന്നു. പിന്നാക്കവിഭാഗ ക്ഷേമത്തിനുള്ള നിട്ടൂർ കമ്മീഷൻ റിപ്പോർട്ട് എന്നറിയപ്പെടുന്ന അദ്ദേഹം ചെയർമാനായ കമ്മിറ്റി തയാറാക്കിയ റിപ്പോർട്ട് കേരളത്തിൽ ഏറെ രാഷ്ട്രീയ വിവാദത്തിനു വഴിവെച്ചിരുന്നു.

മദിരാശി അസംബ്ലിയിലേക്ക് അന്നു നടന്ന തെരഞ്ഞെടുപ്പിൽ പേരാമ്പ്രയിൽനിന്നു മാറ്റുരച്ചത് പള്ളിയിൽ കുഞ്ഞിരാമൻ കിടാവാണ്. അദ്ദേഹവും വിജയംകണ്ടു. തമിഴ്നാട്ടിലും കേരളത്തിലും എംഎൽഎയായിരുന്നു പള്ളിയിൽ കുഞ്ഞിരാമൻ കിടാവ്. മദ്യവർജനം, ഖാദിപ്രവർത്തനം, ഹരിജനോദ്ധാരണം, സഹകരണം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം 1939-ൽ സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഫോർവേഡ് ബ്ലോക്കിന്റെ ജില്ലാ കമ്മിറ്റി മെംബർ ആയതിനെത്തുടർന്ന് മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേളപ്പജിയുടെ അരുമശിഷ്യനായിരുന്ന കിടാവ് പിന്നീട് അദ്ദേഹത്തോടൊപ്പം കിസാൻ മസ്ദൂർ പ്രജാ പാർട്ടിയിൽ അംഗമായി. സംസ്ഥാന രൂപീകരണത്തിനുശേഷം 1967-ൽ കൊയിലാണ്ടിയിൽനിന്നു കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers



24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded



Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE



George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
☎ 8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"




# ന്യൂസിലൻഡ് കേരളാ പ്രീമിയർ ലീഗിൽ ചരിത്ര വിജയവുമായി കോട്ടയം വാരിയേഴ്സിന് ഹാട്രിക് കിരീടം

ഓക്‌ലാൻഡ്: കിവി പക്ഷികളുടെ നാട്ടിൽ മലയാളികളുടെ ഏറ്റവും വലിയ ക്രിക്കറ്റ് ടൂർണമെന്റായ കേരളാ പ്രീമിയർ ലീഗ് സീസൺ 4-ൽ പുതുചരിതം രചിച്ചുകൊണ്ട് കോട്ടയം വാരിയേഴ്സ് ഹാട്രിക് വിജയം. Ellerslie Cricket Club മൈതാനിയിൽ നടന്ന ഫൈനൽ മത്സരത്തിൽ ആലപ്പുഴ ട്രോജൻസിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഹാട്രിക് കനകകിരീടം വാരിയേഴ്സിന്റെ ചുണക്കുട്ടൻമാർ തട്ടിയെടുത്തത്. ടോസ് നേടി ഫീൽഡിങ് തെരഞ്ഞെടുത്ത കോട്ടയത്തിന്റെ ശരത് മുരളീധരൻ, എബിൻ പി.കെ, സെബു എബ്രഹാം, റെനീഷ് ജോയി, ബീനാഷ് നമ്പ്യാർ എന്നിവരുടെ ഉജ്വല ബൗളിംഗിന് മുൻപിൽ 142 റൺസ് എടുക്കാനേ ആലപ്പുഴയ്ക്ക് സാധിച്ചുള്ളൂ. 143 റൺസ് വിജയലക്ഷ്യവുമായി മറുപടി ബാറ്റിംഗിന് ഇറങ്ങിയ കോട്ടയത്തിന്റെ ക്യാപ്റ്റനായ രഞ്ജിത്ത് രവീന്ദ്രനും ഷെറിൻ തോമസും സ്വപ്നതുല്യമായ തുടക്കമാണ് ടീമിന് നൽകിയത്. ജോസ് ജേക്കബ്, ബീനാഷ് നമ്പ്യാർ എന്നിവരുടെ ഉജ്വല ബാറ്റിംഗ് വിജയവഴി ഒരുക്കിയപ്പോൾ 16-ാം ഓവറിൽ ബിബിൻ അലക്സിന്റെ ഒരു പടുകൂറ്റൻ സിക്സ് പറന്ന് ഉയർന്നപ്പോൾ ന്യൂസിലൻഡ് മണ്ണിലെ ആദ്യ ഹാട്രിക് കിരീടം എന്ന സ്വപ്ന നേട്ടത്തിന് അവിടെ കൂടിയ കാണികൾ സാക്ഷ്യം വഹിച്ചു. രഞ്ജിത്ത് രവീന്ദ്രൻ മുന്നിൽനിന്ന് നയിച്ച കോട്ടയം വാരിയേഴ്സിൽ ബീനാഷ് നമ്പ്യാർ, ഷെറിൻ തോമസ്, റെനീഷ് ജോയി, എബിൻ പി.കെ, ബിബിൻ അലക്സ്, ശരത് മുരളീധരൻ, ജോസ്മോൻ ജേക്കബ്, ആനന്ദ് എൻ.കെ, സെബു എബ്രഹാം, സുബിൻ പോൾ, സജിത്ത് കണ്ണിയോത്ത്, എൽവിൻ ജോഷി, അർജുൻ സുരേന്ദ്ര ബാബു എന്നിവരാണ് മറ്റ് താരങ്ങൾ. കമന്ററിയും പാട്ടും ചെണ്ടമേളവും കരിമരുന്ന് കലാപ്രകടനവും കൊണ്ട് കേരളത്തനിമ വിളിച്ചോതിയ കൃപാ ഫിനാൻഷ്വൽ സൊലൂഷ്യൻസ് കേരളാ പ്രീമിയർ ലീഗ് ഫൈനലിൽ ഷെറിൻ തോമസ് മാൻ ഓഫ് ദി മാച്ച് ആയി തെരഞ്ഞെടുക്കപ്പെട്ടു.

ന്യൂസിലൻഡ് മലയാളി ക്രിക്കറ്റിന് ലോകം മുഴുവൻ പേരും പ്രശസ്തിയും നേടിക്കൊടുത്ത മലയാളികളുടെ അഭിമാനടീമായ കേരളാവാരിയേഴ്സിന്റെ ഓണർമാരായ സബി തൊട്ടിയിൽ, ജോബിറ്റ് കിഴക്കേക്കുറ്റ്, ജിമ്മി പുളിക്കൽ, എബിൻ പഴുക്കായിൽ, ജോബി എറികാട്ട്, ബിജോമോൻ ചേന്നാത്ത് എന്നിവർ തന്നെയാണ് ചാമ്പ്യന്മാരായ കോട്ടയം വാരിയേഴ്സിന്റെയും പ്രവർത്തനങ്ങളിൽ ചുക്കാൻ പിടിക്കുന്നത്.

കൃപാ ഫിനാൻഷ്വൽ സൊലൂഷ്യൻസ് മുഖ്യ സ്പോൺസർമാരായ ടൂർണമെന്റിന് ശ്രീകാന്ത് വിദ്യാധരൻ, അലൻ ജോയി, രഞ്ജിത്ത് രവീന്ദ്രൻ, പി.ടി. സുബ്രഹ്മണ്യൻ (മുൻ കേരളാ ടീം ക്യാപ്റ്റൻ) എന്നിവരാണ് നേതൃത്വം നൽകുന്നത്.

ഓക്‌ലാൻഡ് ക്രിക്കറ്റിന്റെയും ഈഡൻറോഡ്കിൽ ക്രിക്കറ്റ് ക്ലബ്, എല്ലേർസിലി ക്രിക്കറ്റ് ക്ലബ് എന്നിവരുടെ സഹകരണത്തോടെയാണ് ടൂർണമെന്റ് സംഘടിപ്പിക്കപ്പെട്ടത്.

തുടർച്ചയായി മൂന്നുവർഷം (2022, 2023, 2024) വിജയം കൈവരിച്ച കോട്ടയം വാരിയേഴ്സിന്റെ മുഖ്യ സ്പോൺസർമാർ Barfoot & Thompson റിയൽ എസ്റ്റേറ്റ് ശരത് ജോസ്, നോവിനോ മോട്ടോഴ്സ് എന്നിവരാണ്.

മറ്റ് സ്പോൺസർമാർ

വൺ ഗ്രൂപ്പ് ഫൈനാൻസ്, മാജിക് ഫ്രെയിം ഡെക്കർ, സ്മാർട്ട് ലൈഫ് ഫൈനാൻഷ്യൽ സൊലൂഷ്യൻസ്, ഹോംലാൻഡ് ഇൻഡ്യൻ മാർട്ട്, ബിരിയാണി കമ്പനി, വി.ജെ. അസോസ്സിയേറ്റ്സ്, സെഹിയോൻ ട്രാവൽസ്, കൈരളി സൗത്ത് ഇൻഡ്യൻ റെസ്റ്റോറന്റ്, അഷ്വുയേർഡ് ലൈഫ്, അജാക്സ് പ്രിന്റിംഗ്, ഫെദർലാൻഡ് എജ്യുക്കേഷണൽ കൺസൾട്ടൻസി, വാലി ടയേർസ്, സതേൺ സ്പൈസസ് ഹൈദരാബാദി കുസിൻ, ഒ.പി.എം ഇൻഷുറൻസ്, പ്രിസം ഐ വെയർ, അറേഞ്ച്ഡ് മാര്യേജ് റെസ്റ്റോറന്റ്, കോട്ടയം ട്രേഡിംഗ് കമ്പനി, പപ്പടംസ് റെസ്റ്റോറന്റ്, ഹൈഗ്രേഡ് മോട്ടേഴ്സ്, വൈൽഡ്‌ഖെഗർ റം, ഫാസ്റ്റ്‌വേ എക്സ്പ്രസ്സ് മൂവേഴ്സ്.























# എക്സാലോജിക് ഇടപാടുകൾ ഇഡി പരിശോധിക്കും

കൊച്ചി: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ വിജയന്റെ ഐടി സർവീസ് കമ്പനിയായ എക്സാലോജിക്കും കരിമണൽ കമ്പനിയായ സിഎംആർഎൽ അടക്കമുള്ള 12 സ്ഥാപനങ്ങളും തമ്മിൽ നടത്തിയ സാമ്പത്തിക ഇടപാടുകളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) പ്രാഥമികാന്വേഷണം തുടങ്ങി.

ഇതേ കേസിൽ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്എഫ്ഐഒ) നടത്തുന്ന അന്വേഷണത്തിൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നതായുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് ഇഡിയും അന്വേഷണം ആരംഭിച്ചത്.

കമ്പനി നിയമപ്രകാരം 10 ലക്ഷം രൂപയിൽ കൂടുതൽ തുകയ്ക്കുള്ള സാമ്പത്തിക തട്ടിപ്പുകൾ വെളിപ്പെട്ടാൽ 10 വർഷംവരെ ജയിൽശിക്ഷ ലഭിക്കാവുന്ന 447-ാം വകുപ്പ് ചുമത്താവുന്നതാണ്. ഈ വകുപ്പ് കള്ളപ്പണം വെളുപ്പിക്കൽ നിയമപ്രകാരം (പിഎംഎൽഎ) ഇഡിക്കും അന്വേഷണം നടത്താനുള്ള വഴി തുറക്കുന്നതാണ്.

സാധാരണ കമ്പനി കേസുകളിൽ എസ്എഫ്ഐഒ അന്വേഷണം തുടങ്ങിയാൽ അതു സംബന്ധിച്ച് മറ്റ് ഏജൻസികൾ നടത്തുന്ന അന്വേഷണങ്ങൾ നിർത്തിവെക്കണമെന്നാണു ചട്ടം.

എന്നാൽ, പ്രത്യേകിച്ച് ഐടി സേവനങ്ങളൊന്നും നൽകാതെ 12 സ്ഥാപനങ്ങൾ എക്സാലോജിക്കിന്റെ ബാങ്ക് അക്കൗണ്ടിലേക്കു ലക്ഷങ്ങൾ നിക്ഷേപിച്ചതിന്റെ തെളിവുകൾ കണ്ടെത്തിയിരുന്നു. ഈ 12 സ്ഥാപനങ്ങൾക്കും എസ്എഫ്ഐഒ നോട്ടീസ് നൽകി. ഇങ്ങനെ നൽകിയ പണത്തിന്റെ ഉറവിടം വ്യക്തമാക്കാൻ ഈ സ്ഥാപനങ്ങൾക്കോ എന്തിനാണു തുക ബാങ്ക് അക്കൗണ്ട് വഴി കൈപ്പറ്റിയതെന്നു വ്യക്തമാക്കാൻ എക്സാലോജിക് കമ്പനിക്കോ കഴിഞ്ഞില്ല.

ഈ സാഹചര്യത്തിലാണു കേസന്വേഷണത്തിൽ ഇഡിയെ ഉൾപ്പെടുത്താനുള്ള ശിപാർശ എസ്എഫ്ഐഒ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിനു നൽകിയത്. എസ്എഫ്ഐഒ ഡപ്യൂട്ടി ഡയറക്ടർ എം. അരുൺ പ്രസാദിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ഇതുവരെ ശേഖരിച്ച രേഖകളുടെ അടിസ്ഥാനത്തിൽ കേസിൽ 447-ാം വകുപ്പും ഉൾപ്പെടുത്തിയതോടെ അതിനുള്ള സാഹചര്യവും ഒരുങ്ങി. രേഖകളിൽ കൃത്രിമം നടത്തിയതിനുള്ള 448-ാം വകുപ്പും എസ്എഫ്ഐഒ കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



ഇതേ കേസിൽ ആദ്യ അന്വേഷണം നടത്തിയ ബെംഗളൂരുവിലെ രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ റിപ്പോർട്ടിലും ഇഡി അന്വേഷണത്തിനു ശിപാർശ ചെയ്തിരുന്നു.

## കേരളത്തിലെ തെരഞ്ഞെടുപ്പ് ചിത്രം വ്യക്തം

തിരുവനന്തപുരം: കേരളത്തിലെ 20 ലോക്സഭ സീറ്റുകളിലേക്കുള്ള പ്രധാന മുന്നണി സ്ഥാനാർത്ഥികളുടെ ചിത്രം തെളിഞ്ഞു. മിക്ക മണ്ഡലത്തിലും ശക്തമായ ത്രികോണമത്സരത്തിനാണ് അരങ്ങൊരുങ്ങിയിരിക്കുന്നത്. കേരളത്തിലെ വിവിധ മണ്ഡലങ്ങളിൽനിന്നു യുഡിഎഫ്, എൽഡിഎഫ്, എൻഡിഎ മുന്നണി സ്ഥാനാർത്ഥികളായി ജനവിധി തേടുന്നവരുടെ പേരു വിവരം താഴെ.

**തിരുവനന്തപുരം**

യുഡിഎഫ്-ശശി തരൂർ, എൽഡിഎഫ്-പന്ന്യൻ രവീന്ദ്രൻ, എൻഡിഎ-രാജീവ് ചന്ദ്രശേഖർ.

**ആറ്റിങ്ങൽ**

യുഡിഎഫ്- അടൂർ പ്രകാശ്, എൽഡിഎഫ്-വി. ജോയി, എൻഡിഎ-വി. മുരളീധരൻ.

**കൊല്ലം**

യുഡിഎഫ്-എൻ.കെ. പ്രേമചന്ദ്രൻ, എൽഡിഎഫ്-എം. മുകേഷ്, എൻഡിഎ-ജി. കൃഷ്ണകുമാർ.

**പത്തനംതിട്ട**

യുഡിഎഫ്-ആന്റോ ആന്റണി, എൽഡിഎഫ്-തോമസ് ഐസക്ക്, എൻഡിഎ-അനിൽ കെ. ആന്റണി.

**ആലപ്പുഴ**

യുഡിഎഫ്-കെ.സി. വേണുഗോപാൽ, എൽഡിഎഫ് -എ.എം. ആരിഫ്, എൻഡിഎ-ശോഭാ സുരേന്ദ്രൻ.

**മാവേലിക്കര**

യുഡിഎഫ്-കൊടിക്കുന്നിൽ സുരേഷ്, എൽഡിഎഫ്-സി.എ. അരുൺകുമാർ, എൻഡിഎ-ബൈജു കലാശാല.

**കോട്ടയം**

യുഡിഎഫ്-കെ. ഫ്രാൻസിസ് ജോർജ്, എൽഡിഎഫ് -തോമസ് ചാഴികാടൻ, എൻഡിഎ-തുഷാർ വെള്ളാപ്പള്ളി.

**ഇടുക്കി**

യുഡിഎഫ്-ഡീൻ കുര്യാക്കോസ്, എൽഡിഎഫ് -ജോയ്സ് ജോർജ്, എൻഡിഎ-സംഗീത വിശ്വനാഥ്.

**എറണാകുളം**

യുഡിഎഫ്-ഹൈബി ഈഡൻ, എൽഡിഎഫ്-കെ.ജെ. ഷൈൻ, എൻഡിഎ-ഡോ. കെ.എസ്. രാധാകൃഷ്ണൻ.

**ചാലക്കുടി**

യുഡിഎഫ്-ബെന്നി ബെഹനാൻ, എൽഡിഎഫ്-സി. രവീന്ദ്രനാഥ്, എൻഡിഎ-കെ.എം. ഉണ്ണികൃഷ്ണൻ.

**തൃശൂർ**

യുഡിഎഫ്-കെ. മുരളീധരൻ, എൽഡിഎഫ്-വി.എസ്. സുനിൽകുമാർ, എൻഡിഎ-സുരേഷ് ഗോപി.

**ആലത്തൂർ**

യുഡിഎഫ്-രമ്യാ ഹരിദാസ്, എൽഡിഎഫ്-കെ. രാധാകൃഷ്ണൻ, എൻഡിഎ-ടി.എൻ. സരസു.

**മലപ്പുറം**

**യുഡിഎഫ്-ഇ.ടി.** മുഹമ്മദ് ബഷീർ, എൽഡിഎഫ്-വി.എ. വസീഫ്, എൻഡിഎ-ഡോ. അബ്ദുൾ സലാം.

**പൊന്നാനി**

യുഡിഎഫ്-അബ്ദുൾ സമദ് സമദാനി, എൽഡിഎഫ് -കെ.എസ്. ഹംസ, എൻഡിഎ-നിവേദിത സുബ്രഹ്മണ്യൻ.

**കോഴിക്കോട്**

യുഡിഎഫ്-എം.കെ. രാഘവൻ, എൽഡിഎഫ്-എളമരം കരീം, എൻഡിഎ-എം.ടി രമേശ്.

**വടകര**

യുഡിഎഫ്-ഷാഫി പറമ്പിൽ, എൽഡിഎഫ്-കെ.കെ. ശൈലജ, എൻഡിഎ-പ്രഫുൽ കൃഷ്ണൻ.

**കണ്ണൂർ**

യുഡിഎഫ്-കെ. സുധാകരൻ, എൽഡിഎഫ്-എം.വി. ജയരാജൻ, എൻഡിഎ-സി. രഘുനാഥ്.

**പാലക്കാട്**

യുഡിഎഫ്-വി.കെ. ശ്രീകണ്ഠൻ, എൽഡിഎഫ്-എ. വിജയരാഘവൻ, എൻഡിഎ-സി. കൃഷ്ണകുമാർ.

**വയനാട്**

യുഡിഎഫ്-രാഹുൽ ഗാന്ധി, എൽഡിഎഫ്-ആനിരാജ, എൻഡിഎ-കെ. സുരേന്ദ്രൻ.

**കാസർഗോഡ്**

യുഡിഎഫ്-രാജ്മോഹൻ ഉണ്ണിത്താൻ, എൽഡിഎഫ് -എം.വി. ബാലകൃഷ്ണൻ, എൻഡിഎ-എം.എൽ. അശ്വിനി.

## വോട്ടർ പട്ടികയിൽ മൂന്നു ലക്ഷത്തിലധികം യുവ സമ്മതിദായകർ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ വലിയ വർധന. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച 2023 ഒക്ടോബർ 27-ന് ശേഷം 3,11,805 വോട്ടർമാരാണ് പുതുതായി ചേർന്നത്. കരട് വോട്ടർ പട്ടികയിൽ 77,176 യുവ വോട്ടർമാരാണ് ഉണ്ടായിരുന്നത്. ഇത് ജനുവരി 22-ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ 2,88,533 ആയി. കഴിഞ്ഞ 25 വരെയുള്ള കണക്കനുസരിച്ച് 3,88,981 യുവ വോട്ടർമാരാണുള്ളത്. 18-നും 19-നും ഇടയിൽ പ്രായമുള്ള സമ്മതിദായകരാണു യുവവോട്ടർമാരുടെ വിഭാഗത്തിലുള്ളത്.

ഈ ലോക്സഭാ തെരഞ്ഞെടുപ്പിലെ കന്നി വോട്ടർമാർകൂടിയാണ് ഇവർ. ഹ്രസ്വകാലയളവിനുള്ളിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ ഉണ്ടായ ഈ വർധന ശരാശരി അടിസ്ഥാനത്തിൽ ഇന്ത്യയിൽതന്നെ ഒന്നാമതാണ്. ഭിന്നലിംഗക്കാരായ വോട്ടർമാരുടെ എണ്ണം കരട് പട്ടികയിൽ 268 ആയിരുന്നു. അന്തിമ വോട്ടർ പട്ടികയിൽ ഇത് 309 ആയി. ഇന്നുവരെയുള്ള കണക്ക് പ്രകാരം ഭിന്നലിംഗക്കാരായ 338 പേർ പട്ടികയിൽ ഉണ്ട്. ചീഫ് ഇലക്ടറൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായി നടത്തിയ പ്രചാരണ പരിപാടികളും ജില്ലാ ഇലക്ഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാ തലങ്ങളിൽ നടത്തിയ പ്രചാരണവുമാണ് യുവാക്കളുടെ എണ്ണത്തിൽ വർധന ഉണ്ടാക്കിയതെന്നാണു വിലയിരുത്തലെന്നു മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു.

തെരഞ്ഞെടുപ്പു കമ്മീഷന്റെ സിസ്റ്റമാറ്റിക് വോട്ടേഴ്സ് എഡ്യുക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ (സ്വീപ്പ്) പ്രവർത്തനങ്ങളുടെ ഭാഗമായി സോഷ്യൽ മീഡിയ മുഖേനയും കോളജുകൾ, സർവകലാശാലകൾ, പൊതുഇടങ്ങൾ എന്നിവിടങ്ങളിലും വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വോട്ട് വണ്ടി പ്രചാരണ വാഹനം സംസ്ഥാനത്തെ വിവിധ നിയോജക മണ്ഡലങ്ങളിൽ പ്രചാരണം നടത്തി. വോട്ടർ ബോധവത്കരണ പരിപാടികളുടെ ഭാഗമായി ചീഫ് ഇലക്ടറൽ ഓഫീസറുടെയും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാരുടെയും നേതൃത്വത്തിൽ ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക് തുടങ്ങിയ സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിൽ അപ്‌ലോഡ് ചെയ്ത പോസ്റ്റുകൾക്കു വലിയ സ്വീകാര്യതയാണു ലഭിച്ചതെന്നും അദ്ദേഹം പറഞ്ഞു.







# കാശ്മീരിൽ സൈന്യത്തെ പിൻവലിക്കും: അമിത് ഷാ

ന്യൂഡൽഹി: ജമ്മു-കാശ്മിരീൽ സായുധസേനാ പ്രത്യേകാധികാര നിയമം (അഫ്സ്പ) പിൻവലിക്കുന്നതു പരിഗണനയിലാണെന്നു കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വെളിപ്പെടുത്തി. സൈന്യത്തെ പിൻവലിച്ച് ക്രമസമാധാനം കാശ്മീർ പോലീസിനു വിട്ടുകൊടുക്കുമെന്നും വരുന്ന സെപ്റ്റംബറിനു മുൻപ് നിയമസഭാ തെരഞ്ഞെടുപ്പു നടത്തുമെന്നും അദ്ദേഹം ഒരു വാർത്താമാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

നിയമസഭാ തെരഞ്ഞെടുപ്പ് സെപ്റ്റംബറിനു മുൻപു നടത്തണമെന്ന് സുപ്രീം കോടതി നിർദേശിച്ചിരുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ പ്രഖ്യാപനത്തെ മുൻ മുഖ്യമന്ത്രിമാരും രാഷ്ട്രീയ നേതാക്കളും സ്വാഗതം ചെയ്തു. “നേരത്തെ ജമ്മു കാശ്മീർ പോലീസിൽ വിശ്വാസമില്ലായിരുന്നു, എന്നാൽ, ഇന്ന് അവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ 70 ശതമാനം പ്രദേശങ്ങളിലും അഫ്സ്പ നീക്കം ചെയ്തിട്ടുണ്ട്. ജമ്മു കാശ്മീരിലും അതു പിൻവലിക്കണമെന്ന് വിവിധ സംഘടനകളും വ്യക്തികളും ആവശ്യപ്പെട്ടിട്ടുണ്ട്.

ജമ്മു കാശ്മീരിൽ ജനാധിപത്യം ഉറപ്പാക്കുമെന്നത് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വാഗ്ദാനമാണ്. അത് നിറവേറ്റും’ - അമിത് ഷാ പറഞ്ഞു.



കാശ്മീരിൽ പഞ്ചായത്തിലും നഗര തദ്ദേശ സ്ഥാപനങ്ങളിലും ഏർപ്പെടുത്തിയ ഒബിസി സംവരണം താഴെത്തട്ടിലേക്ക് വ്യാപിക്കുന്നുവെന്ന് ഉറപ്പാക്കാൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

നാഷണൽ കോൺഫറൻസ് (എൻസി) നേതാവ് ഫാറൂഖ് അബ്ദുല്ലയും പിഡിപി മേധാവി മെഹബൂബ മുഫ്തിയും സംവരണത്തിൽ പ്രശ്നം സൃഷ്ടിക്കാൻ പരമാവധി ശ്രമിച്ചുവെന്നും എന്നാൽ ജനങ്ങൾക്ക് അവരുടെ ഉദ്ദേശ്യം മനസ്സിലായെന്നും ഷാ പറഞ്ഞു.


അഞ്ച് വർഷത്തിനിടെ കാശ്മീരിൽ ഒരു വ്യാജ ഏറ്റുമുട്ടൽ പോലും നടന്നിട്ടില്ലെന്ന് ഷാ അവകാശപ്പെട്ടു. ‘കാശ്മീരിലെ യുവാക്കളുമായി ചർച്ച നടത്തും. പക്ഷേ, പാക്കിസ്ഥാനിൽ വേരുകളുള്ള സംഘടനകളോടു ചർച്ചയില്ല. ഭീകര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന് 12 സംഘടനകളെ നിരോധിക്കുകയും 36 പേരെ ഭീകരരായി പ്രഖ്യാപിക്കുകയും ചെയ്തു. ഭീകരപ്രവർത്തനത്തിന് ധനസഹായം തടയാൻ 22-ൽ അധികം കേസുകൾ രജിസ്റ്റർ ചെയ്തു. 150 കോടി രൂപയുടെ സ്വത്തുക്കൾ കണ്ടുകെട്ടി’- ഷാ അറിയിച്ചു.

അഫ്സ്പ പിൻവലിക്കുകയും നിയമസഭാ തെരഞ്ഞെടുപ്പു നടത്തുകയും ചെയ്യുമെന്ന കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ പ്രഖ്യാപനത്തെ മെഹബൂബ മുഫ്തി സ്വാഗതം ചെയ്തു. ആദ്യപടിയെന്ന നിലയിൽ, ജയിലിൽ കഴിയുന്ന മാധ്യമപ്രവർത്തകരെയും കാശ്മീരികളെയും മോചിപ്പിക്കണമെന്നും അവർ പറഞ്ഞു.

ലോക്സഭാ തെരഞ്ഞെടുപ്പു കണക്കിലെടുത്താണ് അഫ്സ്പ പിൻവലിക്കുമെന്ന് വാഗ്ദാനം ചെയ്തതെന്ന് ഒമർ അബ്ദുല്ല പറഞ്ഞു.

## 2047-ൽ വികസിതരാജ്യമെന്ന മോഹം വിഡ്ഢിത്തമെന്ന് രഘുറാം രാജൻ

ന്യൂഡൽഹി: ഇന്ത്യ 2047-ൽ വികസിതരാജ്യമാകുമെന്ന പ്രചാരണം തെറ്റും ശുദ്ധ വിഡ്ഢിത്തവുമാണെന്ന് റിസർവ് ബാങ്ക് മുൻ ഗവർണർ രഘുറാം രാജൻ. തൊഴിലുകൾ, വിദ്യാഭ്യാസം, നൈപുണ്യം അടക്കം ഇന്ത്യ നേരിടുന്ന വലിയ വെല്ലുവിളികളും പ്രശ്നങ്ങളും പരിഹരിക്കാതെ സാമ്പത്തിക വളർച്ചയെക്കുറിച്ചുള്ള ‘ഹൈപ്പ്’ വിശ്വസിക്കുന്നത് വലിയ തെറ്റാണെന്ന് അദ്ദേഹം പറഞ്ഞു.



2047-ഓടെ ഇന്ത്യ വികസിത സമ്പദ്‌വ്യവസ്ഥയാകില്ല. അതു നമ്മുടെയെല്ലാം ആഗ്രഹമാണ്. സാമ്പത്തിക വളർച്ചയെക്കുറിച്ചുള്ള ഹൈപ്പിനെ വിശ്വസിക്കുക എന്നതാണു ഇന്ത്യ ചെയ്യുന്ന ഏറ്റവും വലിയ തെറ്റ്. വികസിത രാജ്യമെന്ന ആഗ്രഹം യാഥാർഥ്യമാക്കാൻ ഇനിയും നിരവധി വർഷത്തെ കഠിനാധ്വാനം ചെയ്യാനുണ്ട്. ശക്തമായ സാമ്പത്തികവളർച്ചയിൽ എത്തിക്കഴിഞ്ഞുവെന്ന് ജനങ്ങൾ വിശ്വസിക്കണമെന്ന് രാഷ്ട്രീയക്കാർ ആഗ്രഹിക്കുന്നു. ജനങ്ങൾ വിശ്വസിക്കാൻ ആഗ്രഹിക്കുന്ന കാര്യമാണത്. എന്നാൽ ആ വിശ്വാസത്തിന് ഇന്ത്യ കീഴടങ്ങുന്നത് ഗുരുതരമായ തെറ്റായിരിക്കും.

ഇന്ത്യയിൽ അതിന്റെ സാധ്യതകൾ നിറവേറ്റുന്നതിന് ഘടനാപരമായ വലിയ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. തൊഴിൽശക്തിയായ യുവതലമുറയുടെ വിദ്യാഭ്യാസവും നൈപുണ്യവും മെച്ചപ്പെടുത്തുന്നതാണ് ഏറ്റവും വലിയ വെല്ലുവിളിയെന്നും രഘുറാം മുന്നറിയിപ്പു നൽകി.

കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുകയാണു പ്രധാനം. കോവിഡ് മഹാമാരിക്കുശേഷം പഠനനിലവാരം 2012-ന് മുമ്പുള്ള നിലയിലേക്ക് ഇടിഞ്ഞതായുള്ള പഠനറിപ്പോർട്ടിലെ കണക്കുകൾ ശരിക്കും വിഷമിപ്പിക്കുന്നതാണ്. വിദ്യാഭ്യാസത്തേക്കാൾ ചിപ്പ് നിർമാണത്തിനു പ്രാമുഖ്യം നൽകുന്ന സർക്കാരിന്റെ സമീപനം ശരിയല്ലെന്ന് രഘുറാം പരിഹസിച്ചു.

ഇന്ത്യക്കു വേണ്ടത് പ്രായോഗിക സമീപനമാണ്. ചൈനയിൽനിന്ന് എന്തെങ്കിലും ഇന്ത്യ പഠിക്കുകയാണെങ്കിൽ, അതു പൂച്ച കറുത്തതാണോ വെളുത്തതാണോ എന്നതു പ്രശ്നമല്ല, അത് എലിയെ പിടിക്കുന്നുണ്ടോ എന്നതാണു പ്രധാനം” എന്ന ഡെംഗ് സിയാവോ പിംഗിന്റെ വാക്കുകളാണ് രഘുറാം രാജൻ ചൂണ്ടിക്കാട്ടി.

## തേജസ് മാർക്ക് ഒന്ന്-എ ആദ്യ പറക്കൽ വിജയം

ബെംഗളൂരു: ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് (എച്ച്എ.എൽ) തദ്ദേശീയമായി നിർമിച്ച തേജസ് മാർക്ക് ഒന്ന്-എ യുദ്ധവിമാനത്തിന്റെ ആദ്യപറക്കൽ വിജയം. എച്ച്എഎലിന്റെ ലഘു യുദ്ധവിമാനങ്ങളായ തേജസിന്റെ കൂട്ടത്തിൽ കൂടുതൽ സാങ്കേതിക വൈദഗ്ധ്യത്തോടുകൂടി നിർമിച്ച പുതിയ ഇനമാണിത്.

ഇന്ത്യൻ വ്യോമസേനയുടെ ഭാഗമാക്കാൻ ലക്ഷ്യമിട്ടാണ് നിർമാണം. ബെംഗളൂരുവിലെ എച്ച്എഎൽ കേന്ദ്രത്തിൽ എൽഎ 5033 എയർക്രാഫ്റ്റ് മാർച്ച് 28-ന് നടത്തിയ പരീക്ഷണപ്പറക്കൽ 18 മിനിറ്റ് നീണ്ടു. എച്ച്എഎലിന്റെ വിമാനനിർമാണത്തിലെ നാഴികക്കല്ലായ നേട്ടമാണിതെന്ന് സ്ഥാപനം എക്സിൽ കുറിച്ചു. ഗ്രൂപ്പ് ക്യാപ്റ്റൻ കെ.കെ. വേണുഗോപാലാണ് പരീക്ഷണപ്പറക്കലിൽ വിമാനം നിയന്ത്രിച്ചത്. അത്യാധുനിക ഡിജിറ്റൽ റഡാർ വാണിങ് റിസീവറുകൾ, സുരക്ഷിതത്വം വർധിപ്പിക്കുന്ന പുറംഭാഗത്തുള്ള സെൽഫ് പ്രൊട്ടക്ഷൻ ജാമർ പോഡുകൾ ഉൾപ്പെടെയുള്ള സവിശേഷതകളുമായാണ് തേജസ് മാർക്ക് ഒന്ന്-എ യുദ്ധമുഖത്തേക്കു വരുന്നത്. 83 തേജസ് മാർക്ക് ഒന്ന്-എ എയർക്രാഫ്റ്റുകൾ വ്യോമസേനയ്ക്ക് നിർമിച്ചുനൽകാനാണ് എച്ച്എഎൽ ലക്ഷ്യമിടുന്നത്.

2021-ൽ പ്രതിരോധ വകുപ്പുമായുണ്ടാക്കിയ കരാർ പ്രകാരമാണിത്. 46,898 കോടി രൂപയുടെ കരാറാണിത്. 2028 ഫെബ്രുവരിക്കുള്ളിൽ എയർ ക്രാഫ്റ്റുകൾ കൈമാറാനാണ് ലക്ഷ്യം.

## എല്ലാ വിദ്യാർത്ഥികൾക്കും വോട്ട്; ഇന്ത്യയിൽ ആദ്യജില്ലയായി കണ്ണൂർ

കണ്ണൂർ: അർഹരായ മുഴുവൻ വിദ്യാർത്ഥികളെയും വോട്ടർമാരാക്കിയ ഇന്ത്യയിലെ ആദ്യ ജില്ലയായി കണ്ണൂർ. അസിസ്റ്റന്റ് കളക്ടർ അനൂപ് ഗാർഗ് നോഡൽ ഓഫീസറായ സ്വീപിന്റെ നേതൃത്വത്തിൽ നടത്തിയ കാമ്പയിനിലാണ് ഈ നേട്ടം കൈവരിച്ചത്. ഇതോടെ 11 നിയമസഭ മണ്ഡലങ്ങളിലെ 115 കോളജുകളിൽ നിന്നായി 27,450 വിദ്യാർത്ഥികളെയാണ് വോട്ടർ പട്ടികയിൽ ചേർത്തത്. ജില്ലാ നോഡൽ ഓഫീസറുടെ കീഴിൽ ഓരോ മണ്ഡലത്തിലും പ്രത്യേക നോഡൽ ഓഫീസർമാർ ടീമായാണ് കാമ്പയിൻ ഏകോപിപ്പിച്ചത്.

കല്യാശേരി മണ്ഡലത്തിലെ വിവിധ കോളജുകളിൽനിന്നാണ് കൂടുതൽ വിദ്യാർത്ഥികളെ ചേർത്തത്-8207, പയ്യന്നൂർ-2967, തളിപ്പറമ്പ്-2623, ഇരിക്കൂർ-1767, പേരാവൂർ-2708, മട്ടന്നൂർ-1517, കൂത്തുപറമ്പ്-2266, ധർമടം-1071, തലശേരി-1847, കണ്ണൂർ-2010, അഴീക്കോട്-467 എന്നിങ്ങനെയാണു മറ്റു മണ്ഡലങ്ങളിൽ ചേർത്ത വിദ്യാർത്ഥികളുടെ കണക്ക്. 20 നീണ്ട കാമ്പയിന്റെ ഭാഗമായി 50 പ്രത്യേക ക്യാമ്പുകളും വിവിധ കോളജുകളിൽ നടത്തിയാണ് ഈ നേട്ടം കൈവരിക്കാനായത്.

കാമ്പയിനിന്റെ വിജയത്തിനായി കോളജ് പ്രിൻസിപ്പൽമാരുടെ സഹായവും എൻഎസ്എസ് കേഡറ്റുകളുടെ പിന്തുണയും സ്വീപ്പിനു ലഭിച്ചിരുന്നു. കൂടാതെ വോട്ടർ രജിസ്ട്രേഷൻ സുഗമമാക്കാൻ ജില്ലാതലത്തിൽ ഒരു പ്രത്യേക ഹെൽപ്പ് ലൈൻ നമ്പറും ഇ-മെയിൽ പിന്തുണയും ഉറപ്പാക്കിയിരുന്നു. തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് കൃത്യമായ അറിവില്ലാത്ത വിദ്യാർത്ഥികൾക്കിടയിൽ കൂടുതൽ അവബോധം സൃഷ്ടിക്കാൻ കാമ്പയിനിലൂടെ സാധ്യമായി.



# കേരളത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് പരാജയം: നിർമല സീതാരാമൻ



തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ തോന്നിയതുപോലെയുള്ള ധനവിനിയോഗം മൂലം കേരളം സാമ്പത്തിക പിന്നാക്കാവസ്ഥയിലായെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. കടമെടുത്തു മുടിഞ്ഞ കേരളത്തിന്റെ എല്ലാ ഭാരവും ജനങ്ങളുടെ തോളിലാണെന്നും അവർ പറഞ്ഞു. എൻഡിഎ തിരുവനന്തപുരം പാർലമെന്റ് തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്ര ധനമന്ത്രി.

കടക്കെണിയിലായ ഒരു ജനതയാണ് കേരളത്തിലേത്. ഇത് ജനങ്ങളുടെ കുറ്റമല്ല. മാറിമാറി വന്ന സർക്കാരുകളുടെ കെടുകാര്യസ്ഥതകൊണ്ടു മാത്രമാണ് ഈ സ്ഥിതി വന്നത്. കേരള മോഡൽ എന്നൊക്കെ പറയുമ്പോഴും കേരളത്തിന്റെ വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമീണ നഗര വികസനം തുടങ്ങിയവയെല്ലാം ദേശീയ നിലവാരത്തിനു താഴെയാണ്. മികച്ച മാനവശേഷിയുള്ള യുവസമൂഹമാണ് കേരളത്തിലേത്. എന്നാൽ സംരംഭകത്വത്തിനോ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനോ കേരളത്തിനാകുന്നില്ല. കേരളത്തിലെ യുവസമൂഹത്തിന്റെ അവസ്ഥ സങ്കടകരമാണെന്നും അവർ പറഞ്ഞു. കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ചു പറയുമ്പോൾ കേന്ദ്രം കൊടുക്കാനുള്ളതു കൊടുക്കുന്നില്ലെന്ന് പരാതി പറയും. എന്നാൽ മോദി അധികാരത്തിൽ വന്ന ശേഷം 2024 മാർച്ച് വരെ 1.58 ലക്ഷം കോടി രൂപ നൽകിയിട്ടുണ്ട്. ഫിനാൻസ് കമ്മീഷന്റെ ശിപാർശയില്ലാതെ പലിശരഹിത വായ്പാ ഇനത്തിൽ 2021-ൽ 2224 കോടി രൂപയാണു കൊടുത്തത്. ഒന്നും തരുന്നില്ലെന്നു പറയുന്നത് പെരും നുണയാണെന്നും നിർമല സീതാരാമൻ പറഞ്ഞു. അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് കുത്തഴിഞ്ഞതാണ് ഈ നാട്. കടമെടുത്ത് ശമ്പളവും പെൻഷനും കൊടുക്കേണ്ട സാഹചര്യമാണെന്നും അവർ കൂട്ടിച്ചേർത്തു.

## പട്ടികജാതി സർട്ടിഫിക്കറ്റിന് മാതാപിതാക്കളുടെ മതം ബാധകമാകില്ല: ഹൈക്കോടതി

കൊച്ചി: മാതാപിതാക്കളിലൊരാൾ വ്യത്യസ്ത മതവിഭാഗത്തിൽപ്പെട്ടതാണെന്ന പേരിൽ മിശ്രവിവാഹിതരുടെ മക്കൾക്കു പട്ടികജാതി സർട്ടിഫിക്കറ്റ് നിഷേധിക്കാനാകില്ലെന്നു ഹൈക്കോടതി. ക്രിസ്ത്യൻ വിഭാഗക്കാരനായ ഭർത്താവ് മതംമാറാതെ തുടരുകയാണെന്നു ചൂണ്ടിക്കാട്ടി പാലാ റവന്യൂ ഡിവിഷണൽ ഓഫീസർ തങ്ങളുടെ മകൾക്കു പട്ടികജാതി സർട്ടിഫിക്കറ്റ് നിരസിച്ചത് ചോദ്യംചെയ്ത് പുലയ വിഭാഗത്തിൽപ്പെട്ട കോട്ടയം കുറുപ്പന്തറ സ്വദേശിനി നൽകിയ ഹർജിയിലാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ഉത്തരവ്.

പുലയ വിഭാഗക്കാരിയാണെന്നു മുമ്പ് ലഭിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സമാനമായ സാമൂഹികാവസ്ഥ അനുഭവിച്ചാണ് മകൾ വളർന്നതെന്നു ഹർജിയിൽ പറയുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി സർട്ടിഫിക്കറ്റ് അനുവദിക്കാൻ മാഞ്ഞൂർ വില്ലേജ് ഓഫീസർ ശിപാർശ ചെയ്തെങ്കിലും വൈക്കം തഹസീൽദാർ തള്ളി. തുടർന്ന് കളക്ടർക്കു പരാതി നൽകിയപ്പോൾ നടപടിക്ക് ആർഡിഒയ്ക്ക് അയച്ചു. അപേക്ഷ നിരസിച്ച് ആർഡിഒ അന്തിമ ഉത്തരവിടുകയായിരുന്നു.

പിതാവ് ക്രൈസ്തവ വിഭാഗക്കാരനായതിനാൽ, പട്ടികജാതിക്കാർ അനുഭവിക്കുന്ന ജാതിവിവേചനമടക്കം സാഹചര്യം കുട്ടി അനുഭവിച്ചിരിക്കാനുള്ള സാധ്യത തള്ളിയാണ് ആർഡിഒ അപേക്ഷ നിരസിച്ചത്.

ഹിന്ദുമതത്തിലെ മറ്റേതെങ്കിലും ജാതിക്കാരനുമായല്ല, മറ്റൊരു മതസ്ഥനുമായാണ് വിവാഹമെന്നതിനാൽ മിശ്രജാതി വിവാഹമായി കണക്കാക്കാനാകില്ലെന്നായിരുന്നു ആർഡിഒയുടെ നിലപാട്.

എന്നാൽ, രോഗബാധിതനായി കഴിയുന്ന ഭർത്താവിനു ജോലിക്കു പോകാൻ സാധിക്കാത്തതിനാൽ അതിദരിദ്രമായ അവസ്ഥയിലാണ് കുടുംബം കഴിയുന്നതെന്നു ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

## പെരുമാറ്റച്ചട്ട ലംഘനം; സുരേഷ്ഗോപിയോട് വിശദീകരണം തേടി ജില്ലാ കളക്ടർ

തൃശൂർ: തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ചെന്ന പരാതിയെ തുടർന്ന് തൃശൂരിലെ എൻഡിഎ സ്ഥാനാർത്ഥി സുരേഷ് ഗോപിയിൽ നിന്നും ജില്ലാ കളക്ടർ വിശദീകരണം തേടി. വോട്ട് അഭ്യർത്ഥിച്ചു നല്കുന്ന കുറിപ്പിൽ പ്രിന്റിംഗ് വിവരങ്ങൾ ഇല്ലെന്ന എൽഡിഎഫിന്റെ പരാതിയിലാണ് വിശദീകരണം തേടിയത്. രണ്ടു ദിവസത്തിനകം സുരേഷ് ഗോപി വിശദീകരണം നല്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. സിപിഐ ജില്ലാ സെക്രട്ടറിയും എൽഡിഎഫ് തൃശൂർ പാർലമെന്റ് മണ്ഡലം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ട്രഷററുമായ കെ.കെ. വത്സരാജാണ് പരാതി നല്കിയത്. സ്ഥാനാർത്ഥിയുടെ അഭ്യർത്ഥനയിൽ അവശ്യം വേണ്ട പ്രിന്റിംഗ് ആൻഡ് പബ്ലിഷ്ങ് സംബന്ധിച്ച വിശദാംശങ്ങൾ ഇല്ല എന്നതാണ് പരാതി. ജനപ്രാതിനിധ്യ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരമാണ് പരാതി നല്കിയത്. കെ. മുരളീധരൻ, വി.എസ്. സുനിൽകുമാർ, സുരേഷ് ഗോപി എന്നിവർ മുന്നണി സ്ഥാനാർത്ഥികളായി മത്സരിക്കുന്ന തൃശൂരിൽ ശക്തമായ ത്രികോണ മത്സരമാണ് നടക്കുന്നത്.

## മൂന്നാർ മൗണ്ട് കാർമൽ ദേവാലയത്തെ ബസിലിക്കയായി ഉയർത്തി



കോട്ടയം: വിജയപുരം രൂപതയുടെ കീഴിലുള്ള മൂന്നാർ മൗണ്ട് കാർമൽ ദേവാലയത്തെ മൈനർ ബസിലിക്കയായി ഫ്രാൻസിസ് മാർപാപ്പ ഉയർത്തി. ഇതു സംബന്ധിച്ച് വിളംബരം വിജയപുരം ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെചേരിൽ വിമലഗിരി കത്തീഡ്രലിൽ നടന്ന തൈലാഭിഷേക വിശുദ്ധ കുർബാനയ്ക്കുശേഷം രൂപതയിലെ എല്ലാ വൈദികരുടെയും സന്യസ്തരുടെയും വിശ്വാസികളുടെയും സാന്നിധ്യത്തിൽ നടത്തി. ബസിലിക്കയുടെ പ്രഥമ റെക്ടറായി ഫാ. മൈക്കിൾ വലയിഞ്ചിയിൽ നിയമിതനായി. ബസിലിക്കയുടെ ഔദ്യോഗികമായ പ്രഖ്യാപനവും ആഘോഷങ്ങളും മേയ് 25-ന് ഉച്ചകഴിഞ്ഞ് രണ്ടിന് മൂന്നാറിൽ നടക്കും.

മൂന്നാർ മൗണ്ട് കാർമൽ ദേവാലയം ഹൈറേഞ്ചിലെ ആദ്യത്തെയും കേരളത്തിലെ 12-മത്തെയും ബസിലിക്കയാണ്. ഈ ദേവാലയത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1898-ൽ സ്പാനിഷ് മിഷണറി ഫാ. അൽഫോൺസ് മരിയ ഒസിഡി വരാപ്പുഴയിൽനിന്ന് കാൽനടയായി എത്തി ഒരു താൽകാലിക ഷെഡ് നിർമിച്ചതോടെയാണ്. 1909-ൽ ചെറിയ പള്ളി നിർമിച്ചു. 1938 ഏപ്രിൽ 17-ന് ഇന്നത്തെ ദേവാലയം ആശീർവദിച്ചു.

1943-ൽ ഇടവകയായി ഉയർത്തി. ഹൈറേഞ്ചിലെ ആദ്യ കത്തോലിക്കാ ദേവാലയത്തിന്റെ 125-ാമത് വാർഷിക ആഘോഷങ്ങളുടെ സ്മാരകമായും മിഷണറിമാർ മൂന്നാർ കേന്ദ്രമാക്കി നടത്തിയ സേവനത്തിനുള്ള അംഗീകാരമായുമാണ് ഫ്രാൻസിസ് മാർപാപ്പ ബസിലിക്ക പദവി നൽകിയത്.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# റവ. പി. ചാക്കോയുടെ 'യാഗവും ഉടമ്പടിയും ദൈവികരക്ഷാ പദ്ധതിയിൽ' ഡോ. ഏബ്രഹാം മാർ പൗലോസ് പ്രകാശനം ചെയ്തു

**അലൻ ചെന്നിത്തല**

ഡിട്രോയിറ്റ്: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സീനിയർ വൈദികനായ റവ. പി. ചാക്കോയുടെ 'യാഗവും ഉടമ്പടിയും ദൈവികരക്ഷാ പദ്ധതിയിൽ' എന്ന രണ്ടാമത്തെ പുസ്തകം സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനാദ്ധ്യക്ഷൻ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ ഡിട്രോയിറ്റ് മാർത്തോമ്മാ പള്ളിയിൽ വെച്ച് പ്രകാശനം ചെയ്തു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സഹോദരി മേരി ചെറിയാൻ ആദ്യപതിപ്പ് ഏറ്റുവാങ്ങി. ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവകയുടെ 46-ാമത് ഇടവക ദിനാഘോഷങ്ങളോട് ചേർന്ന് നടന്ന പ്രകാശന ചടങ്ങിൽ റവ. സന്തോഷ് വർഗീസ്, റവ.ഫിലിപ്പ് വർഗീസ് റവ. ജെസ്വിൻ ജോൺ എന്നിവർ ആശംസകൾ നേർന്നു.

ഡോ. ആർ.സി. സ്പ്രോളിന്റെ 'ദി പ്രോമിസ് കീപ്പർ: ഗോഡ് ഓഫ് ദി കവനെന്റ്' എന്ന പുസ്തകത്തിന്റെ വായനാനുഭവത്തിൽ നിന്നും ലഭിച്ച സംഗതമായ ചില ആശയങ്ങളും ഉള്ളിൽ തട്ടിയ ചിന്തകളും വായനക്കാരുമായി പങ്കുവെക്കുകയാണ് ലേഖകൻ തന്റെ രണ്ടാമത്തെ പുസ്തകത്തിലൂടെ. ഉടമ്പടി ദൈവശാസ്ത്രത്തിന്റെ ഭാവുകത്വവും ദർശനവും മുമ്പോട്ടുവെക്കുന്ന കാഴ്ചപ്പാടുകളും മാനസാന്തരത്തിന്റെ ധ്വനികളും റവ. പി. ചാക്കോ ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നു. സകല സൃഷ്ടിയുടെയും രക്ഷയ്ക്കായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ പൂർണ്ണതയാണ് തന്റെ പുത്രനെ ലോകത്തിനു നല്കിയത്. അതിനപ്പുറം ഒരു വാഗ്ദത്തമോ യാഗമോ ഉടമ്പടിയോ സാദ്ധ്യമല്ല എന്ന ആഴമായ ആശയമാണ് ഈ പുസ്തകത്തിൽ സമാഹരിക്കപ്പെടുന്നത്.

കവിയൂർ ചാത്തനാട്ട് കുടുംബാംഗമായ റവ. പി. ചാക്കോ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ ചുമതലയിൽ ഹോസ്കോട്ട്, മലേഷ്യ, സിംഗപ്പൂർ, പാലക്കാട്, ആൻഡമാൻ നിക്കോബാർ എന്നിവിടങ്ങളിൽ മിഷനറിയായും സഭയുടെ വിവിധ ഇടവകകളിൽ വികാരിയായും നാലു പതിറ്റാണ്ടിലധികം ശുശ്രൂഷ നിർവഹിച്ചു. 1995-ൽ സജീവസേവനത്തിൽ നിന്നും വിരമിച്ചശേഷം മിഷിഗണിലെ ഫാർമിങ്ടൺ ഹിൽസിൽ മകൻ ഡോ. സോമൻ ഫിലിപ്പ് ചാക്കോയോടൊപ്പം വിശ്രമജീവിതം നയിക്കുന്നു.

തൊണ്ണൂറുകളിലും വായനയെയും എഴുത്തിനെയും എഴുത്തുകോലിനെയും സ്നേഹിക്കുന്ന റവ. പി. ചാക്കോ 'പ്രവാചക സന്ദേശങ്ങൾ' എന്ന മറ്റൊരു പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.



## കലാമണ്ഡലത്തിൽ മോഹിനിയാട്ടത്തിന് ആൺകുട്ടികൾക്കും പ്രവേശനം

തൃശൂർ: ലിംഗഭേദമന്യേ കേരള കലാമണ്ഡലത്തിൽ വിദ്യാർത്ഥികൾക്കു പ്രവേശനം നൽകുമെന്നു ഭരണസമിതി യോഗത്തിൽ തീരുമാനം. മൂന്നു കോഴ്സുകൾകൂടി ഈ വർഷം ആരംഭിക്കുമെന്നും കഥകളിയിൽ പെൺകുട്ടികൾക്ക് അവസരം നൽകിയതുപോലെ മോഹിനിയാട്ടത്തിലും ആൺകുട്ടികൾക്ക് അവസരം നൽകുമെന്നും ഭരണസമിതി അറിയിച്ചു.

ഭരതനാട്യത്തിലും കുച്ചുപ്പുടിയിലും തിയറ്റർ ആൻഡ് പെർഫോമൻസ് മേക്കിംഗിലുമാണു കോഴ്സുകൾ ആരംഭിക്കുക. കരിക്കുലം കമ്മിറ്റി പാഠ്യപദ്ധതി തീരുമാനിക്കും. മാർച്ച് 27-ന് ഭരണസമിതിയിൽ ഡോ. നീന പ്രസാദ് ഉൾപ്പെടെ നാലു സർക്കാർ നോമിനികൾ ചുമതലയേറ്റിരുന്നു. ഇതിനുപിന്നാലെയാണു ചരിത്രപരമായ തീരുമാനം.

പെരുമാറ്റച്ചട്ടം തടസമായാൽ മാത്രം തീരുമാനം തെരഞ്ഞെടുപ്പിനുശേഷം നടപ്പാക്കുമെന്നും കലാമണ്ഡലം അറിയിച്ചു. നിലവിൽ എട്ടുമുതൽ പിജി കോഴ്സ് വരെ മോഹിനിയാട്ടം പഠിക്കാനുള്ള അവസരം കലാമണ്ഡലത്തിലുണ്ട്.

## മിഷൻലീഗ് ക്നാനായ റീജിയന് പുതിയ നേതൃത്വം

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: കത്തോലിക്കാ സഭയിലെ കുഞ്ഞുമിഷനറിമാരുടെ സംഘടനയായ ചെറുപുഷ്പ മിഷൻ ലീഗിന്റെ അമേരിക്കയിലെ ക്നാനായ റീജിയണൽ ഭാരവാഹികളെ തെരഞ്ഞെടുത്തു. രേഹൻ വില്ലൂത്തറ ലോസാഞ്ചലസ് (പ്രസിഡണ്ട്), ജൂലിയാൻ നടുക്കുഴക്കൽ സാൻ ഹൊസെ (വൈസി പ്രസിഡണ്ട്), സെറീന കണ്ണച്ചാംപറമ്പിൽ ഡിട്രോയിറ്റ് (സെക്രട്ടറി), ഹാനാ ഓട്ടപ്പള്ളി ചിക്കാഗോ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് പുതിയ ഭാരവാഹികൾ. മാർക് പാറ്റിയാലിൽ ന്യൂയോർക്ക്, ജീവാ കട്ടപ്പുറം സാൻ അന്റോണിയോ, ജയ്ഡൻ മങ്ങാട്ട് ഹൂസ്റ്റൺ, ജോർജ് പൂഴിക്കുന്നേൽ റ്റാമ്പാ എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുത്തു.

ക്നാനായ റീജിയണിലെ അഞ്ച് ഫൊറോനയിലെയും ഭാരവാഹികളുടെ മീറ്റിങ്ങിലാണ് റീജിയണൽ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ഫാ. ബിൻസ് ചേത്തലിൽ (ഡയറക്ടർ), ഫാ. ജോബി പൂച്ചുകാട്ടിൽ (അസി. ഡയറക്ടർ), സിസ്റ്റർ സാന്ദ്രാ എസ്.വി.എം (ജോ. ഡയറക്ടർ), സിജോയ് പറപ്പള്ളിൽ (ജനറൽ ഓർഗനൈസർ), സുജ ഇത്തിത്തറ, ഷീബാ താന്നിച്ചുവട്ടിൽ, ജോഫീസ് മെത്താനത്ത്, അനിതാ വില്ലൂത്തറ (ഓർഗനൈസർമാർ) എന്നിവരാണ് മറ്റ് റീജിയണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ.






# കാര്യങ്ങൾ ഏറെയും നമ്മുടെ മനോഭാവങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്

മഞ്ജുളചിന്തകൾ

പാസ്റ്റർ ജോൺസൺ സഖറിയ

ക്ഷീണിതനായ ആ സഞ്ചാരി വഴിവക്കിലെ വൃക്ഷച്ചുവട്ടിൽ അല്പസമയം വിശ്രമിക്കാമെന്ന് തീരുമാനിച്ചു. അല്പസമയത്തിനുള്ളിൽ വഴിവക്കിൽ ആയിരുന്നിട്ടുപോലും ഉറക്കം തന്റെ കൺപോളകളെ ചേർത്തുപിടിച്ചു. നിദ്രയിൽ നിന്നും ഞെട്ടിയുണർന്ന സഞ്ചാരി തന്റെ സമീപത്ത് എന്തൊക്കെയോ കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന ചിലരെക്കണ്ടു. അവരുടെ പണിയായുധങ്ങളുടെ ശബ്ദമാണ് തന്റെ ഉറക്കത്തിന് തടസ്സങ്ങളായത്. അവർ എന്തു ചെയ്യുന്നു എന്നറിയാനുള്ള ജിജ്ഞാസ സഞ്ചാരിയെ അവരുടെ അടുക്കലേക്ക് ആനയിച്ചു. അവരിൽ ഒരുവനോട് താൻ ചോദിച്ചു, സ്നേഹിതാ, നിങ്ങൾ എന്താണിവിടെ ചെയ്യുന്നത്? തന്റെമറുപടി ശ്രദ്ധേയമാണ്. “’ഞാനൊരു നൂറു ഡോളർ ഉണ്ടാക്കുവാനുള്ള തത്രപ്പാടിലാണ്.’. തന്റെ ചോദ്യത്തിനുള്ള മറുപടിയല്ലെങ്കിലും അയാളുടെ മനോഭാവവും ലക്ഷ്യവും സഞ്ചാരിക്ക് മനസ്സിലായി. അടുത്തവന്റെ അടുക്കലെത്തി ചോദ്യം ആവർത്തിച്ചു. തന്റെ മറുപടി കേൾക്കൂ: “നിങ്ങൾ കണ്ടില്ലേ, ഞാനീ പാറകളെ കീറി മുറിക്കുകയാണ്. എന്റെ കഷ്ടപ്പാടുകൾ എന്നു തീരുമോ?” ഇവിടെയും ഉത്തരം കൃത്യമല്ലെങ്കിലും തന്റെ മനോഭാവം കൃത്യമാണ്. മൂന്നാമത് ഒരാളെക്കൂടി സഞ്ചാരി സമീപിച്ചു. ചോദ്യം ആവർത്തിച്ചു. സ്നേഹിതാ താങ്കൾ എന്താണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്? മറുപടി വളരെ കൃത്യമാണ്. “ഞങ്ങൾ ഇവിടെ മനോഹരമായ ഒരു ദേവാലയം നിർമ്മിക്കുവാനുള്ള ബദ്ധപ്പാടിലാണ്.” മൂന്നാമന്റെ ഉത്തരം തന്റെ സംശയങ്ങൾക്കും നിവാരണം വരുത്തുന്നതുമായിരുന്നു.

ഇവർ ഒരേ യജമാനന്റെ മേൽനോട്ടത്തിൽ അദ്ധ്വാനിക്കുന്നവർ തന്നെ. ലക്ഷ്യവും ഒന്നുതന്നെ. എന്നാൽ, മൂവരുടെയും മനോഭാവങ്ങൾ വ്യത്യസ്തമാണ്.



ലേഖകൻ

ഒന്നാമന്റെ ഉള്ളിൽ കടന്നുകൂടിയിരിക്കുന്നത് ദ്രവ്യാശയാണ്. ഏതിനെയും പണത്തിന്റെ മറവിലാണ് പലരും കാണുന്നത്. ‘ജനസേവനം’ ചെയ്യാൻ സത്യപ്രതിജ്ഞ ചെയ്തുകൊണ്ട് കസേര അട്ടിമറിയിൽ കൂടി അടിച്ചുമാറ്റുന്നവരിൽ അനേകരും സേവനം അവിഹിതമായി ധനസമ്പാദനത്തിനുള്ള കുറുക്കു വഴിയായിട്ടല്ലേ കൊണ്ടുനടക്കുന്നത്? അതുകൊണ്ടല്ലേ, ‘ബിനാമികൾ’ എന്ന അവിഹിത സന്തതികൾ പെരുകുന്നത്. ഈ ലോകവും അതിന്റെ മോഹങ്ങളും നശിച്ചുപോകും. എന്ന് വാതോരാതെ പ്രസംഗിക്കുന്ന പ്രഭാഷകപുംഗവൻപോലും സത്യവിരുദ്ധമായി ഗേഹസ്സിയെപ്പോലെ ദ്രവ്യശേഖരണം നടത്തിയനന്തരം പാവത്താനെപ്പോലെ പടഞ്ഞിരുന്നു പാട്ടു പാടുമ്പോൾ താനറിയാതെ നാണയത്തുട്ടുകൾ തന്റെ അടുക്കൽ വന്നുകൊള്ളുമെന്നുള്ളനുഭവം തന്റെ ഉള്ളിലെ ദ്രവ്യാർത്തിക്ക് ‘മിറക്കിൾ ഗ്രോ’ ഇട്ടു കൊടുക്കുകയാണ്.

ചിലരാകട്ടെ അവരനുഭവിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ എന്നും പൊടിപ്പും തൊങ്ങലും വെച്ചുകെട്ടി തോരണങ്ങളെപ്പോലെ വഴിയോരങ്ങളിൽ വലിച്ചു കെട്ടുന്നവരാണ്. അതിനിടയിൽ ഒരിക്കൽപ്പോലും അവർക്കു ലഭിച്ച നന്മകളെക്കുറിച്ചു പറയാറേയില്ല. സമൃദ്ധിയിൽ എത്തിയിട്ടും പണ്ടത്തെ ബുദ്ധിമുട്ടുകൾ ഇന്നും വിറ്റു കാശാക്കുന്ന ‘വേലക്കാർ’ വിരളമല്ല. മനോഭാവത്തിൽ തെല്ലുമേ പവിത്രതയില്ല. അർദ്ധസത്യങ്ങളും അസത്യപെരുമാറ്റങ്ങളും അതിശയോക്തിപരമായ പ്രസ്താവനകളും പെരുകുന്നതിന്റെ പ്രധാന കാരണം മനോഭാവങ്ങളുടെയും മനസ്സാക്ഷികളുടെയും തകരാറല്ലെന്നു ആർക്കു പറയുവാൻ കഴിയും? നമ്മുടെ കഴിഞ്ഞകാലാനുഭവങ്ങളെ ഒരിക്കലും മറക്കരുത്. അന്ന് നമുക്ക് നന്മ ചെയ്തവരെയും മറന്നുകൂടാ. അങ്ങനെയെങ്കിൽ നാം ദൈവത്തെയാണ് മഹത്വപ്പെടുത്തുന്നത്. എങ്ങനെയുണ്ട് നമ്മുടെ മനോഭാവം? എന്താണ് നമ്മുടെ ലക്ഷ്യം?

മൂന്നാമന്റെ വാക്കുകൾ എത്രയോ ശ്രദ്ധേയമാണ്. ഒന്നാമൻ പറഞ്ഞ സാമ്പത്തിക പ്രശ്നങ്ങളും രണ്ടാമന്റെ കഷ്ടപ്പാടും ഈ മനുഷ്യനുമുണ്ട്. എന്നാൽ, തന്റെ മനോഭാവങ്ങളും ഭാവനകളും ലക്ഷ്യങ്ങളും നാളെ പൂർത്തീകരിക്കപ്പെടുന്ന ദേവാലയത്തിന്റെ മനോഹാരിതയെ ഇപ്പോഴേ ദർശിച്ചുകഴിഞ്ഞു. അത് തന്റെ വാക്കുകളിൽപ്പോലും വ്യക്തമാണ്. തന്റെ അടുക്കൽ വരുന്നവരിലും അത് ആശ്വാസമേ വരുത്തുകയുള്ളൂ. ശ്രേഷ്ഠനായ പൗലോസിന്റെ മനോഭാവങ്ങൾ എന്നും അനുകരണീയമാണ്.

തന്റെ വാക്കുകൾ ശ്രദ്ധിക്കൂ: “സകലവിധത്തിലും കഷ്ടം സഹിക്കുന്നവരെങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവരെങ്കിലും നിരാശപ്പെടുന്നില്ല. ഉപദ്രവം അനുഭവിക്കുന്നവരെങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല. വീണുകിടക്കുന്നവരെങ്കിലും നശിച്ചുപോകുന്നില്ല...” എത്രയോ അനുകരണീയമായ മനോഭാവം! കാരണം തന്നിൽ വസിക്കുന്നത് ദൈവസാന്നിദ്ധ്യവും പരിശുദ്ധാത്മ ശക്തിയുമാണ്.

നമ്മുടെ മനോഭാവങ്ങൾ ഉത്കൃഷ്ടമാകണമെങ്കിൽ മനസ്സ് നിർമ്മലമായിരിക്കണം. വികലമായ ചിന്തകളാലുളവാകുന്ന വികാരങ്ങൾ പാപാസക്തിയിലേക്കാണ് നമ്മെ നയിക്കുന്നത്. കാഞ്ഞിരത്തിൽ നിന്നും ഒരിക്കലും മധുരഫലം ലഭ്യമല്ലല്ലോ. അതുപോലെ തന്നെ നാം ദൈവാധിപത്യത്തിലല്ലെങ്കിൽ നമ്മുടെ മനോഭാവങ്ങളൊന്നും നിർമ്മലമോ നേരുള്ളതോ ആയിരിക്കുകയില്ല. ആകയാൽ നമുക്കും പ്രാർത്ഥിക്കാം, ദൈവമേ നിർമ്മലമായ ഒരു ഹൃദയവും ചഞ്ചലരഹിതവുമായ ആത്മാവിനേയും എനിക്കു തരേണമെയെന്ന്.

# ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ സഹോദരി സമ്മേളനം ഏപ്രിൽ 6-ന്

നിബു വെള്ളവന്താനം




ഫ്ളോറിഡ: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ സഹോദരിസമ്മേളനം ഏപ്രിൽ ആറിന് ശനിയാഴ്ച ഈസ്റ്റേൺ സമയം രാവിലെ 10 മണിക്ക് സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെടും. സിസ്റ്റർ ശ്രീലേഖ മാവേലിക്കര മുഖ്യപ്രഭാഷണം നടത്തും. പ്രസിഡണ്ട് സിസ്റ്റർ ബീന മത്തായി അദ്ധ്യക്ഷത വഹിക്കും. ഭാരവാഹികളായ സാലി ഏബ്രഹാം, ബെറ്റ്സി വർഗീസ്, റെയ്ച്ചൽ രാജു എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കും. (Meeting ID: 908 878 1848. Code: 2074.

# ന്യൂയോർക്ക് സെ. തോമസ് എക്യുമെനിക്കൽ ഫെഡറേഷന് നവനേതൃത്വം

ഷാജി തോമസ് ജേക്കബ്

ന്യൂയോർക്ക്: ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാളി ക്രൈസ്തവ കൂട്ടായ്മയായ സെ. തോമസ് എക്യുമെനിക്കൽ ഫെഡറേഷൻ ഓഫ് നോർത്ത് അമേരിക്ക (ST-EFNA)യുടെ വാർഷികയോഗം ന്യൂയോർക്ക് ജൂബിലി മെമ്മോറിയൽ സിഎസ്ഐ പള്ളിയിൽ വെച്ച് നടന്നു. പ്രസ്തുത യോഗം എക്യുമെനിക്കൽ ഫെഡറേഷന്റെ പുതിയ ഭാരവാഹികളായി വിവിധ സഭകളിലെ പ്രതിനിധികളിൽ നിന്നുമായി റവ. സാം എൻ. ജോഷ്വാ (പ്രസിഡണ്ട്), റവ.ഫാ. ജോൺ തോമസ് (ക്ലർജി വൈസ്പ്രസിഡണ്ട്), റോയി സി. തോമസ് (അത്മായ വൈസ് പ്രസിഡണ്ട്), മനോജ് മത്തായി (സെക്രട്ടറി), ഗീവർഗീസ് മാത്യൂസ് (ജോ. സെക്രട്ടറി), ജോൺ താമരവേലിൽ (ട്രഷറർ), ജിനു സാബു (ജോ. ട്രഷറർ) എന്നിവരെയും കമ്മിറ്റികളുടെ കൺവീനർമാരായി ഷേർലി പ്രകാശ് (വിമൻസ് ഫോറം), തോമസ് ജേക്കബ് (പബ്ലിക്കേഷൻ ആൻഡ് പിആർ) എന്നിവരെ തെരഞ്ഞെടുത്തു. എക്യുമെനിക്കൽ ഫെഡറേഷന്റെ പ്രോഗ്രാം കൺവീനർമാരായി ഗീവർഗീസ് മാത്യൂസ്, ജയ് കെ. പോൾ, റോയി സി. തോമസ്, ജോൺ ജേക്കബ്, ജോബി ജോർജ് എന്നിവരെ ചുമതലപ്പെടുത്തി. തോമസ് തടത്തിലിനെ ഓഡിറ്ററായി നിയമിച്ചു.



# 17th Death Anniversary


## 04-06-2024




*Inserted by*
**SORROWING FAMILY**

## In Loving Memory of

31st Death Anniversary




28th Death Anniversary

PULLUKAT, KIDANGOOR, KOTTAYAM

*Inserted by*
**SORROWING FAMILY**


കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

# ആടുജീവിതം: പൃഥ്വിരാജിന്റെ അഭിനയ ജീവിതത്തെ രണ്ടായി പിളർക്കുന്ന നാഴികക്കല്ല്






ലേഖനം



ഷിബു ഗോപാലകൃഷ്ണൻ

പൃഥ്വിരാജിന്റെ ഏറ്റവും വലിയ ശത്രു അത്രമേൽ പരിചിതമായിപ്പോയ അയാളുടെ ശരീരഭാഷയാണ്. ഏത് കഥാപാത്രമാണെങ്കിലും അതിനെയെല്ലാം കവിഞ്ഞ് പൃഥ്വിരാജിന്റെ ശരീരം അയാളായി തന്നെ നിൽക്കും. അതിലെല്ലാം നമുക്ക് പിന്നെയും ശേഷിക്കുന്ന പൃഥ്വിരാജിനെ കണ്ടെത്താനാവും. അവിടെയാണ് ആടുജീവിതം പൃഥ്വിരാജിന്റെ അഭിനയജീവിതത്തെ രണ്ടായി പിളർക്കുന്ന ഒരു നാഴികക്കല്ലായി മാറുന്നത്.

മരുഭൂമിയിൽ എത്തിക്കഴിഞ്ഞാൽ കാണുന്ന നജീബിൽ പൃഥ്വിരാജിന്റെ അംശം കണ്ടെത്താൻ പടച്ചോനുപോലും കഴിയില്ല. റിയർവ്യൂ മിററിൽ നോക്കുമ്പോൾ അയാളെ തിരിച്ചറിയാൻ കഴിയാതെ പോകുന്നത് അയാൾക്കുമാത്രമല്ല അതിനും എത്രയോ മുൻപേ നമ്മളും അങ്ങനെയൊരു ഞെട്ടലിലാണ്. ശരീരത്തിന്റെ അവസാനത്തെ അണുവിൽ നിന്നും പൃഥ്വിരാജ് ഇറങ്ങിപ്പോകുന്നു. പൂർവ്വാശ്രമത്തെ കരുവാറ്റ എന്ന ഗ്രാമത്തിലെ ആറിന്റെ കരയിൽ അഴിച്ചുവച്ചിട്ടാണ് അയാൾ അച്ചാറിന്റെ കുപ്പിയുമായി മരുഭൂമിയിലേക്ക് വണ്ടികയറുന്നത്.

ഒരാളുടെ ജീവിതം എങ്ങനെയാണ് കീഴ്മേൽ മറിയുന്നത് എന്നതിനെ പരിമിതമായ കഥാപാത്രങ്ങളും സംഭാഷണങ്ങളും കൊണ്ട് ഒരു ധ്യാനം പോലെ ബ്ലെസ്സി ആവിഷ്കരിക്കുന്നു. കരുവാറ്റയിലെ നജീബിന്റെ ജീവിതത്തിനു ചുറ്റും വെള്ളമാണ്, അതിന്റെ ധാരാളിത്തമാണ് ഓരോ ഫ്രേമിലും നിറഞ്ഞു തുളുമ്പുന്നത്. അവിടെ നജീബ് കണ്ടെത്താൻ ശ്രമിക്കുന്നത് മണലാണ്. അതിന്റെ നേർവിപരീതത്തിലേക്കുള്ള നജീബിന്റെ എത്തിപ്പെടലിനെ പൃഥ്വിരാജിന്റെ ഒരു കണികപോലും ഇല്ലാതെയാണ് നമ്മൾ കണ്ടുകൺനിറയുന്നത്. മണലിന്റെ ചാവുകടലിനു നടുവിൽ ഒരിറ്റുവെള്ളത്തിനായി ജീവിതംകൊണ്ട് മുങ്ങാംകുഴിയിടുന്ന നജീബ് കരുവാറ്റയിലെ നനഞ്ഞു കുതിർന്ന നജീബിന്റെ വിപരീതപദമാണ്.

പൃഥ്വിരാജിന്റെ ശരീരഭാഷയെ ഒരു കഥാപാത്രം ഇത്രമേൽ വിജയിക്കുന്നത് ആദ്യമായി കാണുകയാണ്. സിനിമ കണ്ടു തുടങ്ങുമ്പോൾ നജീബ് അകപ്പെട്ടതുപോലെ ഒരിക്കലും രക്ഷപെടാനാവാത്ത ഒരു ലോകത്തിലേക്ക് നമ്മളും അകപ്പെട്ടുപോകും. നജീബിന്റെ ഓരോ നോവും നമ്മളിലേക്ക് മുറിഞ്ഞുകയറും.

പെരിയോനെ എന്നൊരു നിലവിളി പ്രാർത്ഥനയായി ഉള്ളിൽ ഉറയും, നിറയും, കവിയും...

# പൃഥ്വിരാജ് ഇനി ബോളിവുഡിൽ വില്ലൻ

അക്ഷയ് കുമാർ, ടൈഗർ ഷെറോഫ് എന്നിവരൊന്നിക്കുന്ന 'ബഡേ മിയാൻ ഛോട്ടേ മിയാൻ' എന്ന ചിത്രത്തിന്റെ പോസ്റ്റർ പുറത്ത്. ചിത്രത്തിൽ പ്രധാന വില്ലൻ കഥാപാത്രത്തെയാണ് പൃഥ്വിരാജ് അവതരിപ്പിക്കുന്നത്. ചിത്രത്തിന്റെ ട്രെയിലറും ഇപ്പോൾ റിലീസായ പോസ്റ്ററും നിഗൂഢമായ ലക്ഷ്യത്തോടെ നിൽക്കുന്ന ഒരു വില്ലനെയാണ് കാണിക്കുന്നത്. 'ബഡേ മിയാൻ ഛോട്ടേ മിയാൻ' എന്ന ആക്ഷൻ സിനിമയിലെ വില്ലന്റെ ഫസ്റ്റ് ലുക്കാണ് ഇപ്പോൾ അണിയറക്കാർ പുറത്തുവിട്ടിരിക്കുന്നത്. ചിത്രം ഏപ്രിൽ 10ന് ഹിന്ദി, തമിഴ്, തെലുങ്ക്, മലയാളം, കന്നഡ ഭാഷകളിൽ തിയറ്ററുകളിലെത്തും.






പൃഥ്വിരാജിന്റെ മലയാളം ആമുഖത്തോടെയാണ് മുൻപ് ഇറങ്ങിയ ടീസർ ആരംഭിച്ചിരുന്നത്. ഇത് ആദ്യമായാണ് അക്ഷയും ടൈഗറും ഒരു സിനിമയിൽ ഒരുമിച്ച് അഭിനയിക്കുന്നത്. ഷാഹിദ് കപൂർ നായകനായ ബ്ലഡി ഡാഡി എന്ന ചിത്രത്തിന് ശേഷം അലി അബ്ബാസ് സഫർ ഒരുക്കുന്ന ചിത്രമാണിത്. മുടി നീട്ടി വളർത്തി ഒരു മാസ്ക് കൊണ്ട് മുഖം മറച്ച രീതിയിലാണ് പൃഥ്വിരാജിനെ വില്ലനായി അവതരിപ്പിക്കുന്നത്.

അയ്യ, ഔറംഗസേബ്, നാം ഷബാന എന്നീ ചിത്രങ്ങൾക്ക് ശേഷം പൃഥ്വിരാജ് അഭിനയിക്കുന്ന ബോളിവുഡ് ചിത്രമാണ് ബഡേ മിയാൻ ഛോട്ടേ മിയാൻ. ഈ പാൻ - ഇന്ത്യൻ സിനിമയിൽ സോനാക്ഷി സിൻഹ, മാനുഷി ചില്ലർ, അലയ എഫ് എന്നിവരാണ് നായികമാർ. രോണിത്ത് റോയ് മറ്റൊരു പ്രധാനകഥാപാത്രത്തെ അവതരിപ്പിക്കുന്നു. അലി അബ്ബാസ് സഫറും ആദിത്യ ബസുവും ചേർന്നാണ് ചിത്രത്തിന് തിരക്കഥ ഒരുക്കിയിരിക്കുന്നത്.

# സാമൂഹികമായ ഏകാന്തത; ഒരു ഗ്ലോബൽ ഹെൽത്ത് ക്രൈസിസ്

ലേഖനം



മനോജ് ജോൺ,
ന്യൂജേഴ്സി

പണം മിക്ക പ്രശ്നങ്ങളും സോൾവ് ചെയ്യും. പക്ഷെ ഒരളവു കഴിഞ്ഞാൽ, ഇനി എത്ര പണം കൂടിയാലും സന്തോഷത്തിനു വ്യത്യാസം ഒന്നും കാണില്ലെന്നാണ്.

പക്ഷെ ആവശ്യത്തിന് സമ്പത്തും, അനേകം ബന്ധുമിത്രാദി ബന്ധങ്ങൾ ഉള്ളവരല്ലേ ശരിക്കും സമ്പന്നർ?

നിങ്ങളുടെ വിജയങ്ങളിൽ കൂടെ സന്തോഷിക്കാൻ ആളുകൾ, വിഷമങ്ങളും പ്രയാസങ്ങളും വരുമ്പോൾ കൂടെ നിൽക്കാൻ ആളുകളുണ്ടെങ്കിൽ, അവരാണ് ഭാഗ്യവാന്മാർ. പണം ഒരളവു കഴിയുമ്പോൾ ബാങ്കിലെ അക്കങ്ങൾ മാത്രമാകും.

ബന്ധുക്കളെ തെരഞ്ഞെടുക്കാൻ കഴിയില്ലല്ലോ. പക്ഷെ ചില ബന്ധുക്കൾ ജീവിതകാലം മുഴുവൻ മനസ്സിനാശ്വാസമായി കാണും. പക്ഷെ കൂട്ടുകാരെ തെരഞ്ഞെടുക്കാം. രാവിലെ മൂന്നു മണിക്ക് ഒരു അത്യാവശ്യം വന്നാൽ ഫോൺ വിളിക്കാൻ തോന്നുന്ന



കൂട്ടുകാർ നിങ്ങൾക്കുണ്ടോ, അവരെ നിങ്ങൾക്ക് കൂട്ടുകാർ എന്ന് വിളിക്കാം.

പരസ്പരം ജഡ്ജ് ചെയ്യാതെ ഇരുന്നു തമാശ പറയാനും ചിരിക്കാനും ഒക്കെയുള്ള സൗഹൃദങ്ങൾ ഉണ്ടെങ്കിൽ ഒരു കാരണവശാലും അത് കളയരുത്.

പക്ഷെ സിച്ചിടുന്നത് പോലെ കൂട്ടുകാരെ തെരഞ്ഞെടുക്കാൻ പറ്റില്ലല്ലോ. നമുക്ക് പറ്റിയ സൗഹൃദങ്ങൾ സമയമെടുത്തു ഉണ്ടാവുന്നതാണ്.

അത് കാത്തു സൂക്ഷിക്കാനും മെനക്കെടണം.

പ്രായം ആകുമ്പോൾ പിള്ളേരൊക്കെ അവരുടെ കാര്യം നോക്കി പോകും. ദിവസവുമൊ, ആഴ്ചകളിലോ സ്ഥിരമായി കാണുന്നത് നിങ്ങൾ കാത്തു സൂക്ഷിക്കുന്ന സുഹൃത് ബന്ധങ്ങൾ ആകും.

കൂട്ടുകാരുമൊത്തു സമയം ചിലവാക്കുന്നതിൽ പൈസയോ സമയമോ നോക്കരുത്. കാലം പോകുന്നതിനനുസരിച്ച് എല്ലാവരും ഒന്നൊന്നായി കൊഴിഞ്ഞു പോകുകയും ചെയ്യും.

പ്രവാസികളുടെ കാര്യത്തിൽ, ഇനിയുള്ള കാലത്തു, ലാസ്റ്റ് കുഴിയിൽ കൊണ്ട് വയ്ക്കാൻ വരുന്നവർ കൂടുതലും സുഹൃത്തുക്കൾ ആയിരിക്കാൻ ആണ് സാധ്യത.

ഏകാന്തത (loneliness) ഒരു എപിഡെമിക് ആയി മാറിക്കഴിഞ്ഞതിനെ പറ്റി യു.എസ് സർജൻ ജനറൽ ഡോക്ടർ വിവേക് മൂർത്തി പറഞ്ഞത് വലിയ വാർത്തയായിരുന്നു. ദിവസം പതിനഞ്ചു സിഗരറ്റ് വലിക്കുന്നത് പോലെ തന്നെ ഹാനികരം ആണെന്നത്! മാനസിക വിഷമത്തിൽ മാത്രം ഒതുങ്ങുന്ന കാര്യമല്ലിത്, ശരിക്കും കൊന്നു കളയും.

ഈയിടെ തന്നെ, സമൂഹവുമായി വളരെ അധികം കണക്റ്റഡ് ആയ കുഞ്ഞാമൻ മരിച്ചത് നമ്മൾ കണ്ടു.

അറുപത്തഞ്ചു വയസ്സ് കഴിഞ്ഞവരിൽ, നാലിലൊന്നു പേരും സാമൂഹികമായി ഏകാന്തത അനുഭവിക്കുന്നവരാണെന്നാണ്. ഇതൊരു ഗ്ലോബൽ ഹെൽത്ത് ക്രൈസിസ് ആയി മാറികഴിഞ്ഞിരിക്കുന്നു എന്നത് പരമ സത്യമാണ്.

# കുട്ട്യോൾടെ അച്ഛൻ



കഥ



രാജീവ് രാധാകൃഷ്ണ
പണിക്കർ

‘ചേച്ച്യേ എന്തായിരുന്നു കറി?‘

‘പരിപ്പ് കറി! കുട്ട്യോൾടെ അച്ഛന് പരിപ്പ് കറി ഭയങ്കര ഇഷ്ടാടി!‘

‘ചേച്ചി ഉടുത്തിരിക്കുന്ന ഈ സാരി അടിപൊളിയാണെട്ടോ! ‘

‘കുട്ട്യോൾടെ അച്ഛന് ഈ നിറം ഭയങ്കര ഇഷ്ടാ !‘

‘അല്ല ചേച്ചി നിങ്ങള് മഞ്ഞുമ്മൽ ബോയ്സ് കണ്ടിരുന്നോ?‘

‘ഞാൻ പറഞ്ഞതാടി പോകാന്ന്. കുട്ട്യോൾടെ അച്ഛന് സിനിമ കാണാനൊന്നും താത്പര്യമില്ലന്നെ!

‘ചേച്ചിക്ക് ഇവടെയിരുന്നു ബോറടിക്കാതിരിക്കാൻ വല്ല ജോലിക്കും പൊയ്ക്കൂടെ!‘

‘ഞാൻ ജോലിക്ക് പോകുന്നത് കുട്ട്യോൾടെ അച്ഛന് ഇഷ്ടല്ലെന്നേ!‘

‘ചേച്ചി ഒരു കാര്യം ചോദിച്ചാൽ ദേഷ്യപ്പെടരുത്, ഇന്നത്തെ ഈ പരിഷ്കൃത ലോകത്തിലും ഭർത്താവിനെ കുട്ട്യോൾടെ അച്ഛൻ എന്നു വിളിക്കണത് നാണക്കേടല്ലേ?’

‘എന്നാ പിന്നേ നീ പറയെടി രമേ എന്നെ ഒരു സിനിമ കാണിച്ചു തരാത്ത, ഇഷ്ടത്തിന് ഒരു കറി വയ്ക്കാൻ സമ്മതിക്കാത്ത, ബിഎഡ് കാരിയായിട്ടും ഒരു ജോലിക്ക് വിടാത്ത ആ കാലമാടനെ പിന്നെ എന്താ ഞാൻ വിളിക്കേണ്ടതെന്ന്?’

# കാത്തിരിക്കാം ഞാൻ

കവിത



മീനു ജോയ്

അടുപ്പ് പുകയുന്നുണ്ട്
കടൽ ഇരമ്പുന്നുമുണ്ട്
ആ കനലും തിരയും
നീയൊരിക്കൽ തലച്ചായ്ച്ചുറങ്ങിയ
ഈ നെഞ്ചിലാണ്.

അന്ന് നീ പിച്ചവച്ച വീഥിയിൽ
ഞാൻ നിനക്ക് കാവൽ മാലാഖയായി
ഇന്ന് നീ തനിയെ നടക്കുമ്പോൾ
വരണ്ടുണങ്ങിയ ഈ ശരീരം
നിനക്കധികഭാരമായ്,
എന്നിൽനിന്നും നിന്നിലേക്കിറ്റുവീണ
വാത്സല്യദുഗ്ദ്ധ തുള്ളികളിന്ന്
കയ്പ്പ്കിനിയുന്ന ഓർമകളാണ്.

നിരാശയുടെ ഈ കൂട്ടിൽനിന്നും
ഒരാശ ഞാൻ തുറക്കട്ടെ,
ആറടിമണ്ണിൽ
ഒരുപിടിയായലിയുംവരെ
ഈ മിഴികൾ തേടുന്നത് നിന്നെമാത്രം
മകനെ... നിന്നെമാത്രം.

# പെറുന്നിടം

കവിത



ജാനി

പേറ്റുനോവിന്റെ ഈറ്റില്ലത്തിൽ
പെറ്റുപോറ്റിയ കുഞ്ഞക്ഷരങ്ങളെ
ഉറ്റുനോക്കിയിരിക്കുന്നവരേറെ
കൈവളർന്നോ
കാൽവളർന്നോന്നറിഞ്ഞിടാനവർ
വെമ്പലോടിരിപ്പൂ
ഒറ്റടിവച്ചടുക്കും
കുരുന്നിനെ
വാരിപുണരാൻ കൊതിച്ചിരിക്കയാണവർ
ഉണ്ണിയെ തൊട്ടു തലോടിടാനായി

തിക്കും തിരക്കും കൂട്ടിടുന്നു ചിലർ
പൊന്നുണ്ണിയെന്തന്നറിഞ്ഞിടാനും
കൗതുകമോടെ ചിലരെത്തിടുന്നു
പേറ്റുനോവറിഞ്ഞമ്മയ്ക്ക്
തന്നുണ്ണി എന്തായാലും
പൊന്നുണ്ണി തന്നെ

# ഫാ. ജോബി ജോസഫ് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയ പുത്തൻപാന യൂട്യൂബിൽ

ചിക്കാഗോ: ചിക്കാഗോ രൂപതയിലെ വൈദികനായ ഫാ. ജോബി ജോസഫ് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയ പുത്തൻപാന യൂട്യൂബിൽ. ശ്രുതി ഉറുമ്പിക്കലിന്റെ സംവിധാനത്തിൽ ഗീതു ഉറുമ്പക്കൽ, അലക്സ് പുളിക്കൽ എന്നിവർ പാടിയ ഗാനാവതരണം ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ടാണ് പ്രകാശനം ചെയ്തത്.



അർണോസ് പാതിരി എന്ന പേരിൽ അറിയപ്പെടുന്ന ജർമൻ മിഷനറി ജൊഹാൻ ഏൺസ്റ്റ് ഹാൻസ്ലെഡിൻ ആണ് 1732-ൽ ഈശോയുടെ



കുരിശുമരണത്തിൽ മാതാവിന്റെ വ്യാകുലപ്രലാപം ഒരു കാവ്യമായി മലയാളത്തിൽ രചിച്ചത്.

കേരളത്തിലെ ക്രൈസ്തവർ വലിയനോമ്പിലെ പീഡാനുഭവാചരണ ദിവസങ്ങളിൽ പരമ്പരാഗതമായി പതിവാക്കിയിരുന്ന പാനവായന, പുതിയ തലമുറയ്ക്ക് അനുഭവവേദ്യമാകുവാനായിട്ടാണ് ജോബി അച്ചൻ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയത്.

ഈ വീഡിയോ ചിക്കാഗോ മാർതോമാശ്ലീഹാ കത്തീഡ്രലിന്റെ യൂട്യൂബ് ചാനലായ Syro Vision Network- ൽ ആണുള്ളത്.

https://youtu.be/CH27zAZbphk?si=bTj30XnRicNf9-CX-

# മലയാളി സംഘടനകളും സൂക്ഷ്മനിരീക്ഷണത്തിലാണ്

**സുരേന്ദ്രൻ നായർ**


മലയാളികളുടെ സംഘബോധവും സഹജീവി സൗഹാർദ്ദവും മലയാളി സാന്നിദ്ധ്യമുള്ള ലോകത്തെവിടെയും പ്രകടമാണ്. കുടിയേറ്റത്തിൽ മുക്കാൽ നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള അമേരിക്കൻ മലയാളികളുടേതായി അനേകം സംഘങ്ങൾ ഇവിടെയും പ്രവർത്തിച്ചുവരുന്നു. സാമൂഹിക, സാംസ്കാരിക കൂട്ടായ്മകളും മത ഭാഷാ തൊഴിലധിഷ്ഠിത സൗഹൃദവേദികളും അതിൽ ഉൾപ്പെടുന്നു. ദേശ ഭാഷാ വ്യത്യാസങ്ങളില്ലാതെ അവർ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും സത്ഗുണ സാമൂഹിക നിർമ്മിതിയും കണക്കിലെടുത്ത് അവയിൽ പലതിനും നികുതിവിമുക്ത പദവി നല്കിയും സംഭാവന തുകയ്ക്ക് നികുതി വിടുതൽ പരിരക്ഷയും നല്കി ഫെഡറൽ സർക്കാരും റവന്യൂ വകുപ്പും പ്രോത്സാഹനവും നല്കിവരുന്നു. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് നല്കുന്ന നികുതിരഹിത പദവി നിലനിർത്താനും ധനസഹായത്തിനുള്ള ഇളവുകൾക്കും കൃത്യമായ മാനദണ്ഡങ്ങൾ അമേരിക്കൻ ഇന്റേണൽ റവന്യൂ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരളത്തിന്റെ അയൽസംസ്ഥാന പ്രവാസികൾ വർഷങ്ങളായി നേതൃത്വം നല്കുന്ന ഒരു ദേശീയ സംഘടന നേരിട്ടുകൊണ്ടിരിക്കുന്ന ഫെഡറൽ അന്വേഷണങ്ങളും നിയമക്കുരുക്കുകളുമാണ് ഇത്തരമൊരു കുറിപ്പിന് കാരണമായത്.

മലയാളികളുടെ സഹോദരസംഘടനാ സ്ഥാനത്തുള്ള അവിടുത്തെ വർഷങ്ങൾക്കു മുൻപുള്ള ചില ഭാരവാഹികൾ നടത്തിയ ചട്ടവിരുദ്ധമായ ധനകൈമാറ്റങ്ങളും കൃത്രിമ രേഖ ചമയ്ക്കലുമാണ് മുഖ്യ അന്വേഷണവിഷയം.

സംഘടനയ്ക്കുള്ളിലെ അധികാര തർക്കങ്ങളാണ് ചിലരുടെ പരാതികളായി അധികാരികളുടെ മുന്നിലെത്തിയതും കഴിഞ്ഞ പത്തുവർഷത്തെ ധനവിനിയോഗം സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കാൻ കാരണമായതും. അമേരിക്കയിലെ ഉൾപ്പോര് നേരിടുന്ന എല്ലാ സംഘടനകൾക്കും ഇതൊരു ഗുണപാഠമാക്കാവുന്നതാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക്



ലേഖകൻ

സംഭാവന നല്കുന്നതിനായി എല്ലാ കോർപറേറ്റ് സ്ഥാപനങ്ങളും ഒരു വിഹിതം മാറ്റിവെക്കുക എന്നത് അവരുടെ പതിവ് രീതിയാണ്. അവിടുത്തെ ഒരു ജീവനക്കാരൻ ഒരു അംഗീകൃത സംഘടനയ്ക്ക് അതേ ആവശ്യത്തിന് ഒരുതുക സംഭാവന നല്കുകയാണെങ്കിൽ അതിനു സമാനമായ തുക സ്ഥാപനത്തിന്റെ ഫണ്ടിൽനിന്നും നല്കുന്ന Matching Grants Program ആണ് ഇവിടെ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ടത്. സ്ഥാപനത്തിന്റെ വിഹിതം ഉറപ്പായി കഴിയുമ്പോൾ ആദ്യ ദാതാവിന് അയാളുടെ പണം മടക്കി നല്കി കമ്പനി പണം അനധികൃതമായി കരസ്ഥമാക്കുക എന്ന കുറ്റമാണ് ഇവിടെ തെളിയിക്കപ്പെട്ടത്.

അങ്ങനെ സമാഹരിച്ച തുക ഇവിടുത്തെ നിയമ പരിധിക്കുള്ളിൽ ചെലവഴിക്കണം എന്ന നിയമം ലംഘിച്ച് ഇന്ത്യയിലേക്ക് അയച്ചു എന്നതാണ് അടുത്ത ഗുരുതരമായ കണ്ടെത്തൽ. അമേരിക്കയോടൊപ്പം ജന്മനാട്ടിലെ സഹോദരങ്ങളുടെ ക്ഷേമവും അഭിലഷണീയമാണെങ്കിലും ഈ രാജ്യം അനുവദിക്കുന്ന സൗജന്യം നിയമവിധേയമായി മാത്രം ഉപയോഗിക്കാൻ സംഘടനകൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഒരു സംഘടന നടത്തിയ കൃത്യവിലോപം മറ്റു സംഘടനകളെക്കൂടി സംശയത്തിന്റെ നിഴലിലാക്കാനുള്ള സാദ്ധ്യതകൾ വർദ്ധിക്കുന്നുണ്ട്. വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ പരിഹരിക്കാനും ധനപരമായ സുതാര്യത എല്ലാ അംഗങ്ങളെയും ബോദ്ധ്യപ്പെടുത്താനുമുള്ള ഒരു അവസരമായി ഇതിനെ മറ്റു സംഘടനകൾ കാണുമെന്നും നമുക്കു പ്രത്യാശിക്കാം.

പല സംഘടനകളും കൃത്യമായ നിയമബോധത്തോടെ ധനവിനിമയങ്ങൾ നടത്തുമ്പോഴും അപവാദങ്ങൾ അനേകമുണ്ട്. മേൽവാർത്ത സംബന്ധമായി സാമൂഹിക മാധ്യമങ്ങളിൽ വന്ന പ്രതികരണങ്ങളിൽ അത് വ്യക്തമാകുന്നുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മറവിലും കൺവൻഷൻ അതിഥികളുടെ വിസ സമ്പാദനത്തിലും കലാ മാമാങ്കങ്ങളുടെ വരവേല്പിലും അനേകം സംശയങ്ങൾ ഇത്തരക്കാർ ബാക്കിവെച്ച് ഇറങ്ങിപ്പോകുന്നു.

അംഗീകൃത നികുതിവിമുക്ത സംഘടനകളുടെ വരവ് ചെലവ് കണക്കുകൾ പൊതുനിരീക്ഷണത്തിനു വിധേയമാണെന്ന വിവരംപോലും ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ അലങ്കരിക്കുന്നവർ അറിയുന്നില്ല. റവന്യൂ അധികാരികൾക്ക് സമർപ്പിക്കുന്നതിനു മുൻപ് വരവിന്റെ ഇനം തിരിച്ചുള്ള രസീതുകളും നടത്തിയ ചെലവിന്റെ ബജറ്റ് വിഹിതവും ഭരണാനുമതിയും സർവ്വോപരി സേവനമോ സാധനമോ നല്കിയ സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ വൗച്ചറുകളും ബന്ധപ്പെട്ട കമ്മിറ്റി അംഗീകരിക്കുകയും എല്ലാ അംഗങ്ങൾക്ക് വേണ്ടി അവർ തെരഞ്ഞെടുത്ത ആഭ്യന്തര ഓഡിറ്റ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപത്രം നല്കേണ്ടതുണ്ട്.

ഒരു പബ്ലിക് അക്കൗണ്ടന്റ് കണക്കുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് നിയമപരമായ അനിവാര്യത. ഇക്കാര്യങ്ങൾ സാമാന്യേന എല്ലാ പേർക്കും അറിവുള്ളതാണെങ്കിലും വർഷങ്ങൾ പഴക്കമുള്ള ഒരു ദേശീയ സംഘടനയിൽ കാലാവധി മുഴുവൻ ധനസമാഹരണം നടത്തി കൺവൻഷനും നടത്തിയ പ്രസിഡണ്ട് ഒരു കണക്കും ഒരു വേദിയിലും അവതരിപ്പിക്കാനോ ഓഡിറ്റ് ചെയ്യാനോ തയ്യാറാകാതെ സ്വന്തം കുടുംബത്തിലെ പബ്ലിക് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തി IRS-ൽ സമർപ്പിച്ച അസാധാരണ സംഭവം സമൂഹമാധ്യമമാണ് മാലോകരെ അറിയിച്ചത്.

മറ്റൊരു മാന്യൻ നടത്തിയതോ, താൻ മുഖ്യകാര്യക്കാരനായ സംഘടനയെത്തന്നെ അടിച്ചുമാറ്റാൻ അടവുകൾ പയറ്റി അഭ്യാസം തെളിയിച്ചു. ദീർഘകാലത്തെ വിശ്വാസമാർജ്ജിച്ച സംഘടനയുടെ പേരും ചിഹ്നവും വെബ്സൈറ്റും മറ്റു ബൗദ്ധിക സ്വത്തുക്കളും തന്റെ സ്ഥാനം ഉപയോഗിച്ച് താൻതന്നെ ചില അനുചരന്മാരോടൊപ്പം രൂപംകൊടുത്ത ഒരു കടലാസ് സംഘടനയ്ക്കായി പേറ്റന്റ് നിയമം ഉപയോഗിച്ച് ട്രേഡ് മാർക്ക് ചെയ്തു സ്വന്തമാക്കാൻ USPTO എന്ന അധികാര സ്ഥാപനത്തിൽ അപേക്ഷ നല്കി കാത്തിരിക്കുകയും അതു മറച്ചുവെച്ച് കാലാവധി മുഴുവൻ കാഴ്ചക്കാരെ ഇരുട്ടത്ത് നിർത്തുകയും ചെയ്തതും അടുത്ത കാലത്തു മാത്രമാണ്.

മഹാദുരന്തങ്ങൾ ഉൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ ജന്മനാടിന്റെ സഹായത്തിനായി ഓടിയെത്തുകയും നിരാലംബരായ അനേകർക്ക് ആശ്വാസം നല്കുകയും പ്രവാസ ഭൂമിയിൽ അഭിമാനത്തോടെ ജീവിക്കാൻ പ്രേരകമാകുകയും ചെയ്യുന്ന നമ്മുടെ കൂട്ടായ്മകളെ വിഷലിപ്തമാക്കാനും നിയമക്കുരുക്കുകളിൽ എത്തിച്ച് ശ്വാസം മുട്ടിക്കാനും ആര് ശ്രമിച്ചാലും അവരെ സാമൂഹികദ്രോഹികളായി ഒറ്റപ്പെടുത്താൻ എല്ലാ സംഘടനാബന്ധുക്കളും തയ്യാറാകുമെന്ന് പ്രത്യാശിക്കാം. എലിയെ പേടിച്ച് ഇല്ലമല്ല എലിയെ തന്നെയാണ് ചുട്ടുകൊല്ലേണ്ടത്.

# നോമ്പിൽ കരുതലായി ക്നാനായ യുവജന കൂട്ടായ്മ



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിലെയും സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെയും യൂത്ത് മിനിസ്ട്രി എക്സിക്യൂട്ടീവ് അംഗങ്ങൾ സംയുക്തമായി ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ പ്രോഗ്രാം സംഘടിപ്പിച്ചു. തിരക്കുപിടിച്ച ജീവിതത്തിലെ രണ്ട് മണിക്കൂർ അർഹരായ കുട്ടികൾക്കുള്ള ഭക്ഷ്യവസ്തുക്കൾ പായ്ക്ക് ചെയ്ത് വിതരണത്തിന് ഒരുക്കി. നോമ്പുകാലത്ത് യുവജനനേതൃത്വം ഒരുക്കിയ കരുതൽ അവരെത്തന്നെ പുത്തൻ കാഴ്ചപ്പാടുകളും അരൂപിയും നിറച്ച് ആത്മീയചൈതന്യം ഉള്ളവരാക്കി മാറ്റാൻ ഉപകരിച്ചു. ഈ കരുതൽ പ്രോഗ്രാമിന് ഫാ. ബിൻസ് ചേത്തലിൽ, ജെൻസൻ ഐക്കരപറമ്പിൽ എന്നിവർ നേതൃത്വം നല്കി.

# സാൻഹൊസെ പള്ളിക്കു അഭിമാന നിമിഷങ്ങൾ



പുൽക്കൂട് മത്സരത്തിൽ സമ്മാന ജേതാക്കളായ സ്റ്റീഫൻ വേലിക്കെട്ടേൽ, ഭാര്യ അനു സ്റ്റീഫൻ, മക്കളായ ഇസബെൽ, ഹെയ്സൽ, കെയ്‌ല എന്നിവരെ ജെമിഅച്ചൻ ആദരിക്കുന്നു.



മിഷൻ ലീഗ് കുട്ടികൾ ഡയറക്ടർമാരായ അനു സ്റ്റീഫനോടും ശീതൾ മരവെട്ടിക്കൂട്ടത്തിലനുമൊപ്പം ജെമിഅച്ചന് തങ്ങൾ സമാഹരിച്ച തുക കൈമാറുന്നു

സാൻഹൊസെ: അമേരിക്കയിലാകമാനം റീജിയണൽ അടിസ്ഥാനത്തിൽ നടന്ന പുൽക്കൂട് മത്സരത്തിൽ സാൻഹൊസെയിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഫൊറോന പള്ളി ഇടവകയിലെ സ്റ്റീഫൻ വേലിക്കെട്ടേലും കുടുംബവും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇടവക വികാരി ഫാദർ ജെമി പുതുശ്ശേരി ഓശാന തിരുകർമ്മങ്ങൾക്കു ശേഷം പള്ളിയിൽവെച്ചു സമ്മാനം നൽകി ആദരിച്ചു.

ഇതോടൊപ്പം തന്നെ മിഷൻ ലീഗിലെ കുട്ടികൾ ഫുഡ് ഫെസ്റ്റിലൂടെ തങ്ങൾ സമാഹരിച്ച തുക പഞ്ചാബിലെ ക്നാനായ മിഷനു ദാനം ചെയ്യുന്നതായി അറിയിച്ചു. മിഷൻ ലീഗ് കുട്ടികളുടെ ഈ പ്രവർത്തനം എല്ലാവർക്കും ഒരു മാതൃകയും പ്രചോദനവും ആകട്ടെ എന്ന് ആശംസിച്ചു. അതോടൊപ്പം തന്നെ കുട്ടികളുടെ ഈ പ്രയത്നത്തിനു എല്ലാവിധ നന്ദിയും പ്രോത്സാഹനവും ജെമിഅച്ചൻ നേർന്നു.

കുരിശുമരണത്തിനുമുമ്പായി കഴുതക്കുട്ടിയുടെ പുറത്തേറി ജറുസലേമിലേക്ക് വന്ന ക്രിസ്തുവിനെ ഒലിവിന്റെ ചില്ലകളേന്തി ആർപ്പുവിളികളോടെ ജനം സ്വീകരിച്ചതിന്റെ അനുസ്മരണമായാണ് ക്രൈസ്തവ ദേവാലയങ്ങളിലെങ്ങും ഓശാനയാചരിക്കുന്നത്. ഈ പ്രത്യേക ദിനം തന്നെ സന്തോഷകരമായ രണ്ടു കാര്യങ്ങൾക്കു സാക്ഷ്യം വഹിക്കാൻ സാധിച്ചതിൽ ദൈവത്തിനു നന്ദി പറയുന്നതിനോടൊപ്പം ഇടവകയെ സംബന്ധിച്ചിടത്തോളം ഇത് ഏറെ പ്രത്യേകമായ ഒരു ഓശാന ദിനമായി ഭവിക്കുകയും ചെയ്തതിൽ ഒരു ഇടവക വികാരി എന്ന നിലയിൽ താൻ ഏറെ അഭിമാനിക്കുന്നു എന്നും ജെമി

**അമോൽ ചെറുകര**

അച്ചൻ കൂട്ടിച്ചേർത്തു. ഇടവകാംഗങ്ങളുടെപേരിൽ അച്ചൻ മത്സര വിജയികളായ സ്റ്റീഫൻ വേലിക്കെട്ടേൽ, ഭാര്യ അനു സ്റ്റീഫൻ, മക്കളായ ഹെയ്സൽ, ഇസബെൽ, കെയില എന്നിവർക്കും മിഷൻ ലീഗിലെ കുട്ടികൾക്കും എല്ലാവിധ ആശംസകളും നേർന്നു.

## 'ദി ഹോപ്പ്' മലയാളം സിനിമയുടെ പ്രദർശനം നടന്നു

**അമോൽ ചെറുകര**

സാൻഹൊസെ: ക്രിസ്തീയ ഫെയ്ത് സിനിമയായ 'ദി ഹോപ്പ്' എന്ന മലയാളം സിനിമയുടെ പ്രദർശനം സാൻഹൊസെയിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഫൊറോന പള്ളിയിൽ നടന്നു.

വിശുദ്ധ ദിനമായ ഓശാന ഞായറാഴ്ച ആയിരുന്നു സിനിമയുടെ പ്രദർശനം. പള്ളിയിലെ ഓശാന കുർബാനയ്ക്കു ശേഷം പള്ളി ഹാളിൽ ആയിരുന്നു സിനിമ പ്രദർശനം.




'ദി ഹോപ്പ്' എന്ന സിനിമയുടെ പ്രദർശനവേളയിൽ

കുരിശുമരണത്തിനുമുമ്പായി കഴുതക്കുട്ടിയുടെ പുറത്തേറി ജറുസലേമിലേക്ക് വന്ന ക്രിസ്തുവിനെ ഒലിവിന്റെ ചില്ലകളേന്തി ആർപ്പുവിളികളോടെ ജനം സ്വീകരിച്ചതിന്റെ അനുസ്മരണമായാണ് ക്രൈസ്തവ ദേവാലയങ്ങളിലെങ്ങും ഓശാനയാചരിക്കുന്നത്.

ഈ പ്രത്യേകദിനത്തിൽ തന്നെ ഈ സിനിമ ഇടവകയിൽ പ്രദർശിപ്പിക്കാൻ സാധിച്ചതിൽ താൻ ഏറെ സന്തോഷിക്കുന്നതായി വികാരി ഫാദർ ജെമി പുതുശ്ശേരി പറഞ്ഞു.

അതോടൊപ്പം ഇതിനായി മുൻകൈ എടുത്ത കൈക്കാരൻ ജോസ് മാമ്പിള്ളിലിനെയും ഇടവക അംഗം ഫ്രാൻസിസ് പറത്തറയെയും അഭിനന്ദിച്ചു. ഈശോയുടെ കഥ പറയുന്ന സാധാരണ സിനിമകളിൽ നിന്നും വ്യത്യസ്തമായ ഒരു ശൈലി ആണ് ഈ സിനിമയുടേത് എന്ന് ഇടവകാംഗങ്ങൾ അഭിപ്രായപ്പെട്ടു.

ജോയ് കല്ലുകാരൻ ആണ് ഈ ചിത്രത്തിന്റെ സംവിധാനം. ജെറി ജോർജ് ആണ് അമേരിക്കയിൽ ഈ സിനിമ വിതരണം ചെയ്യുന്നത്.

താരങ്ങൾ ആയ സിജോയ് വർഗീസ്, ലെന, ശ്രീകാന്ത് മുരളി, പഴയകാല നായകൻ രാഘവൻ, സുനിൽ സുഖദ തുടങ്ങിയവരാണ് അഭിനേതാക്കൾ.

## ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ വാർഷിക ധ്യാനം നടത്തപ്പെട്ടു



ഡിട്രോയിറ്റ്: ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ വാർഷിക ധ്യാനം മാർച്ച് 15, 16, 17 തീയതികളിൽ നടത്തപ്പെട്ടു. ധ്യാനം നയിച്ചത് റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ ആയിരുന്നു.

ഗാനശുശ്രൂഷ-ഷൈജൻ വടക്കൻ.

സൺഡേ സ്കൂൾ കുട്ടികൾക്കായി ധ്യാനം നയിച്ചത് റവ. ഫാ. ആന്റണി

**ജെയിസ് കണ്ണച്ചാൻപറമ്പിൽ**

ജൂലിയസ് OFM CAP, അനിലേഷ് പാനികുളങ്ങര, റ്റിയ ജിജോ എന്നിവരായിരുന്നു.

ഇടവക വികാരി റവ. ഫാ. ജോസഫ് തറയ്ക്കൽ, കൈക്കാരന്മാരായ സെബാസ്റ്റ്യൻ വഞ്ചിത്താനത്ത്, സേവ്യർ തോട്ടം എന്നിവരോടൊപ്പം പാരീഷ് കൗൺസിൽ അംഗങ്ങൾ ധ്യാനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

## ബെൻസൻവിൽ തിരുഹൃദയ ദേവാലയ ലോഗോ പ്രകാശനം ചെയ്തു

ചിക്കാഗോ: പുതിയതായി രൂപീകൃതമായ ചിക്കാഗോ ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ പുതിയ ലോഗോ പ്രകാശനം ചെയ്തു. പ്രകാശനകർമ്മം ബിഷപ് എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത് നിർവഹിച്ചു.

കോട്ടയം അതിരൂപതാ മെത്രാപ്പൊലീത്ത മാർ മാത്യു മൂലക്കാട്ട്, ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയി ആലപ്പാട്ട് എന്നിവർ സന്നിഹിതരായിരുന്നു. 'പുതിയ പള്ളി പുതിയ ലോഗോ' എന്ന ചിന്തയോടെ എല്ലാ പ്രായ വിഭാഗത്തിൽപ്പെട്ടവർക്കായി നടത്തിയ ലോഗോ ഡിസൈനിങ് മത്സരത്തിൽ അനേകം പേർ പങ്കെടുത്തു. ഇതിൽ മനീഷ് ഇല്ലിമൂട്ടിൽ

**ലിൻസ് താന്നിച്ചുവട്ടിൽ**

രൂപപ്പെടുത്തിയ ലോഗോ ആണ് മികച്ചതായി തെരഞ്ഞെടുത്തത്.

കമ്മിറ്റി അംഗങ്ങൾ ആയ ലിൻസ് താന്നിച്ചുവട്ടിൽ, അലൻ കൊറ്റംകൊമ്പിൽ, റ്റീന നെടുവാമ്പുഴ, ജെറി താന്നികുഴുപ്പിൽ, ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, മത്യാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

ഈശോയുടെ തിരുഹൃദയവും ക്നാനായ സമുദായ പാരമ്പര്യങ്ങളും ഒത്തുചേർന്ന് രൂപീകരിച്ച പുതിയ ലോഗോ ഏവരുടെയും പ്രശംസ ഏറ്റുവാങ്ങി.



# ജോർജ്കുട്ടി തോമസ് പുല്ലാപ്പള്ളി ഫോമാ നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നു

**സണ്ണി നടുവിലേക്കുറ്റ്**

ലോസാഞ്ചലസ്: ലോസാഞ്ചലസിലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ നിറസാന്നിദ്ധ്യമായ ജോർജുകുട്ടി തോമസ് (ജോർജുകുട്ടി തോമസ് പുല്ലാപ്പള്ളിൽ) ഫോമയുടെ 2024-26 വർഷത്തെ നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്നു. കേരള അസോസിയേഷൻ ഓഫ് ലോസാഞ്ചലസ് (കല) കമ്മിറ്റി ഐകകണ്‌ഠ്യേന പിന്തുണ പ്രഖ്യാപിച്ച് ജോർജുകുട്ടിയെ എൻഡോഴ്സ് ചെയ്തു. കാൽനൂറ്റാണ്ടായി കല സംഘടനയുടെ വിവിധ കമ്മിറ്റികളിൽ പ്രവർത്തിക്കുകയും നിലവിൽ കമ്മിറ്റി അംഗവുമായ ജോർജുകുട്ടി ഫോമയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായിരിക്കുമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.



ഫോമയിലും വെസ്റ്റേൺ റീജിയനിലും സുപരിചിതനായ ജോർജുകുട്ടി സീറോമലബാർ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ ചെയർമാനാണ്. ഗ്ലോബൽ കാത്തലിക് കോൺഗ്രസ് വൈസ് പ്രസിഡണ്ട്, പത്ത് വർഷത്തോളമായി ചിക്കാഗോ സീറോമലബാർ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, അഞ്ചു വർഷമായി ലോസാഞ്ചലസ് ക്രിസ്ത്യൻ എക്യുമെനിക്കൽ ഫെലോഷിപ് ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിക്കുന്നു.

ഓറഞ്ച് സെ. തോമസ് കാത്തലിക് പള്ളി ട്രസ്റ്റി, പാരിഷ് കൗൺസിൽ അംഗം, വിവിധ ധനശേഖരണ കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ച് തനതായ കഴിവുകൾ തെളിയിച്ചിട്ടുണ്ട്. ഒരുമ, ഐഇഎംഎ എന്നീ സംഘടനകളിൽ അംഗത്വവും ഉണ്ട്. കേരള വിദ്യാർത്ഥി കോൺഗ്രസിലൂടെ കോളജ് രാഷ്ട്രീയത്തിൽ സജീവമായി. യൂണിയൻ സെക്രട്ടറിയും ആയിരുന്നു. കൈസർ പെർമനന്റ് ഹോസ്പിറ്റലിൽ റേഡിയോളജി ടെക് ആയി ജോലി ചെയ്യുന്നു. കുടുംബസമേതം ലോസാഞ്ചലസിലെ സെറിറ്റോസിൽ താമസം. കോട്ടയം ജില്ലയിലെ കുറുപ്പന്തറ സ്വദേശിയാണ്.

അമേരിക്കയിലുടനീളം വലിയ ഒരു സുഹൃദ്ബന്ധത്തിന്റെ ഉടമയായ ജോർജുകുട്ടിയുടെ വിജയത്തിനായി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതായി കല സെക്രട്ടറി സണ്ണി നടുവിലേക്കുറ്റ് അറിയിച്ചു.

# നിങ്ങൾക്ക് സമാധാനം

**ജോർജ് പണിക്കർ**

റോമൻ നുകത്തിന്റെ കീഴിൽ പട്ടാളഭരണവും അതിന്റെ അടിമത്വവും അനുഭവിച്ച്, വേദനയിൽ നീറിക്കഴിഞ്ഞിരുന്ന ഒരു ജനത രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ജെറുസലേമിൽ പാർത്തിരുന്നു. തങ്ങളെ ഈ കരാള ഹസ്തങ്ങളിൽ നിന്നും ആരു രക്ഷിക്കാൻ വരും എന്ന ഒരു സ്വപ്നം കണ്ടു കഴിയുകയായിരുന്നു അവർ. നീതിയേയും ന്യായത്തേയും തടവറകളിൽ തളച്ചിട്ടിരുന്ന കാലം.

തങ്ങളുടെ സ്വപ്നസാക്ഷാത്കാരം യേശുവിലൂടെ പൂർത്തീകരിക്കാമെന്ന ചിന്താധാരയിൽ യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരെ അയച്ച് യേശുവിനോട് ചോദിക്കുകയാണ്- "വരുവാനുള്ളവൻ നീയോ, അതോ ഞങ്ങൾ മറ്റൊരുവനു വേണ്ടി കാത്തിരിക്കണമോ" എന്ന്. എന്നാൽ, ഒരു രാഷ്ട്രീയ വിമോചകനായിട്ടായിരുന്നില്ല ദൈവപുത്രൻ ഈ ഭൂമിയിൽ ജാതം ചെയ്തത് എന്ന് അവർ അറിഞ്ഞിരുന്നില്ല. ഈ വിമോചകൻ ജനത്തെ അവരുടെ പാപത്തെപ്പറ്റി ഉദ്ബോധിപ്പിച്ച് അതിൽനിന്നും മോചിതരാക്കി. അവരുടെ രോഗങ്ങളിൽനിന്നും അവർക്ക് സൗഖ്യം നല്കി. അവൻ ദരിദ്രരെ നല്ല വർത്തമാനം അറിയിച്ചു. അവർക്ക് ഭക്ഷണവും ആത്മീയജ്ഞാനവും നല്കി പഠിപ്പിച്ചു, പരിപോഷിപ്പിച്ചു. അവരുടെ തെറ്റുകളിൽ നിന്നും മാറിനടക്കാൻ അവരെ ഉപദേശിച്ചു. അധികാരികളോട് അവൻ ആക്രോശിച്ചു, അനീതിയെ അപലപിച്ചു. ആയതിനാൽ അവരാൽ കുറ്റാരോപിതനായി അവർ അവനെ ശിക്ഷയ്ക്ക് വിധിച്ചു. അതികൂരമായ ശിക്ഷ. മണിക്കൂറുകൾ നീണ്ട പീഡനങ്ങളും കുരിശിൽ ഇരുമ്പാണികളാൽ ശരീരം ചേർത്തുവെച്ച് അടിച്ചു തറച്ചപ്പോൾ, രക്തം



നന്മകൾ മാത്രം ചെയ്തവൻ, സ്നേഹിക്കാൻ പഠിപ്പിച്ചവൻ, തന്നെ ഉപദ്രവിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചവൻ, പാപത്തിൽനിന്ന് മാറി നടന്നവൻ, ചിന്തിയൊഴുകി, അതിവേദനയാൽ പുളഞ്ഞുകൊണ്ട് "ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ" എന്നു അദ്ദേഹം തന്റെ പിതാവിനോട് പ്രാർത്ഥിച്ചു.

ൻ, ഗോൽഗുത്തായിൽ വെച്ച് തന്റെ പ്രാണനെ പിതാവിന് ഏല്പിച്ചു.

എന്നാൽ, സത്യത്തെ കുഴിച്ചുമൂടാൻ സാധിക്കില്ല എന്നു ലോകത്തെ അറിയിച്ചുകൊണ്ട് മൂന്നാം ദിവസം തന്റെ അനുയായികൾക്കും ശിഷ്യഗണങ്ങൾക്കും അവൻ പ്രത്യക്ഷനായി അവരോട് പറഞ്ഞു: "നിങ്ങൾക്ക് സമാധാനം."

ലോകജനതയ്ക്ക് പ്രത്യാശയും ജനഹൃദയങ്ങൾക്ക് ശാന്തതയും സമാധാനവും നല്കുന്നതാണ് ഈ ഉയിർപ്പ്. മനുഷ്യൻ തന്റെ സ്വാർത്ഥതയിൽ നിന്ന് കാരുണ്യത്തിലേക്കും അനുകമ്പയിലേക്കും ഔദാര്യത്തിലേക്കും മാറുമ്പോൾ മാത്രമേ ലോകത്തിൽ നന്മയുടെ ചൈതന്യം നിലനിർത്താനാവു എന്ന് ഈ ഉയിർപ്പിലൂടെ നമുക്ക് പാഠമാകണം. ഉയിർപ്പിന്റെ തേജസ് ലഭിച്ച ശിഷ്യന്മാർ ആ ആത്മചൈതന്യത്തിലൂടെ ജീവിതം നയിച്ച് ലോകം മുഴുവൻ ഗുരുവിന്റെ സന്ദേശം പകർന്നു നല്കി. യേശുക്രിസ്തുവിന്റെ സമാധാനമാർഗ്ഗമാണ് കരണീയമായിട്ടുള്ളത് എന്ന് ലോകരാഷ്ട്ര നേതാക്കൾ മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു. നിങ്ങൾക്ക് സമാധാനം!

# ഫൊക്കാന കൺവൻഷൻ മിഡ്‌വെസ്റ്റ് റീജിയൻ കിക്കോഫ് ചിക്കാഗോയിൽ

ചിക്കാഗോ: ജൂലൈ 17, 18, 19 തീയതികളിൽ വാഷിങ്ടൺ ഡിസിയിൽ വെച്ച് നടക്കുന്ന ഫൊക്കാന നാഷണൽ കൺവൻഷന്റെ ഭാഗമായി മിഡ്‌വെസ്റ്റ് റീജിയൻ ചിക്കാഗോയിൽ ഏപ്രിൽ 12-ന് 7 മണിക്ക് മോർട്ടൻഗ്രോവിലുള്ള സെ. മേരീസ് ക്നാനായ പള്ളി ഹാളിൽവെച്ച് കിക്കോഫ് സംഘടിപ്പിച്ചിരിക്കുന്നു. അമേരിക്കൻ മലയാളി സമൂഹത്തിൽ നാല് പതിറ്റാണ്ടിലേറെക്കാലത്തെ ചരിത്രവും സേവന പാരമ്പര്യവുമുള്ള ഫൊക്കാനാ ലോകമെമ്പാടും അറിയപ്പെടുന്ന അമേരിക്കൻ മലയാളികളുടെ ഏറ്റവും പ്രബലമായ സംഘടനയാണ്. ഒട്ടനവധി കാരുണ്യ പ്രവർത്തനങ്ങൾ ഫൊക്കാന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിനും സാമൂഹിക നന്മയ്ക്കും വേണ്ടി ഫൊക്കാന ചെയ്യുന്ന പ്രവൃത്തികൾ കേരളത്തിൽ ഫൊക്കാനയുടെ യശസ്സ് വർദ്ധിപ്പിക്കുന്നു. ഫൊക്കാനയുടെ ചരിത്രത്തിൽ ഇന്നുവരെയും നടന്നിട്ടില്ലാത്ത അത്യുജ്വല കൺവൻഷനായിരിക്കും വാഷിങ്ടൺ ഡിസിയിലേതെന്ന് നാഷണൽ കമ്മിറ്റി ഭാരവാഹികൾ പറഞ്ഞു.


ഫൊക്കാന മിഡ്‌വെസ്റ്റ് റീജിയൻ വൈസ് പ്രസിഡണ്ട് ഫ്രാൻസിസ് കിഴക്കേക്കുറ്റ് അദ്ധ്യക്ഷത വഹിക്കുന്ന കിക്കോഫ് മീറ്റിംഗ് നാഷണൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ ഉദ്ഘാടനം ചെയ്യുന്നതാണ്.

കിക്കോഫിന്റെ വിജയകരമായ നടത്തിപ്പിനു ഫൊക്കാന നേതാക്കളായ ജെയ്ബു കുളങ്ങര, സിറിയക് കൂവക്കാട്ടിൽ, ടോമി അംബേനാട്ട്, ലെജി പട്ടരുമഠം, സന്തോഷ് നായർ, പ്രവീൺ തോമസ്, ജോർജ് പണിക്കർ, ബ്രിജിറ്റ് ജോർജ്, അനിൽകുമാർ പിള്ള, സതീശൻ നായർ, വിജി എസ്. നായർ, ഷൈബു കിഴക്കേക്കുറ്റ്, മത്തിയാസ് പുല്ലാപ്പള്ളിൽ, ലീല ജോസഫ്, സൂസൻ ചാക്കോ, മോൻസി ചാക്കോ, സൈമൺ പള്ളിക്കുന്നേൽ, ബൈജു കണ്ടത്തിൽ, ജിബിറ്റ് കിഴക്കേക്കുറ്റ് തുടങ്ങിയവർ നേതൃത്വം നല്കുന്നു.

എല്ലാ ഫൊക്കാന നേതാക്കളെയും പ്രവർത്തകരെയും അനുഭാവികളെയും കിക്കോഫ് കൺവൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു.

# സി. രാധാകൃഷ്ണൻ കേന്ദ്ര സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം രാജിവെച്ചു

കൊച്ചി: പ്രമുഖ സാഹിത്യകാരൻ സി. രാധാകൃഷ്ണൻ കേന്ദ്ര സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം രാജിവെച്ചു. രാജിക്കത്ത് അക്കാദമി സെക്രട്ടറിയ്ക്ക് അയച്ചു കൊടുത്തു. അക്കാദമി ഫെസ്റ്റിവൽ കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തതിൽ പ്രതിഷേധിച്ചാണ് രാജി. 'സാഹിത്യവുമായി യാതൊരു ബന്ധവുമില്ലാത്ത കേന്ദ്രമന്ത്രി ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തതിൽ പ്രതിഷേധം അറിയിക്കുന്നതായി കത്തിൽ പറയുന്നു. പ്രോഗ്രാമിൽ ആരുടേയും പേരുണ്ടായിരുന്നില്ല. പിന്നീടാണ് കേന്ദ്രമന്ത്രിയുടെ പേര് ഉൾപ്പെടുത്തി പ്രത്യേക ക്ഷണപത്രം അയച്ചത്.



രാഷ്ട്രീയ സമ്മർദങ്ങൾ മറികടന്ന് സ്വയംഭരണാവകാശം നിലനിർത്തുന്ന സാഹിത്യഅക്കാദമിയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇതു സംഭവിക്കുന്നത്. ഞാൻ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് എതിരല്ല.

പക്ഷെ അക്കാദമിയുടെ സ്വാതന്ത്ര്യം ഇല്ലാതാക്കുന്ന തരത്തിൽ രാഷ്ട്രീയവൽക്കരിക്കുന്നതിനെ ശക്തമായി എതിർക്കുന്നു. അക്കാദമിയുടെ ഭരണഘടനപോലും തിരുത്തിയെഴുതാനാണ് രാഷ്ട്രീയ യജമാനന്മാർ ശ്രമിക്കുന്നത്. ജനാധിപത്യപരമായ സ്വയംഭരണാവകാശമുള്ള ചുരുക്കം ചില സ്ഥാപനങ്ങളിൽ ഒന്നായ അക്കാദമി ഇല്ലാതാക്കാൻ ശ്രമിക്കുന്നതിനെ നിശബ്ദമായി നോക്കിയിരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ അക്കാദമിയുടെ വിശിഷ്ടാംഗമായി തുടരാൻ ആഗ്രഹിക്കുന്നില്ല.' - സി. രാധാകൃഷ്ണൻ കത്തിൽ പറയുന്നു.

# ജോൺ സി. വർഗീസ് അന്തരിച്ചു

ഡാളസ്: തിരുവല്ല മഞ്ഞാടി താഴാംപള്ളം വലിയപറമ്പിൽ ജോൺ സി. വർഗീസ് (യോനച്ചൻ-82) അന്തരിച്ചു. തിരുവല്ല വെൺപാലയിൽ കെ.എം. വർഗീസ്-അന്നാമ്മ ദമ്പതികളുടെ മകനായിരുന്ന പരേതൻ തിരുവല്ല ശാരോൺ ബൈബിൾ കോളജിലെ പഠനത്തിനു ശേഷം എവരിഹോം ക്രൂസേഡ് എന്ന സുവിശേഷസംഘടനയിൽ ചേർന്ന് പ്രവർത്തിക്കുകയും 1970-ൽ ബൈബിൾ പഠനത്തിനായി അമേരിക്കയിലേക്ക് കുടിയേറി. മിനിയാപ്പൊലീസിലെ പഠനത്തിനുശേഷം ഡാളസിലേക്ക് താമസം മാറി.



യുഎസ് പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ജീവനക്കാരനായിരുന്നു. ഡാളസ് ഐപിസി ഹെബ്രോൻ സഭയുടെ പ്രാരംഭകാല അംഗമായിരുന്ന പരേതൻ സഭയുടെ പ്രഥമ സെക്രട്ടറിയും സൺഡേസ്കൂൾ അദ്ധ്യാപകനുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.


ഭാര്യ റേച്ചൽ (പൊന്നമ്മ) വർഗീസ്. മക്കൾ: റോയി-ജോയ്സ് വർഗീസ്, റീന-ലിജോ ഏബ്രഹാം, രൂത്ത്-സെൽബി കുരുവിള.

**വാർത്ത: സാം മാത്യു**

# ഐപിസി മിഡ്‌വെസ്റ്റ് റീജിയന്റെ ഏകദിന ലീഡർഷിപ്പ് സെമിനാർ

**ജോയി തുമ്പമൺ**

ഡാളസ്: ഐ.പി.സി മിഡ്‌വെസ്റ്റ് റീജിയന്റെ ഫാമിലി ആൻഡ് ലീഡർഷിപ്പ് സെമിനാർ ഏപ്രിൽ 13-ന് രാവിലെ 9.30 മുതൽ 12 വരെ ഡാളസിലുള്ള ഐ.പി.സി ഹെബ്രോനിൽ വെച്ച് നടക്കും. ഡാളസ്, ഒക്കലഹോമ, ഹൂസ്റ്റൺ, സാൻ അന്റോണിയോ, ഓസ്റ്റിൻ എന്നീ പട്ടണങ്ങളിലുള്ള ഐപിസി സഭകളുടെ ഐക്യകൂട്ടായ്മയാണ് ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ.



റവ. ഡോ. കെ.ജി. ജോസ്

റവ.ഡോ. കെ.ജി. ജോസ് മുഖ്യ പ്രഭാഷകനായി എത്തിച്ചേരും. പഴയനിയമത്തിൽ ഗവേഷണപഠനം നടത്തിയ റവ. ജോസ് ലീഡർഷിപ്പ് സെമിനാർ നടത്തും. ഐപിസി മിഡ്‌വെസ്റ്റ് റീജിയന്റെ പ്രസിഡണ്ട് പാസ്റ്റർ ഷിബു തോമസ്, വൈസ് പ്രസിഡണ്ട് പാസ്റ്റർ ജെയിംസ് ഏബ്രഹാം, സെക്രട്ടറി പാസ്റ്റർ കെ.വി. തോമസ്, ജോയിന്റ് സെക്രട്ടറി ഫിന്നി സാം, ജോഷ്വ ഡാനിയേൽ ട്രഷറർ, ഫിന്നി രാജു ഹൂസ്റ്റൺ മീഡിയ കോ-ഓർഡിനേറ്റർ എന്നിവർ ഈ റീജിയന് നേതൃത്വം നല്കുന്നു. ഐപിസി ഹെബ്രോൻ ഡാളസിന്റെ വിലാസം: 1751 Wall Street, Garland, Texas 75041. കൂടുതൽ വിവരങ്ങൾക്ക് മീഡിയ കോ-ഓർഡിനേറ്റർ ഫിന്നി രാജുവുമായി ബന്ധപ്പെടുക.

# കാനാവിലെ കല്യാണം (PART - 2)

**വാക്യം 4 യേശുവിന്റെ മറുപടി**

യേശുവിനേയും ശിഷ്യൻമാരേയും ക്ഷണിച്ചത് മറിയയോടുള്ള അടുപ്പം മൂലമായിരിക്കാം. യേശുവിനെ ദൈവപുത്രനായിട്ടല്ല അവർ കരുതിയിട്ടുള്ളത്. ജീവിതത്തിൽ നേരിടുന്ന അപ്രതീക്ഷിത അനുഭവങ്ങളെ പരിഹരിക്കുവാൻ കഴിവുള്ള സൃഷ്ടിതാവാണ് അവിടെ നിൽക്കുന്നതെന്ന് അവർ അറിഞ്ഞിരുന്നില്ല. അവിടുന്ന് തെരഞ്ഞെടുത്ത ശിഷ്യൻമാർക്കുപോലും കർത്താവിനെ ശരിയായി മനസ്സിലായിട്ടുണ്ടോ എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. കാരണം ഈ അത്ഭുതത്തിനുശേഷം അവിടുത്തെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു എന്ന് വായിക്കുന്നു. ഈ സാഹചര്യത്തിലാണ് മറിയ ആ ഭവനത്തിലെ പ്രതിസന്ധി യേശുവിനോടറിയിച്ചത്. എന്നാൽ യേശുവിന്റെ പ്രതികരണം അനുകൂലമായിരുന്നില്ല.

**സ്ത്രീയെ എനിക്കും നിനക്കും തമ്മിൽ എന്ത്?**

വളരെ ആശയകുഴപ്പങ്ങൾക്കിടയാക്കിയിട്ടുള്ള പ്രതികരണമാണിത്. ആ കാലത്ത് “സ്ത്രീയെ” എന്ന സംബോധന മാന്യമായിരുന്നു. അമ്മ ഉൾപ്പെടെ ഏതൊരു സ്ത്രീയേയും പരസ്യമായി ബഹുമാനപുരസ്സരം സംബോധന ചെയ്യുന്ന രീതിയായിരുന്നിത്. ആകയാൽ യേശുക്രിസ്തു സ്ത്രീയേ എന്ന് മറിയത്തെ സംബോധന ചെയ്തതു അവഹേളനത്തിന്റെ അടയാളമായി കരുതേണ്ടതില്ല.

എന്നാൽ ‘അവർക്ക് വീഞ്ഞില്ല’ എന്ന് മറിയ യേശുവിനോടറിയിച്ചത് ചിലർ കരുതും പോലെ മറിയത്തോടുള്ള മദ്ധ്യസ്ഥ തയ്ക്ക് ഉപോൽബലകമല്ല. അർത്ഥ ത്താൽ മറിയത്തിലൂടെ നാം യേശുവിലേക്ക് വരണം എന്ന് പഠിപ്പിക്കുന്നത് വചന വിരുദ്ധമാണ്. സുവിശേഷങ്ങളിൽ യേശുക്രിസ്തു മറിയത്തെ സ്വന്ത അമ്മയായി മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്ന രേഖകളില്ല. മത്തായിയുടെ സുവിശേഷം 12:46-50 വരെയുള്ള ഭാഗത്ത് യേശുവിന്റെ അമ്മയും സഹോദരന്മാരും യേശുവിനോട് സംസാരിക്കുവാനാഗ്രഹിച്ച് പുറത്തു നിന്നു. അവരുടെ ആവശ്യത്തെയും അവകാശവാദത്തെയും കർത്താവ് അംഗീകരിച്ചതായി കാണുന്നില്ല എന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർക്ക് ആ സ്ഥാനം ലഭിക്കും എന്ന് ഉറപ്പ് വരുത്തി. അങ്ങനെയുള്ളവരെ കർത്താവ് അവിടുത്തെ സഹോദരനും, സഹോദരിയും, മാതാവുമായി പ്രഖ്യാപിക്കുന്നു. യോഹന്നാന്റെ സുവിശേഷം 19:26ൽ മറിയത്തെ തന്റെ ശിഷ്യനായ യോഹന്നാന്റെ കൈയ്യിൽ ഏൽപ്പിക്കുന്ന രംഗമാണ് നാം കാണുന്നത്. ഈ കൈമാറ്റം മറിയക്ക് പ്രത്യേക പദവി നൽകികൊണ്ടുള്ളതല്ല, ആ പ്രവർത്തിയിലൂടെ യേശുക്രിസ്തു സമൂഹത്തിന് നൽകിയ ഗുണപാഠം മാതാപിതാക്കളെ സംരക്ഷിക്കണമെന്നാണ്. ആകയാൽ സകല വ്യക്തികളുടെയും ഉത്തരവാദിത്വമാണ് തങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുകയും, സംരക്ഷിക്കുകയും ചെയ്യണമെന്ന്.

യേശുകർത്താവിന്റെ ഉയർപ്പിനുശേഷം വ്യത്യസ്ഥ സന്ദർഭങ്ങളിൽ അവിടുന്ന് ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. ആ സന്ദർഭങ്ങളിൽ മറിയയെ കർത്താവ് വേറിട്ടന്വേഷിച്ചതായി വചനത്തിൽ തെളിവുകളില്ല.

ആദിമ നൂറ്റാണ്ടിലെ സഭ മറിയയ്ക്ക് പ്രത്യേക പദവി നൽകിയിരുന്നില്ല. പ്രവർത്തികളുടെ പുസ്തകം 1:12-14 വാക്യങ്ങളിൽ മറ്റ് വിശ്വാസികളോടൊപ്പം മറിയയും യേശുവിനോട് പ്രാർത്ഥിക്കുന്നതായി കാണുന്നു. ഈ വസ്തുതകളുടെ പിൻബലത്തിൽ മറിയയോടുള്ള മദ്ധ്യസ്ഥത വചനവിരുദ്ധമാണ്. മറിയ ഏതെങ്കിലും പ്രത്യേക കൃപാവര പ്രാപ്തയായി എന്നതിന് തെളിവുകളില്ല.

ഈ വക യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ വസ്തുതകളെ വിലയിരുത്തിയാണ് വിമർശനവും, ഉപദേശവും രൂപീകരിക്കേണ്ടത്. അർഹിക്കപ്പെട്ട സകല ബഹുമാനവും നിലനിർത്തി വേണം മറിയയെക്കുറിച്ചുള്ള വചന ഉപദേശം പ്രചരിപ്പിക്കുവാൻ. മറിയയെ നമുക്ക് ബഹുമാനിക്കാം പക്ഷേ ആരാധിക്കുവാൻ വചനത്തിൽ വ്യവസ്ഥയും ഉപദേശവുമില്ല.



പാസ്റ്റർ സുനിൽ കെ.പി., ചെങ്ങന്നൂർ
Email: sunilkpkp@yahoo.com

**എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല:**

സുവിശേഷങ്ങളിൽ കർത്താവിന്റെ നാഴികയെ കുറിച്ച് വ്യക്തമായ പ്രതിപാദ്യങ്ങളുണ്ട്. യോഹ 7:6,8, 12:23, 17:1, മത്തായി 26:18,45, മർക്കൊസ് 14:41. ഈ വചനഭാഗങ്ങളുടെ അർത്ഥം അവിടുത്തെ തിരുപ്പിറവിയുടെ ഉദ്ദേശ്യവും ലക്ഷ്യവുമാണ്. പച്ചവെള്ളത്തെ വീഞ്ഞാക്കി ശ്രദ്ധ പിടിച്ചുപറ്റുക എന്നത് യേശുവിന്റെ ശുശ്രൂഷയുടെ കാതലായ ഭാഗമല്ല. പിതാവ് അവിടുത്തെ പുത്രനെ കാൽവറിയിൽ യാഗമാക്കി മാനവരാശിക്ക് രക്ഷ സമ്മാനിച്ചു. കാൽവറി ക്രൂശിലെ മരണ, അടക്ക, പുനരുത്ഥാനത്തിലൂടെയാണ് ക്രിസ്തുയേശുവിന്റെ തേജസ്സിന്റെ ദൗത്യം പൂർത്തീകരിക്കപ്പെടുന്നത്. ആ ദൗത്യത്തിന്റെ പൂർത്തീകരണത്തിന്റെ ഭാഗമായി വെളിപ്പെടുന്നതാണ് അത്ഭുതങ്ങൾ. ആ അർത്ഥത്തിൽ കർത്താവ് മറിയയോട് പറഞ്ഞത് അർത്ഥ സംപുഷ്ടമായ വചനമാണ്. ആ ശുശ്രൂഷയുടെ പൂർത്തീകരണത്തിന് പിതാവ് നിർണ്ണയിച്ച നാഴികക്ക് സമയം അവശേഷിക്കുന്നതിനാലാണ് എന്റെ നാഴിക വന്നിട്ടില്ല എന്ന് പറഞ്ഞത്.

(തുടരും)

# ഡി.വി.എസ്.സി. ബാസ്കറ്റ്ബോൾ ടൂർണ്ണമെന്റിൽ സീറോമലബാർ ടീം ജേതാക്കൾ

ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: വിശാല ഫിലാഡൽഫിയാ റീജിയണിലെ യുവജനങ്ങളുടെ പ്രമുഖ റിക്രിയേഷൻ സംഘടനയായ ഡെലവേർ വാലി സ്പോർട്സ് ക്ലബ് (ഡി.വി.എസ്.സി) 2024-ൽ നടത്തിയ ലീഗ് ബാസ്കറ്റ്ബോൾ ടൂർണ്ണമെന്റിൽ ഫിലാഡൽഫിയ സെ. തോമസ് സീറോമലബാർ ചർച്ച് സീനിയർ എ ടീം വിജയികൾക്കുള്ള ട്രോഫി കരസ്ഥമാക്കി. ഫിലാഡൽഫിയ പെന്തക്കോസ്തൽ ചർച്ച് എ ടീം റണ്ണർ അപ്പ് ആയി.

ഫിലാഡൽഫിയയിലെ വിവിധ ദേവാലയങ്ങളിൽ നിന്നായി 10 ടീമുകൾ ആറുമാസം നീണ്ടുനിന്ന ലീഗ് മത്സരങ്ങളിലും ഫൈനലിലും പങ്കെടുത്തു. ഹാറ്റ്ബറോ റെനിഗേഡ്സ് ജിമ്മിൽ നടന്ന വാശിയേറിയ ഫൈനൽ മത്സരത്തിലൂടെയാണ് വിജയികളെ നിശ്ചയിച്ചത്.

ജോൺ തെക്കുംതല ക്യാപ്റ്റനായി വിജയിച്ച സീറോമലബാർ എ ടീമിനുവേണ്ടി ജിമ്മി ജോർജ്, റോബിൻ റോയി, ആൻഡ്രു (ലാലു) കന്നാടൻ, കെന്നി കന്നാടൻ, ജോർജ് കാനാട്ട്, അഖിൽ കണ്ണൻ, ഡെന്നിസ് മാനാട്ട്, ആഷ്‌ലി തോപ്പിൽ, ബാഗിയോ ബോസ്, ജസ്റ്റിൻ മാത്യൂസ്, ജോഷ് തെക്കുംതല, നിതിൻ സിബിച്ചൻ, റോഹൻ ജോസഫ്, ജോസഫ് മാണി, ജസ്റ്റിൻ പാറക്കൽ എന്നിവരാണ് കളിച്ചത്. ജോർജ് കാനാട്ട് എംവിപിയും ജിമ്മി ജോർജ് ഏറ്റവും മികച്ച ഡിഫൻസ് പ്ലേയറുമായി അഭിനന്ദനാർഹമായ പ്രകടനം കാഴ്ചവെച്ചു.





റണ്ണർ അപ് ആയ ഫിലാഡൽഫിയ പെന്തക്കോസ്തൽ ചർച്ച് ടീമിനെ നയിച്ചത് ജോഷ് ജോർജ്, ജേസൺ വർക്കി എന്നിവരാണ്. വിനു ഏബ്രഹാം, ജയ്ക്ക് മാത്യു എന്നിവർ ലീഗ് മത്സരങ്ങൾ കോ-ഓർഡിനേറ്റ് ചെയ്തു. ജറി കുരുവിള അറിയിച്ചതാണ് ഈ വിവരങ്ങൾ.

# ഈസ്റ്റർ ആഘോഷം

എൽസി ബേബി




ക്രിസ്മസ് പോലെതന്നെ ക്രിസ്ത്യാനികൾ ആഘോഷിക്കുന്ന ഒരു പെരുന്നാളാണ് ഈസ്റ്റർ. ക്രിസ്തുവിന്റെ ജനനവും മരണവും ഉയിർത്തെഴുന്നേല്പും എല്ലാം ലോകമാകെയുള്ള പാപികളായ ജനങ്ങൾക്കു വേണ്ടി ആയിരുന്നു എന്നു വിശ്വസിക്കുന്നവർ കേവലം ന്യൂനപക്ഷം മാത്രമാകുന്നു എന്നത് ദുഃഖകരമാകുന്നു. ദൈവകല്പന ലംഘിച്ചു പാപിയായിത്തീർന്ന മാനവജാതിയെ നിത്യനരക ന്യായവിധിയിൽ നിന്നും ഉദ്ധരിച്ച് നിത്യജീവൻ നല്കി സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കിത്തീർക്കുവാൻ ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗമാണ് ക്രിസ്തുവിന്റെ ജനന മരണ പുനരുത്ഥാനം എന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ കേവലം ആചാരാനുഷ്ഠാനങ്ങളോടെ ക്രിസ്മസും ഈസ്റ്ററും ആഘോഷിച്ചതുകൊണ്ട് ഒരു ഫലവുമില്ല. ക്രിസ്തു ദൈവപുത്രനായി ഈ ലോകത്തിലേക്ക് അവതരിച്ചത് പരിശുദ്ധാത്മ ശക്തിയാൽ, പാപികളെ രക്ഷിപ്പാനുള്ള കർത്താവും രക്ഷിതാവുമായി വന്ന ദൈവപുത്രനാകുന്നുവെന്ന് ലോകം വിശ്വസിക്കേണ്ടതിനാകുന്നു. അതു വിശ്വസിച്ച്, ക്രിസ്തുമാതൃക കാണിച്ചു പഠിച്ച മാതൃക വിശ്വസിച്ചു ക്രിസ്തുവിനെ അനുഗമിക്കുന്നവരാകുന്നു ക്രിസ്ത്യാനികൾ.

ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ച് ഏകദേശം മുപ്പത്തിമൂന്നര വർഷം ഈ ഭൂമിയിൽ പാപികളായ മനുഷ്യരുടെ ഇടയിൽ ജീവിച്ച് രക്ഷാമാർഗ്ഗത്തെക്കുറിച്ചു പഠിപ്പിച്ചും പ്രസംഗിച്ചും അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു ജീവിച്ചെങ്കിലും അന്നത്തെ യഹൂദമതഭക്തന്മാർ യേശുവിനെ പിടിച്ചു ബന്ധിച്ചു. വിസ്തരിച്ച് ക്രൂശിക്കുകയാണുണ്ടായത്. കാരണം യേശുക്രിസ്തു താൻ സ്വർഗ്ഗത്തിൽ നിന്നും ദൈവത്താൽ അയയ്ക്കപ്പെട്ട രക്ഷിതാവാകുന്നു എന്നു പറഞ്ഞതുമൂലം മാത്രമായിരുന്നു. യേശുക്രിസ്തുവിനെ യഹൂദപ്രമാണികൾ അയച്ച പടയാളികൾ ഗദ്സമേൻ തോട്ടത്തിൽ വെച്ച് അറസ്റ്റ് ചെയ്തപ്പോഴ് യേശു ഒരു വിരോധവും പറയാതെ തന്നെത്തന്നെ ഏല്പിച്ചു കൊടുക്കുകയാണുണ്ടായത്. കാരണം ക്രിസ്തു പാപികൾക്കു വേണ്ടി മരിപ്പാനായി മാത്രം അവതരിച്ചവനായിരുന്നു. തന്നെ നിന്ദിച്ചും പരിഹസിച്ചും ന്യായാധിപസംഘത്തിന്റെ മുമ്പാകെ വിസ്തരിച്ചിട്ട് 'ഇവനിൽ ഒരു കുറ്റവും കാണുന്നില്ല' എന്ന് വിധി എഴുതിയിട്ടും അന്നത്തെ യഹൂദപ്രമാണികൾ സമ്മതിക്കാതെ 'ക്രൂശിക്ക, ക്രൂശിക്ക' എന്ന് ആക്രോശിച്ചതിന്റെ ഫലമായി ക്രൂശിൽ തറച്ചു കൊല്ലുവാനുള്ള മരണവിധിയാണ് പ്രഖ്യാപിച്ചത്. നിഷ്ക്കരുണം ചാട്ടവാറുകൊണ്ട് അടിച്ച് ദേഹം മുഴുവൻ ഉഴവുചാൽ പോലെ കീറിയപ്പോഴും മുഖത്ത് തുപ്പി, കരണത്തടിച്ച്, മൂർച്ചയേറിയ മുൾമുടി തലയിൽ വെച്ച് ആഞ്ഞടിച്ചപ്പോഴും ദൈവപുത്രൻ മൗനമായി സഹിച്ചത് പാപികളായ നമുക്കോരോരുത്തർക്കും വേണ്ടിയായിരുന്നു. യേശുവിനു വേണമെങ്കിൽ ഒറ്റ വാക്കുകൊണ്ട് അവരെ ശിക്ഷിച്ചു കൊന്നുകളയാമായിരുന്നു. അവൻ ദൈവമായിരുന്നു; ദഹിപ്പിക്കുന്ന അഗ്നിയായിരുന്നു. പക്ഷേ, അങ്ങനെ ചെയ്യാതിരുന്നത് തന്റെ വരവിന്റെ ഉദ്ദേശ്യം പാപികളെ രക്ഷിപ്പാനായി കാൽവറി ക്രൂശിൽ തന്റെ അവസാനതുള്ളി രക്തംവരെ ഒഴുക്കി ഒരു അകൃത്യയാഗമായി സ്വയം അർപ്പിക്കുവാനായിരുന്നല്ലോ. അതുകൊണ്ട് യേശു തിരുവെഴുത്തിൻപ്രകാരം 'അവൻ പാപം ചെയ്തിട്ടില്ല, തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും ന്യായമായി വിധിക്കുഭരമേൽപിക്കപ്പെടുകയത്രെ ചെയ്തത്. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു. യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി. അവനെ തകർത്തുകളയുവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി. അവൻ-ദൈവം അവന് കഷ്ടം വരുത്തി. അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നു.'

ക്രൂശിൽ കാരിരുമ്പാണികളാൽ തറയക്കപ്പെട്ട് ശരീരം ആകമാനം മുറിവേറ്റ് രക്തം ധാരധാരയായി ഒഴുകുമ്പോഴും ദാഹിച്ചു വലയുമ്പോഴും അസഹ്യമായ വേദനയാൽ പുളയുമ്പോഴും യേശു 'പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കണമേ' എന്ന് തന്റെ ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിച്ച സ്നേഹത്തിന്റെയും സഹനത്തിന്റെയും പര്യായമായ യേശുക്രിസ്തു പ്രാർത്ഥിച്ചത് നമുക്കോരോരുത്തർക്കും വേണ്ടിയായിരുന്നു. തന്റെ വിലാപ്പുറത്ത് പടയാളി കുന്തംകൊണ്ട് കുത്തിത്തുളച്ച് അവസാനതുള്ളി രക്തവും ജലവും ഒഴുക്കിയപ്പോഴും സംഭവിച്ചത് പ്രകൃതിപോലും ദുഃഖിച്ചു കണ്ണടച്ചുപോയി എന്നതായിരുന്നു. യേശു ഉറക്കെ നിലവിളിച്ച് തന്റെ പ്രാണനെ പിതാവിന്റെ തൃക്കരങ്ങളിൽ ഭരമേല്പിച്ചിട്ട് 'സകലവും നിവൃത്തിയായി' എന്നു പറഞ്ഞതിന്റെ അർത്ഥം 'ഇതാ സർവലോകത്തിന്റെയും പാപപരിഹാരാർത്ഥം ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗം പൂർത്തിയായി' എന്നായിരുന്നു. അതേ സമയം ഇവിടെ ഉണ്ടായിരുന്ന മന്ദിരത്തിലെ കട്ടിയേറിയ തിരശ്ശീല മേൽ തൊട്ട് അടിയോളം രണ്ടായി ചിന്തിപ്പോയി. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു. ഇങ്ങനെയുള്ള സംഭവം ആരുടെയെങ്കിലും മരണത്തിൽ സംഭവിച്ചിട്ടുണ്ടോ? യേശുവിന്റെ ശരീരം റോമാ പടയാളികളാൽ ഭദ്രമായി മുദ്രയിട്ടുറപ്പിച്ച കല്ലറയിൽ അടക്കപ്പെട്ടു. പക്ഷേ, മൂന്നാംനാൾ കല്ലറ ഭേദിച്ച് ദൈവപുത്രൻ ഉയിർത്തെഴുന്നേറ്റു തന്റെ ശിഷ്യന്മാർക്കും മറ്റു പലർക്കും പ്രത്യക്ഷപ്പെട്ടു. താൻ ജീവിക്കുന്നു എന്നു സാക്ഷിച്ചുറപ്പുവരുത്തി സ്വർഗ്ഗാരോഹണം ചെയ്തു പോയപ്പോൾ തന്റെ ജനന മരണ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവരെ തന്നോടു കൂടെ ചേർക്കാൻ വീണ്ടും വരും എന്ന വാഗ്ദത്തം ചെയ്തിട്ടാണ് പോയിരിക്കുന്നത്. അതിനുശേഷം ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനെ പന്തെക്കുസ്താ നാളിൽ ഭൂമിയിലേക്കയച്ചു. തന്റെ ശിഷ്യന്മാരിലൂടെ, ക്രിസ്തുവിലൂടെയുള്ള രക്ഷാമാർഗ്ഗം കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി ഘോഷിച്ചുവരികയാണ്. വിശ്വസിക്കുന്നവർക്ക് പാപമോചനവും വീണ്ടെടുപ്പും നിത്യജീവനും പിതാവ് വാഗ്ദാനം ചെയ്തത് വിശ്വസിച്ച് അനുതപിച്ച് പശ്ചാത്തപിച്ച് ക്രിസ്തുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് മാനസാന്തരപ്പെട്ട് ക്രിസ്തുവിനായി ജീവിച്ച് ക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരിക്കുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. ഇതാണ് ഈസ്റ്റർ സന്ദേശം. മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ അത്രയ്ക്കു സ്നേഹിച്ചു. ഈ വലിയ സുവിശേഷത്തിൽ വിശ്വസിച്ച് നിത്യനരക ന്യായവിധിയിൽ നിന്നും രക്ഷപ്രാപിച്ച് നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിപ്പാനുള്ള ആഗ്രഹത്തോടെ ഈ വർഷത്തെ ഈസ്റ്റർ ആഘോഷം സഫലമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.



ലേഖിക

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.40 |
| യൂറോ | 89.92 |
| സ്റ്റെർലിംഗ്പൗണ്ട് | 105.53 |
| സ്വിസ് ഫ്രാങ്ക് | 92.47 |
| സിംഗപ്പൂർ ഡോളർ | 61.80 |
| കനേഡിയൻ ഡോളർ | 61.61 |
| ഒമാൻ റിയാൽ | 216.68 |
| ബഹ്റൈൻ ദിനാർ | 221.53 |
| സൗദി റിയാൽ | 22.24 |
| യു.എ.ഇ. ദിർഹം | 22.71 |
| കുവൈത്ത് ദിനാർ | 271.09 |



# എനിക്ക് ആരുമില്ല

പാസ്റ്റർ പി.പി. കുര്യൻ

മനുഷ്യൻ ഒരു സമൂഹജീവിയാണ്. മാത്രമല്ല പരാശ്രയം എപ്പോഴും ആവശ്യമാണ്. ഇങ്ങനെ ഒരു മൊഴി കേട്ടിട്ടുണ്ട്. പൊന്നിൻ തൂമ്പ ഉള്ളവർക്കും ഇരുമ്പു തൂമ്പ ആവശ്യമായി വരുമെന്ന്. ഈ നഗ്നസത്യം മനുഷ്യജീവിതത്തിന് ഏറ്റവും അനുയോജ്യമാണ്. ഇന്ന് പലരും പറഞ്ഞുകേൾക്കാറുണ്ട് എനിക്ക് ആരുടെയും സഹായം ആവശ്യമില്ല. എനിക്ക് എന്റെ കാര്യം നോക്കുവാൻ സാധിക്കുമെന്ന്. മൂഢാ! ദൈവം അനുവദിക്കാതെ എങ്ങനെയാണ് നിനക്ക് പറയുവാൻ സാധിക്കുന്നത്. ഓരോരുത്തർക്കും പല വിഷയങ്ങൾക്കും പലരെ ആശ്രയിച്ചേ സാധിക്കൂ. അതാണ് മനുഷ്യൻ ഒരു ആശ്രയജീവിയെന്ന് പറയപ്പെടുന്നത്. ഈ അടുത്ത സമയത്ത് ഒരു വീഡിയോ കാണുവാൻ സാധിച്ചു. ഒരു പശുക്കിടാവിനെ അതിന്റെ തള്ളപ്പശുവിന്റെ അടുക്കൽ നിന്നും ഓട്ടോറിക്ഷയിൽ കയറ്റി എവിടേക്കോ കൊണ്ടുപോകയാണ്. എന്നാൽ ആ ഓട്ടോയുടെ പിറകെ തള്ളപ്പശു ചില കിലോമീറ്ററോളം അനുഗമിക്കുന്നത് കാണുവാൻ സാധിച്ചു. ഈ കാഴ്ച എന്നെ വളരെ ചിന്തിപ്പിച്ചു. അതായത് നൊന്തുപെറ്റതിന് അതിന്റെ കുഞ്ഞുങ്ങളോടുള്ള വാത്സല്യം എത്രമാത്രമാണ് എന്നുള്ളത് ആ വീഡിയോ ദർശിച്ചിട്ടുള്ള ഏവർക്കും അറിയാൻ സാധിക്കും. ഇത് എല്ലാ വിഭാഗങ്ങൾക്കും ആ പ്രമാണം തന്നെയാണ്. ആധുനിക ലോകത്തിൽ മനുഷ്യൻ മാത്രം സ്വന്തം കുഞ്ഞുങ്ങളെ കൊലചെയ്യുന്നത് വിചിത്രമായി തോന്നാം. ഇത് വളരെ വിരളമായി മാത്രമേ കാണുന്നുള്ളൂ. അതാണ് ദൈവവചനത്തിൽ പറയുന്നത് അമ്മ മറന്നാലും ഞാൻ നിന്നെ മറക്കയില്ല എന്ന്. ഭൂരിഭാഗം മാതാക്കൾ തങ്ങൾ ജന്മം നൽകിയ കുഞ്ഞുങ്ങളെ വളരെ സൂക്ഷ്മതയോടെ തന്നെയാണ് വളർത്തിക്കൊണ്ടു വരുന്നത്. അവർ അനുഭവിച്ച കഷ്ടസങ്കടങ്ങൾ തങ്ങളുടെ മക്കൾ അനുഭവിക്കരുത് എന്നുള്ള ചിന്തയിൽ അവരെ അല്ലലില്ലാതെ വളർത്തും. ഇന്നത്തെ തലമുറയ്ക്ക് വിശപ്പ് എന്തെന്ന് അറികയില്ല. ആഹാരത്തിന് മുട്ടില്ല, വസ്ത്രങ്ങൾക്കു കുറവില്ല. യാത്രാ സൗകര്യങ്ങൾ അങ്ങനെയെല്ലാം സുഭിക്ഷിതരാണ്. മാതാപിതാക്കൾ കഷ്ടപ്പെട്ട് പണിയെടുത്ത് മക്കളെ പഠിപ്പിച്ചു വലുതാക്കി ഉന്നതനിലവാരത്തിലെത്തി കഴിയുമ്പോൾ പലരും അവരുടെ മാതാപിതാക്കൾ എന്ന് മറ്റുള്ളവരോട് പരിചയപ്പെടുത്തുവാൻ വരെ മടികാണിക്കാറുണ്ട്. മാതാപിതാക്കൾ അനുഭവിച്ച ദുരിതങ്ങൾക്കു അവരല്ല ഉത്തരവാദികൾ എന്നാണ് അവരുടെ നിഗമനം.

2022 ഡിസംബർ 10-ന് പ്രസിദ്ധീകരിച്ച മലയാള മനോരമയുടെ പ്രധാന വാർത്തയായി കണ്ടത് സ്വന്തക്കാർ ഉപേക്ഷിച്ച 42 പേർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എന്നതാണ്. ചികിത്സയ്ക്കു എത്തിച്ച 42 പേരെ പരിചരിക്കുവാനോ തിരിച്ച് ഭവനത്തിലേക്ക് കൊണ്ടുപോകുവാനോ മക്കളോ ബന്ധുക്കളോ എത്താതിരിക്കുന്നതുമൂലം അവരെ അഗതിമന്ദിരങ്ങളിൽ പ്രവേശിപ്പിക്കാൻ അധികൃതർ ആലോചിക്കുന്നു. ഒരു നേരത്തെ ഭക്ഷണത്തിന് നിവൃത്തിയില്ലാതെ ഇരിക്കുന്ന ഉപേക്ഷിക്കപ്പെട്ട ഇവർക്ക് ഭക്ഷണം വാങ്ങി നൽകുന്നത് ഇവിടുത്തെ ഡോക്ടർമാരും നേഴ്സുമാരുമാണ്. വീട്ടിലേക്ക് കൊണ്ടുപോകുവാൻ മക്കൾ വരുമെന്നുള്ള പ്രതീക്ഷയിൽ കഴിയുന്ന ഇവരുടെ പ്രതീക്ഷകൾ മങ്ങി. ഈ 42 പേരിൽ അനാഥരായി കഴിയുന്ന പലരും സർക്കാർ ഉദ്യോഗസ്ഥരും മുൻ അഭിഭാഷകരും മുതൽ കൂലി തൊഴിലാളികൾ വരെ ഈ കൂട്ടത്തിലുണ്ട്. ശരീരം തളർന്ന് ശയ്യാവലംബരായവരും, പ്രായാധിക്യം പാടേ തളർത്തിയ എൺപതുകാരും വരെ ഈ കൂട്ടത്തിലുണ്ട്. മാസങ്ങളുടെ കാത്തിരിപ്പിന് ഒടുവിലാണ് അവർ യാഥാർത്ഥ്യം തിരിച്ചറിഞ്ഞിട്ടു പറഞ്ഞത്: "ഞങ്ങൾക്ക് ആരുമില്ല, ഞങ്ങളെ ആർക്കും വേണ്ട."


വിദ്യാഭ്യാസത്തിന്റെയും സംസ്ക്കാരത്തിന്റെയും ഉച്ചകോടിയിലെന്ന് അഭിമാനിക്കുന്നവരും കൊട്ടിഘോഷിക്കുന്നവരും ഈ സംഭവം മൂലം കേരളത്തെ നാണിപ്പിക്കും, തലതാഴ്ത്തിപ്പിക്കും. ലോകമനുഷ്യാവകാശ ദിനത്തിൽ ഞെട്ടലോടെ കേൾക്കാൻ ഈ സംഭവങ്ങൾ ഇടയാക്കും. ഒരു എഴുപത്തിയാറുകാരൻ പറഞ്ഞത് ഇപ്രകാരമാണ്. മക്കൾ 3 പേരുണ്ട്. വളർത്തുമക്കളെ കൂടി ചേർത്താൽ നാലായി. തുടയെല്ല് ഒടിഞ്ഞ് ആശുപത്രിയിൽ ആയിരിക്കുന്ന ഈ ഹതഭാഗ്യൻ പറയുന്നത് എന്നെ തിരിഞ്ഞുനോക്കുവാൻ ഒരാൾപോലും ഉണ്ടായിരുന്നില്ല. ആശുപത്രി വിട്ടാൽ ഇനി എവിടേക്കു എന്ന് നിറകണ്ണുകളോടെ പറയുന്നു. തന്റെ വിലാസം പരസ്യപ്പെടുത്തരുത് എന്ന് മാത്രമാണ് തന്റെ അഭ്യർത്ഥന. കാരണം അതുമൂലം മക്കൾക്ക് അപമാനം ഉണ്ടാകരുത് എന്നുള്ള കരുതൽ ഈ അച്ഛനുള്ളതുകൊണ്ടാണ്. തങ്ങൾക്ക് ഉണ്ടായിരുന്ന സ്വത്തുക്കൾ മക്കൾക്ക് വീതിച്ചുനൽകി അവരെ സംതൃപ്തരാക്കിയ പലരും ഈ 42 പേരുടെ കൂട്ടത്തിലുണ്ട്. സ്വത്തുതർക്കം ഉണ്ടായതിനെ തുടർന്നു പേരക്കുട്ടിയുടെ ഭർത്താവ് കാല് തല്ലിയൊടിച്ച് വേദന അനുഭവിക്കുമ്പോഴും താൻ പറയുന്നത് ഞാൻ മൂലം ആർക്കും അപമാനം ഉണ്ടാകരുത് എന്നാണ്. അപകടം സംഭവിച്ച് പരിക്കേറ്റവരെ സഹപ്രവർത്തകർ കൊണ്ടുവന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചവരുണ്ട്. അങ്ങനെയുള്ളവരുടെ വിലാസം കണ്ടുപിടിച്ചു ആശുപത്രി അധികൃതർ വിവരം അറിയിച്ചെങ്കിലും ആരും തിരിഞ്ഞുനോക്കിയിട്ടില്ല. മെഡിക്കൽ കോളേജിന്റെ വരാന്തയിൽ പോലും രോഗികൾ നിറഞ്ഞ് കഷ്ടപ്പെടുമ്പോൾ ബന്ധുക്കൾക്കു വേണ്ടാത്തവരെ എത്രനാൾ സംരക്ഷിക്കാൻ സാധിക്കും. മെഡിക്കൽ കോളേജ് അധികൃതർ ഇവരെ സുരക്ഷിതരായി മറ്റ് അഭയ കേന്ദ്രങ്ങളിലെത്തിക്കുവാൻ വേണ്ട നടപടികൾ നടത്തിവരുന്നു. കൊട്ടാരക്കരയിലെ ആശ്രയ ട്രസ്റ്റ് 18 പേർക്ക് അഭയം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്.



ലേഖകൻ

ദൈവം മോശെ മൂലം കല്പന കൊടുക്കുമ്പോൾ പറഞ്ഞ ഒരു വിഷയം "നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നിനക്ക് ദീർഘായുസ്സുണ്ടാകേണ്ടതിന് നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" (പുറപ്പാട് 20:12). ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ തന്റെ സദൃശ്യവാക്യങ്ങളിൽ കൂടെ അനേക ഉപദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൽ ചിലത് ഇവിടെ കുറിക്കുകയാണ്. "മക്കളേ, അപ്പന്റെ പ്രബോധനം കേട്ട് വിവേകം പ്രാപിപ്പാൻ ശ്രദ്ധിപ്പിൻ" (സദൃ.4:1). "ആരെങ്കിലും അപ്പനെയോ അമ്മയെയോ ദുഷിച്ചാൽ അവന്റെ വിളക്ക് കൂരിരുളിൽ കെട്ടുപോകും (സദൃ.20:20) "അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കാതെയിരിക്കുകയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കുകയും കഴുകൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യുന്നു (സദൃ.30:17). ഇന്നത്തെ തലമുറയ്ക്ക് മാതാപിതാക്കളോടുള്ള സമീപനം വളരെ ലജ്ജാകരമാണ്. ഇത് മുഴുവൻ ആൾക്കാരെ ഉദ്ദേശിച്ചല്ല. നല്ലൊരു ശതമാനം കുഞ്ഞുങ്ങളുടെയും ജീവിതം കണ്ടാൽ വളരെ പ്രയാസം തോന്നും.

അവർ ആഗ്രഹിക്കുന്ന വഴിയിൽ അവരെ വിടുവാൻ തടസ്സം സൃഷ്ടിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് പറഞ്ഞറിയിക്കാൻ പറ്റില്ല. ഒരു മാതാവും പിതാവും അവർക്കുവേണ്ടി സഹിച്ച ത്യാഗങ്ങൾ ഓർത്താൽ എങ്ങനെ അവരോട് പെരുമാറാൻ തോന്നും. പ്രായപൂർത്തിയായാൽ പിന്നെ അവരുടെ ലോകത്തിലേക്ക് പറന്നുയരുവാൻ തടസ്സമായി ആര് നിന്നാലും അവരോട് പ്രതികാര ചിന്തയായിരിക്കും. ഞങ്ങൾ നിങ്ങളെ കഷ്ടപ്പെട്ടാണ് ഇത്രയും വളർത്തിയതെന്ന് പറഞ്ഞാൽ അവർ പറയുന്നത് നിങ്ങളുടെ കടപ്പാട് നിങ്ങൾ ചെയ്തു. അതിന് ഞങ്ങൾ എന്ത് ചെയ്യണം. എന്നാൽ അവർക്കു മാതാപിതാക്കളോട് ചില കടപ്പാടുകളുണ്ട് എന്നുള്ള സത്യം അവർ പാടേ മറന്നുപോകയാണ്. കേരളത്തിൽ അനേകം വൃദ്ധസദനങ്ങൾ ഉണ്ടാകുന്നതിന്റെ ഏക കാരണം മക്കൾ അവരുടെ കടമകൾ മറക്കുന്നു എന്നുള്ളതാണ്. മക്കൾ ഒരു കുടുംബമായി കഴിയുമ്പോൾ അവർക്കു തലമുറകൾ ഉണ്ടാകുമ്പോൾ മാതാപിതാക്കളെ അന്വേഷിക്കുന്നത് മക്കളുടെ ബേബിസിറ്റേഴ്സ് (കുഞ്ഞുങ്ങളെ നോക്കുന്നവർ) ആയിട്ടാണ്. മാതാപിതാക്കളുടെ സമ്പാദ്യങ്ങൾ എന്തെല്ലാം ഉണ്ടോ അത് കരസ്ഥമാക്കുന്നതുവരെ ഒരു പരിധി അവരോടൊപ്പം ഉണ്ടാകും. അതിനുശേഷം പലരും തിരിഞ്ഞുനോക്കാറില്ല. പത്തും പന്ത്രണ്ടും മക്കളെ വളർത്തുവാൻ മാതാപിതാക്കൾ സമയം കണ്ടെത്തി. വേണ്ടതെല്ലാം നൽകി വലുതാക്കി. അവർ ആരോടും കണക്ക് പറയുകയോ വേർതിരിച്ച് കാണുകയോ ചെയ്തിട്ടില്ല. എന്നാൽ ഈ പന്ത്രണ്ട് മക്കൾക്ക് മാതാപിതാക്കളെ സംരക്ഷിപ്പാൻ സാധിക്കുന്നില്ല. അവർ വീതം വെക്കുന്നു. അപ്പനെ ഒരാൾ നോക്ക്. അമ്മയെ മറ്റൊരാൾ നോക്ക്. വാർദ്ധക്യത്തിൽ മുഖത്തോടു മുഖം നോക്കിയിരിക്കുവാനോ അന്യോന്യം ആശയങ്ങൾ പങ്കുവെയ്ക്കുവാനോ സാധ്യമല്ലാതെ അവർ വിവിധയിടങ്ങളിൽ ഏകാന്തത അനുഭവിക്കയാണ്. അതിനും സാധിക്കാതെ വരുമ്പോൾ എവിടെയെങ്കിലും വൃദ്ധസദനത്തിൽ കൊണ്ടുചെന്ന് വിടും. പെറ്റ് വളർത്തിയ മക്കളോടൊപ്പം ശിഷ്ടായുസ്സ് കഴിയാൻ സാധിക്കാതെ നിരാശരായി മരണത്തെ കാത്ത് കഴിയുന്ന ആയിരക്കണക്കിന് ജീവിതങ്ങൾ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലുണ്ട് എന്നുള്ളതാണ് വേദനാജനകം.



# റാം c/o ആനന്ദി എന്ന നോവൽ സാഹിത്യവേദിയിൽ ചർച്ച ചെയ്യുന്നു

ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഏപ്രിൽ 5-ന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30-ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്.



അഖിൽ പി. ധർമ്മജൻ



ഷിജി അലക്സ്

(Zoom Meeting Link https://us02web.-zoom.us/j/81475259178. Passcode: 2990. Meeting ID: 81475259178)

അക്ഷരങ്ങളിലൂടെ ഭാവനയുടെ മായാലോകം നമുക്ക് മുന്നിൽ തീർത്ത മഹാരഥന്മാരുടെ വഴിയിലൂടെ നമുക്ക് മുന്നിൽ പച്ചയായ ജീവിതാവിഷ്കാരവും ഇന്നിന്റെ നേർക്കാഴ്ചകളുമായി ഒരു യുവ എഴുത്തുകാരൻ, അഖിൽ പി. ധർമ്മജൻ. അഖിലിന്റെ റാം c/o ആനന്ദി സൈബർ ഭാഷയിലെ വൈറൽ ആയ ഒരു പുസ്തകമാണ്. റെസ്റ്റോറന്റിലെ മെനുപോലും വായിക്കാത്ത തരം അക്ഷരവിരോധികൾ പോലും തങ്ങളുടെ സോഷ്യൽ മീഡിയ സ്റ്റാറ്റസ് ആക്കാൻ പുസ്തകം വാങ്ങുന്നു. അത്രമാത്രം എന്താണ് ഇതിനുള്ളിൽ. ഒത്തിരി ഉണ്ട്. അകവും പുറവും ഒരുപോലെ കഴുകി വെടിപ്പാക്കുന്ന, ചില ജീവിതങ്ങളുടെ തകർച്ചയും തളർച്ചയും, മറ്റു ചിലരുടെ അതിജീവനവും ഉയിർത്തെഴുന്നേല്പും.

ഹൃദയസ്പർശിയായ ഒരു നോവൽ. നായകനായ റാമിന്റെ അനുഭവങ്ങൾ. അതിൽ പ്രണയവും പ്രതികാരവും സൗഹൃദവും വെറുപ്പും യാത്രയും ഉണ്ട്. ഇതൊരു സിനിമാറ്റിക് നോവൽ ആണ്. വായനയിലൂടെ സ്വയം നവീകരിക്കപ്പെടാൻ സദാ ശ്രമിക്കുന്ന, ശ്വസിക്കാനുതകുന്ന തരം വാക്കുകൾ ഉച്ചരിക്കുന്നവരുടേതായി ഈ ലോകം മാറിയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്ന, വായനയെ വളരെ ഗൗരവമായി സ്വീകരിക്കുകയും പുസ്തകാവലോകനം വഴി അനേകർക്ക് പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തുകയും അതുവഴി പലരെയും കളഞ്ഞുപോയ വായനയിലേക്ക് മടക്കി കൊണ്ടുവരികയും ചെയ്യുന്ന സാഹിത്യവേദി അംഗം ഷിജി അലക്സ് ചർച്ചനയിക്കുന്നു.

മാർച്ച് മാസത്തിലെ സാഹിത്യവേദിയിൽ വള്ളുവനാടിന്റെ പ്രിയ കഥാകാരൻ നന്തനാരുടെ മകൻ പി. സുധാകരൻ പങ്കുവെച്ച നന്തനാരുടെ കൃതികളെപ്പറ്റിയുള്ള ചർച്ചയും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകളും സാഹിത്യവേദി അംഗങ്ങൾ ഏറെ ആസ്വദിച്ചു.

എല്ലാ സാഹിത്യ സ്നേഹികളെയും ഏപ്രിൽമാസ സാഹിത്യവേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ഷിജി അലക്സ് 224 436 9371, പ്രസന്നൻപിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.




## കെജ്‌രിവാൾ ജയിലിലേക്ക്

(ഒന്നാം പേജിൽ നിന്നും)

ഡൽഹി റൗസ് അവന്യൂ കോടതി കസ്റ്റഡി കാലാവധി ഏപ്രിൽ ഒന്നുവരെ നീട്ടുകയായിരുന്നു. ഇഡി കസ്റ്റഡിയിൽനിന്നാണ് കെജ്‌രിവാൾ ഇതുവരെ ഭരണം നടത്തിവന്നത്.

അതേസമയം അറസ്റ്റിനെതിരെ കെജ്‌രിവാൾ ഡൽഹി ഹൈക്കോടതിയെ സമീപിച്ചിരുന്നു. തന്റെ മൗലികാവകാശം ലംഘിക്കപ്പെട്ടെന്ന് ആരോപിച്ചാണ് കെജ്‌രിവാൾ കോടതിയെ സമീപിച്ചത്.

ഇതിൽ ഡൽഹി ഹൈക്കോടതി ഇഡിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. ഏപ്രിൽ രണ്ടിനുള്ളിൽ മറുപടി നൽകണമെന്നും ഏപ്രിൽ 3ന് വിചാരണ ആരംഭിക്കുമെന്നുമാണ് കോടതി അറിയിച്ചത്.

## ഇന്ത്യയിലെ തൊഴിൽ സാഹചര്യം ഭയാനകമെന്ന് ഐഎൽഒ; എതിർത്ത് മന്ത്രി

ന്യൂഡൽഹി: ഇന്ത്യയിലെ തൊഴിൽ സാഹചര്യം ഭയാനകമാണെന്ന് അഭിപ്രായപ്പെട്ട് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐഎൽഒ). പ്രതിഷേധവുമായി കേന്ദ്ര യുവജനകാര്യ മന്ത്രി അനുരാഗ് താക്കൂർ രംഗത്തെത്തി. തൊഴിലില്ലായ്മ നേരിടുന്ന ഇന്ത്യക്കാരിൽ 83 ശതമാനവും യുവാക്കളാണെന്നാണ് യുഎൻ ഏജൻസിയായ ഐഎൽഒ അവരുടെ റിപ്പോർട്ടിൽ പറയുന്നത്. ചെറുപ്പക്കാർക്കിടയിലെ വിദ്യാസമ്പന്നരായ തൊഴിൽരഹിതരുടെ ശതമാനം 2022-ൽ 54.2-ൽനിന്ന് 65.7 ആയി ഉയർന്നെന്നും റിപ്പോർട്ടിലുണ്ട്. ഇന്ത്യയിലെ തൊഴിലില്ലായ്മ പ്രശ്നം യുവാക്കളിലേക്കു കേന്ദ്രീകരിക്കുന്നതായും നഗരപ്രദേശങ്ങളിലെ വിദ്യാസമ്പന്നർക്കിടയിൽ ഇത് കൂടുതൽ രൂക്ഷമാകുന്നതായുമാണ് ഡേറ്റ വിശകലനം ചെയ്തുകൊണ്ടുള്ള ഐഎൽഒയുടെ നിഗമനം.

എന്നാൽ, ഇതു ശരിയല്ലെന്നാണ് മന്ത്രി അനുരാഗ് താക്കൂർ വിശദീകരിക്കുന്നത്. ഇന്ത്യയിലെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ (ഇപിഎഫ്ഒ) 6.4 കോടി പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മറ്റു പല രാജ്യങ്ങളിലെയും ജനസംഖ്യയേക്കാൾ വലിയ സംഖ്യയാണിതെന്നും അദ്ദേഹം അവകാശപ്പെട്ടു. “മുദ്ര വായ്പകൾ വഴി നൽകിയ 34 കോടി രൂപ ഇന്ത്യയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിന്റെ ഗുണഭോക്താക്കൾ തൊഴിലന്വേഷകർ എന്ന നിലയിൽനിന്ന് തൊഴിൽ നൽകുന്നവരായി മാറിക്കഴിഞ്ഞു. പ്രശസ്തമായ സർവകലാശാലകളിൽ പഠിച്ചിട്ട് ഇന്ത്യയ്ക്കു പുറത്ത് ജോലിചെയ്യുന്ന നിരവധി ആളുകളെ മുമ്പു കണ്ടിട്ടുണ്ട്. അങ്ങനെയുള്ളവർ തിരിച്ചെത്തി ഇന്ത്യയിൽ സ്റ്റാർട്ടപ്പ് നടത്തുന്ന കാലമാണിത്.”- യുവജനകാര്യ മന്ത്രി കൂട്ടിച്ചേർത്തു. വർഷങ്ങളായി ഇന്ത്യ അന്താരാഷ്ട്ര റേറ്റിങ് ഏജൻസികളെയാണ് ആശ്രയിക്കുന്നതെന്നും ഇതിനു മാറ്റം വരണമെന്നും അനുരാഗ് താക്കൂർ പറഞ്ഞു. ഇപ്പോൾ തത്തുല്യമായി സജ്ജീകരിച്ച ആഭ്യന്തര റേറ്റിങ് ഏജൻസികളുണ്ട്. അവരിൽനിന്നുള്ള ഡേറ്റ അനുസരിച്ചു മുന്നോട്ടു പോകണമെന്ന് ഐഎൽഒ റിപ്പോർട്ടിനെ പരാമർശിച്ച് അദ്ദേഹം പറഞ്ഞു.

## ഇന്ത്യാസഖ്യത്തിന്റെ മഹാറാലി

(ഒന്നാം പേജിൽ നിന്നും)

അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ, ഝാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഹേമന്ദ് സോറൻ എന്നിവർക്കായി രണ്ടു കസേരകൾ വേദിയുടെ മുൻനിരയിൽ ഒഴിച്ചിട്ടിരുന്നു. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ആം ആദ്മി പാർട്ടിയാണ് ആദ്യം റാലി പ്രഖ്യാപിച്ചതെങ്കിലും അതു പ്രതിപക്ഷത്തിന്റെ സംയുക്ത മുന്നേറ്റമായി മാറുകയായിരുന്നു.

“പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസവും ആരോഗ്യ പരിരക്ഷയും നൽകാൻ കഴിയുന്ന ഇന്ത്യയെയാണു താൻ സ്വപ്നം കാണുന്നത്” എന്ന കെജ്‌രിവാളിന്റെ സന്ദേശം ഭാര്യ സുനിത കെജ്‌രിവാൾ വായിച്ചു. ഹേമന്ത് സോറന്റെ ഭാര്യ കൽപ്പന സോറനും റാലിയിൽ പങ്കെടുത്തു. അരവിന്ദ് കെജ്‌രിവാളിനെയും ഹേമന്ത് സോറനെയും മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ട നേതാക്കൾ, കേന്ദ്ര അന്വേഷണ ഏജൻസികൾ വഴി പ്രതിപക്ഷത്തെ തകർക്കാനാണു ശ്രമമെന്നു കുറ്റപ്പെടുത്തി.

ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷകക്ഷികൾക്കു തുല്യനിലയിൽ മത്സരിക്കാൻ അവസരമൊരുക്കണം എന്നതടക്കം തെരഞ്ഞെടുപ്പ് കമ്മീഷനു മുന്നിൽ ഉന്നയിക്കാനുള്ള അഞ്ച് ആവശ്യങ്ങൾ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി അവതരിപ്പിച്ചു.

തെരഞ്ഞെടുപ്പു ബോണ്ട് വഴി ബിജെപി കൊള്ളയടിക്കുകയായിരുന്നെന്നും ഇതേക്കുറിച്ചു സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ പ്രത്യേക സംഘം അന്വേഷിക്കണമെന്നും ഇന്ത്യ സഖ്യം ആവശ്യപ്പെട്ടു.

ബിജെപി ജയിക്കുകയും ഭരണഘടന മാറ്റിയെഴുതുകയും ചെയ്താൽ ഇന്ത്യ കത്തിയെരിയുമെന്നു രാഹുൽ ഗാന്ധി മുന്നറിയിപ്പു നൽകി. 400 സീറ്റെന്ന ലക്ഷ്യത്തിലെത്തിക്കാൻ ക്രിക്കറ്റിലേതിനു സമാനമായി മാച്ച് ഫിക്സിങ്ങിനാണു നരേന്ദ്ര മോദിയുടെ ശ്രമം. “അമ്പയർ”മാരെ വശത്താക്കിയ മോദി, എതിർ ടീമിലെ “രണ്ടു കളിക്കാരെ” അഴിക്കുള്ളിലാക്കി. മാച്ച് ഫിക്സിങ്ങും വോട്ടിങ് യന്ത്രങ്ങളും സാമൂഹികമാധ്യമങ്ങളും “സഹായി”ച്ചില്ലെങ്കിൽ എൻഡിഎ 180 സീറ്റ് കടക്കില്ലെന്നും രാഹുൽ പറഞ്ഞു.

ബിജെപിയും ആർഎസ്എസും വിഷത്തിനു തുല്യമാണെന്നും അതു രുചിക്കരുതെന്നും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആഹ്വാനം ചെയ്തു. “ജനാധിപത്യമാണോ സ്വേച്ഛാധിപത്യമാണോ വേണ്ടതെന്നു നിങ്ങൾക്കു തീരുമാനിക്കാം. ഏകാധിപത്യത്തെ പിന്തുണയ്ക്കുന്നവരെ ഇന്ത്യയിൽനിന്നു പുറത്താക്കണം” - അദ്ദേഹം പറഞ്ഞു. ഇന്ത്യൻ രാഷ്ട്രീയത്തിൽ പുതിയ ഊർജം പിറന്നിരിക്കുകയാണെന്നു സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി പറഞ്ഞു.

കെജ്‌രിവാളിന്റെ അറസ്റ്റ് പ്രതിപക്ഷനിരയെ വീണ്ടും ഒന്നിപ്പിച്ചതിനും റാലി തെളിവായി. അകന്നുനിന്നിരുന്ന ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ തൃണമൂൽ കോൺഗ്രസിന്റെ പ്രതിനിധിയും റാലിയിൽ പങ്കെടുത്തു. ഇതു ബിജെപിയും ജനാധിപത്യവും തമ്മിലുള്ള പോരാട്ടമാണെന്നു തൃണമൂൽ നേതാവ് ഡെറിക് ഒബ്രിയാൻ പറഞ്ഞു. മുഖ്യമന്ത്രിമാരെ ജയിലിലയച്ചതിനെ ലോകം മുഴുവൻ വിമർശിക്കുകയാണെന്ന് എസ്പി നേതാവ് അഖിലേഷ് യാദവ് ചൂണ്ടിക്കാട്ടി. വോട്ടിലൂടെ നരേന്ദ്രമോദിക്കു ജനം മറുപടി നൽകണമെന്ന് ആർജെഡി നേതാവ് തേജസ്വി യാദവ് ആഹ്വാനം ചെയ്തു.

“കെജ്‌രിവാളിനെ അറസ്റ്റ് ചെയ്യാം. എന്നാൽ അദ്ദേഹത്തിന്റെ ആശയങ്ങളെ എങ്ങനെ അറസ്റ്റ് ചെയ്യും” എന്നു പഞ്ചാബ് മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ ഭഗവന്ത്മാൻ ചോദിച്ചു. അന്വേഷണം കൂടാതെ ആളുകളെ അഴിക്കുള്ളിലാക്കുന്ന ഈ കാലം കലിയുഗത്തിലെ അമൃത്കാലമാണെന്നു പിഡിപി നേതാവ് മെഹ്ബൂബ മുഫ്തി പറഞ്ഞു.

## കടമെടുപ്പ് പരിധി;

(ഒന്നാം പേജിൽ നിന്നും)

ബാക്കി കടമെടുപ്പ് പരിധിയുടെ കാര്യത്തിൽ കേന്ദ്രസർക്കാരുമായി ചർച്ച നടത്താനാണ് കോടതി നിർദേശിച്ചത്. 26,000 കോടി രൂപ കടമെടുക്കാൻ ഇടക്കാല ഉത്തരവിലൂടെ അനുവദിക്കണമെന്നായിരുന്നു കേരളത്തിന്റെ ആവശ്യം. വിഷയത്തിൽ വാദം പൂർത്തിയായിരുന്നു. 2023-24 സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധി ഉയർത്താനുള്ള വിഷയത്തിൽ കേടതി നിർദേശം അനുസരിച്ച് ചർച്ച നടന്നിരുന്നെങ്കിലും കേന്ദ്രവും സംസ്ഥാനവും തമ്മിൽ ധാരണയായിരുന്നില്ല.

കേന്ദ്രത്തിന്റെ വായ്പാപരിധി നിശ്ചയിക്കുന്ന രീതിയിൽ മാറ്റം വരുത്തണമെന്നും കേരളത്തിന് അടിയന്തര ധനസഹായം നല്കണമെന്നുമുള്ള ഹർജികളാണ് കേരളം നല്കിയത്. ഓരോ സംസ്ഥാനത്തിനും എത്രത്തോളം കടമെടുക്കാൻ കഴിയുമെന്ന പ്രധാന ഹർജിയാണ് അഞ്ചംഗ ബെഞ്ചിനു വിട്ടിരിക്കുന്നത്. കേരളത്തിന് അടിയന്തരമായി 10,000 കോടി രൂപ കൂടി അനുവദിക്കണമെന്ന ഹർജിയിൽ സുപ്രീംകോടതി ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

ഭരണഘടനയുടെ 293-ാം അനുച്ഛേദപ്രകാരമാണ് സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി നിശ്ചയിക്കുന്നത്. ഈ അനുച്ഛേദം ഇതുവരെ കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടിട്ടില്ല എന്നാണ് കേസ് പരിഗണിച്ച രണ്ടംഗ ബെഞ്ച് ചൂണ്ടിക്കാട്ടിയത്. കേരളത്തിന്റെ ഹർജിയുടെ അടിസ്ഥാനത്തിൽ ആറു ചോദ്യങ്ങൾ ഉയർന്നുവരുമെന്നാണ് കോടതി ചൂണ്ടിക്കാട്ടിയത്. ഈ പശ്ചാത്തലത്തിൽ കേസ് ഭരണഘടനാ ബെഞ്ച് പരിഗണിക്കുന്നതാകും ഉചിതമെന്നും കോടതി അറിയിച്ചു.

## ഉടൻ നടപടിയില്ല

(ഒന്നാം പേജിൽ നിന്നും)

നടപടികളിലേക്ക് പോകുന്നില്ലെന്ന് സോളിസിറ്റർ ജനറൽ കോടതിയിൽ ഉറപ്പുനൽകി. 2014-2015 മുതൽ 2016-2017 വരെയുള്ള വർഷങ്ങളിൽ 1745 കോടി രൂപ നികുതി ആവശ്യപ്പെട്ട് ആദായനികുതി വകുപ്പിൽനിന്ന് പുതിയ നോട്ടീസ് ലഭിച്ചിരുന്നു. ഇതോടെ മൂന്നുദിവസത്തിനുള്ളിൽ ലഭിച്ചത് 3567 കോടി രൂപയുടെ നോട്ടീസാണ്. 2018-2019 സാമ്പത്തികവർഷത്തെ ആദായനികുതി റിട്ടേൺ താമസിച്ചതിന് പിഴയടക്കമാണ് 135 കോടി രൂപ പിടിച്ചെടുത്തത്.

കോൺഗ്രസ് അക്കൗണ്ടിൽനിന്ന് പിടിച്ച 135 കോടി രൂപയ്ക്കുപുറമേ മൂന്നുദിവസത്തിനുള്ളിൽ 3567.3 കോടി രൂപയുടെ മൂന്നു നോട്ടീസുകളാണ് കോൺഗ്രസിന് ലഭിച്ചതെന്നും കോൺഗ്രസ്മുക്ത ഭാരതമെന്ന ബിജെപി ലക്ഷ്യത്തിന് കുടപിടിക്കുന്ന, കൂറോടെ പിന്തുണയ്ക്കുന്ന ഉദ്യോഗസ്ഥരോട് ബിജെപി നന്ദി പറയണമെന്നും കോൺഗ്രസ് എംപിയും അഭിഭാഷകനുമായ വിവേക് തൻഖ പറഞ്ഞു.

# SEEKING BRIDEGROOM

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4) . Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to:
**cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available. Contact- **Plavilakandan@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to:
**bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism.

# SEEKING BRIDE

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at
**mathewg1956@gmail.com** or text at **863-709-6031.**

## കെ.കെ. ജോസഫ്

**കുറുപ്പന്തറ:** കുതിരവട്ടത്തിൽ (തേവരുപറമ്പിൽ) കെ.കെ. ജോസഫ് (അപ്പച്ചൻ-87) അന്തരിച്ചു. ഭാര്യ കുര്യനാട് കുടകച്ചേരിൽ പരേതയായ റോസമ്മ ജോസഫ്. മക്കൾ: ഡോ. ശോഭ ജോസഫ് (ഓസ്ട്രേലിയ), സിന്ധു ജോസഫ് (യുഎസ്). മരുമക്കൾ: ഡോ. വിൻസന്റ് ജോൺ വട്ടപ്പാറയിൽ മുത്തോലപുരം (ഓസ്ട്രേലിയ), മൈക്കിൾ ജോബ് ഓലിക്കൽ പാലാ (യുഎസ്).

**കൊച്ചി:** പിഡബ്ല്യുഡിയിൽ എഞ്ചിനീയറും ദോഹ ആൽ ബലാഗ് കമ്പനി മുൻ സിഇഒയുമായ കലൂർ ജോർജ് ഈഡൻ റോഡിൽ പുത്തൂൻ ഹൗസിൽ ജെയ്സൺ ചാക്കോ (73) അന്തരിച്ചു.

**കുറിച്ചിത്താനം:** ചുമർച്ചിത്ര കലാകാരി തലയാറ്റുപിള്ളി മന ഹേമവരുൺ (ഹേമ നീലമന-30) നെതർലൻഡിൽ അന്തരിച്ചു.

**തമ്മനം:** മുതിർന്ന പത്രപ്രവർത്തകനും സ്വതന്ത്രചിന്തകനുമായ ഡോ. ജെയിംസ് കോട്ടൂർ (89) അന്തരിച്ചു.

**കാട്ടാമ്പാക്ക്:** ഇരുമ്പുവെട്ടിയാനിക്കൽ ത്രേസ്യാമ്മ തോമസ്(76) അന്തരിച്ചു.

## ശോശാമ്മ കുര്യൻ

**പുളിക്കീഴ്:** വളഞ്ഞവട്ടം വലിയപറമ്പിൽ ശോശാമ്മ കുര്യൻ (86) അന്തരിച്ചു. പരുമല തോപ്പിൽ കിഴക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ് വി.വി. കുര്യൻ. മക്കൾ: ഷേർലി, ഷീബ (യുഎസ്), പരേതനായ ഷാജി.

**ഏറ്റുമാനൂർ:** പുള്ളുവേലിൽ ലീലാമ്മ കുര്യൻ (67) അന്തരിച്ചു.

**കോട്ടയം:** ബാവൻസ് ഗ്രൂപ്പ് ഡയറക്ടർ പുളിക്കൽ സുനിൽ ജേക്കബ് ചെറിയാൻ (62) അന്തരിച്ചു.

**ചാന്നാനിക്കാട്:** കോട്ടയം ജില്ലാ ആശുപത്രി റിട്ട. സ്റ്റോർ കീപ്പർ മൂലകുളം എം.ഡി. ദാനിയേൽ (85) അന്തരിച്ചു.

**പുത്തനങ്ങാടി:** തിരുനക്കര പുളിമൂട്ടിൽ ഷേർളി ചെറിയാൻ (71) അന്തരിച്ചു.

## അഡ്വ. ജേക്കബ് മാമ്മൻ

**ബെംഗ്ളൂരു:** വ്യോമസേന റിട്ട. ഉദ്യോഗസ്ഥനും ഡിആർഡിഒ റിട്ട. ടെക്നിക്കൽ ഓഫീസറുമായ കുമ്പനാട് പാലനിൽക്കുന്നതിൽ അഡ്വ. ജേക്കബ് മാമ്മൻ (79) അന്തരിച്ചു. ഭാര്യ റാന്നി കോന്നാട്ട് വാഴക്കാലായിൽ ലീല ജേക്കബ്. മക്കൾ: അജിത് മാമ്മൻ ജേക്കബ്, അജു തര്യൻ (യുഎസ്), മരുമക്കൾ: ലിയ കുരുവിള (ബെംഗ്ളൂരു), ഡോ. എബി തര്യൻ (യുഎസ്).

## ശോശ ജോസഫ്



**കോട്ടയം:** ഗാന്ധിനഗറിൽ വാലയിൽ പി.വി. ജോസഫിന്റെ പത്നി ശോശ ജോസഫ് (സാലി-77) അന്തരിച്ചു. കോട്ടയം മെഡിക്കൽ കോളജിൽ നിന്നും സയന്റിഫിക് ഓഫീസറായി വിരമിച്ച പരേത മണർകാട് പുത്തൻപുരയ്ക്കൽ പി.സി. ചെറിയാന്റെ മകളാണ്. മക്കൾ: ബിന്ദു ഡേവിഡ് (ന്യൂയോർക്ക്), ബിനോ ജോസഫ് (ടെക്സസ്), ബോബി ജോസഫ് (ഓസ്ട്രേലിയ). മരുമക്കൾ: സിബി ഡേവിഡ് (ന്യൂയോർക്ക്), ബിന്ദു ജോസഫ് (ടെക്സസ്), സ്മിതാ ജോസഫ് (ഓസ്ട്രേലിയ).

**അഗളി:** അട്ടപ്പാടി കൂക്കംപാളയം പുവ്വത്തിങ്കൽ വീട്ടിൽ എൽഫിൻ ബേബി (43) അന്തരിച്ചു.

**അയർക്കുന്നം:** കുമളി ഗവ. പോളി ടെക്നിക് റിട്ട. ഉദ്യോഗസ്ഥൻ കഞ്ഞിക്കുഴി പുളിക്കത്തോപ്പിൽ പി.എ. ജോൺ (കുഞ്ഞുമോൻ-71) അന്തരിച്ചു.

**സീതത്തോട്:** കോച്ചുകോയിക്കൽ ആലപ്പാട്ട് ഏബ്രഹാം കുര്യൻ (കുഞ്ഞവറാച്ചൻ-73) അന്തരിച്ചു.

## മേരി സെബാസ്റ്റ്യൻ

**രാമപുരം:** കടുതോടിൽ മേരി സെബാസ്റ്റ്യൻ (91) അന്തരിച്ചു. രാമപുരം പള്ളിവാതുക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.സി. സെബാസ്റ്റ്യൻ. മക്കൾ: ബിനോയ് (തിരുവനന്തപുരം), ബെറ്റ്സി, ബോബി (യുഎസ്), ബേബി (രാമപുരം). മരുമക്കൾ: രാജി തുണ്ടത്തിൽ (തിരുവനന്തപുരം), ടോം തോമസ് വടക്കേടത്ത് കദളിക്കാട് (റിട്ട. പ്രധാനാദ്ധ്യാപകൻ), റാണി വട്ടമറ്റത്തിൽ (നെയ്യശേരി), കവിത വാഴവേലിൽ (കൂവപ്പള്ളി).

**പട്ടിത്താനം:** അതിരമ്പുഴ സെന്റ് മേരീസ്, സെന്റ് അലോഷ്യസ് പ്രൈമറി സ്കൂൾ റിട്ട. അധ്യാപിക ആട്ടേൽ ചിന്നമ്മ തോമസ് (83) അന്തരിച്ചു.

**കൊല്ലം:** പെന്തക്കോസ്ത് മിഷൻ തിരുവനന്തപുരം സെന്റർ മദർ ശാന്തമ്മ ശാമുവൽ (85) അന്തരിച്ചു.

**റാന്നി:** സെ. തോമസ് ഇവൻജലിക്കൽ സഭയുടെ മുതിർന്ന സുവിശേഷകൻ വലിയകാവ് പാറപ്പാട്ട് പി.എ. ചാക്കോ (90) അന്തരിച്ചു.

**ഓണക്കൂർ:** റിട്ട. ഹെഡ്മാസ്റ്റർ കുന്നത്ത് കെ.ഐ. ജോൺ (83) അന്തരിച്ചു.

**തൊമ്മൻകുത്ത്:** പയ്യാനിക്കൽ ഏലിയാസ് മാത്യു (89) അന്തരിച്ചു.

**മേപ്രാൽ:** പുത്തൻപറമ്പിൽ ചെറുകരയിൽ യോഹന്നാൻ ഫിലിപ്പോസ് (കുഞ്ഞൂട്ടി-80) അന്തരിച്ചു.

## സൈമൺ ചേത്തലിൽ

**കിഴക്കേ കൂടല്ലൂർ:** ചേത്തലിൽ സൈമൺ (ചുമ്മാർ-75) അന്തരിച്ചു. ഭാര്യ കോതനല്ലൂർ ചെട്ടിക്കരോട്ട് മേരി. മക്കൾ: ആശ (ഇറ്റലി), അനീഷ് (യുഎസ്). മരുമക്കൾ: റോയ് കുഴിമറ്റത്തിൽ (പുന്നത്തുറ), ജോഷി വട്ടമറ്റക്കിൽ (കല്ലറ).

**കൊച്ചി:** നൈജീരിയയിൽ അദ്ധ്യാപകനായിരുന്ന കടവന്ത്ര വിദ്യാനഗർ ഡിഡി റോസസ് ഗേറ്റ് പുതുച്ചിറ തോമസ് തങ്കൻ (83) അന്തരിച്ചു.

**കൊല്ലം:** വിമലഹൃദയ ഫ്രാൻസിസ്കൻ സഭാംഗം സിസ്റ്റർ ലൊറേന മേരി (92) അന്തരിച്ചു.

**ന്യൂപൻവേൽ:** റിട്ട. അധ്യാപിക കോട്ടയം പ്ലാമൂട്ടിൽ സാറാമ്മ ഐസക്ക് (81) അന്തരിച്ചു.

**തങ്കമണി:** വലിയമറ്റത്തിൽ മറിയാമ്മ (94) അന്തരിച്ചു.

**മൂവാറ്റുപുഴ:** പെരുമ്പല്ലൂർ എസ്എച്ച്എൽപിഎസ് റിട്ട. അധ്യാപിക ചാത്തംകോട്ട് അന്നക്കുട്ടി (95) അന്തരിച്ചു.

**മടവൂർ:** തുമ്പോട് കൃഷ്ണവിലാസത്തിൽ റിട്ട. കൃഷി ഓഫീസർ കെ. മാധവൻനായർ (91) അന്തരിച്ചു.

**മുളന്തുരുത്തി:** ജംഷഡ്പൂർ ടാറ്റാ അയേൺ ആൻഡ് സ്റ്റീൽ റിട്ട. ഉദ്യോഗസ്ഥൻ പെരുമ്പളം കരിയത്ത് കുരുവിള ജോൺ (ബേബി-93) അന്തരിച്ചു.

## ചാച്ചിയമ്മ ഏബ്രഹാം

**കവിയൂർ:** കക്കുടിയിൽ ചാച്ചിയമ്മ ഏബ്രഹാം (ശാന്ത-73) ബോസ്റ്റണിൽ അന്തരിച്ചു. ഭർത്താവ് സണ്ണി. മക്കൾ: താര, ജോർജ്. മരുമക്കൾ: മാത്യു, ലിയാൻ (എല്ലാവരും യുഎസ്).

**കൊച്ചി:** പടമുഗൾ സാറ്റലൈറ്റ് ടൗൺഷിപ്പ് ബി 1136, കേരള ഹൈക്കോടതിയിൽ അഭിഭാഷകനായിരുന്ന പൊന്നാനി ഹരിഹരമംഗലത്ത് അഡ്വ. എച്ച്. ശിവരാമൻ (77) അന്തരിച്ചു.

## സാറാമ്മ തോമസ്



**പത്തനാപുരം:** പത്തനാപുരം കലഞ്ഞൂർ ദൈവസഭാംഗവും ചർച്ച് ഓഫ് ഗോഡ് മുൻ ശുശ്രൂഷകനുമായ കോയിപ്പുറത്ത് ഗിൽഗാൽ ഭവനിൽ പാസ്റ്റർ ഡോ. തോമസ് കെ. ഐപ്പിന്റെ ഭാര്യ സാറാമ്മ തോമസ് അന്തരിച്ചു. മക്കൾ: ഷൈൻ ഐപ്പ്, ഷാൻസൺ ഐപ്പ് (ഇരുവരും ഡാളസ് ഫെയ്ത്ത് റ്റാബർനാക്കിൾ ചർച്ച് ഓഫ് ഗോഡ് സഭയിലെ അംഗങ്ങൾ), ഷൈലു ഐപ്പ് (ഓസ്ട്രേലിയ).

**എടത്വ:** റിട്ട. ഐബി ഓഫീസർ കുന്തിരിക്കൽ മണലാംഭാഗം തെക്കേക്കുറ്റ് വർഗീസ് വർഗീസ് (ജോൺസൺ-73) അന്തരിച്ചു.

**തെങ്ങമംകിഴക്ക്:** വിമുക്തഭടൻ ഗീതാമന്ദിരത്തിൽ കെ.എൻ. ഗോപാലക്കുറുപ്പ് (87) അന്തരിച്ചു.

**കോതമംഗലം:** സിഎംസി പാവനാത്മാ പ്രോവിൻസ് സാൻജോ ഭവൻ മഠാംഗം സിസ്റ്റർ മെലാനി (ഏലിയാമ്മ-84) അന്തരിച്ചു.

**വൈറ്റില:** ജനതാ റോഡ് ലൈൻ 34,650 എയിൽ പരമേശ്വരൻ (സഞ്ജു-53) അന്തരിച്ചു.

**പാറമ്പുഴ:** ഓറിയന്റൽ ഇൻഷുറൻസ് റിട്ട. ജീവനക്കാരി ആശാഭവനിൽ (ഇളങ്ങൂർ) അമ്മിണിയമ്മ (72) അന്തരിച്ചു.

**മേലുകാവുമറ്റം:** കുന്നുംപുറത്ത് (പുരയിടത്തിൽ) ജോസഫ് (85) അന്തരിച്ചു.

**ആർപ്പൂക്കര:** പിണഞ്ചിറക്കുഴി പുതുപ്പറമ്പിൽ ജോസഫ് തോമസ് (കുട്ടപ്പൻ-73) അന്തരിച്ചു.

**തിരുവല്ല:** പെന്തെക്കോസ്ത് മിഷൻസഭ തിരുവല്ല സെന്റർ പാസ്റ്റർ സി.എൽ. സാമുവൽ (ബാബു-73) അന്തരിച്ചു.

**മുട്ടം:** പെരുമ്പുഴ പൊതിയിൽ (ഈരൂരിക്കൽ) അന്നക്കുട്ടി സെബാസ്റ്റ്യൻ (85) അന്തരിച്ചു.

## സിസ്റ്റർ കാതറൈൻ

**ചീരഞ്ചിറ:** അമലോത്ഭവ മാതാവിന്റെ പ്രേഷിത സന്യാസിനി സമൂഹാംഗം സിസ്റ്റർ കാതറൈൻ (85) അന്തരിച്ചു. വായ്പൂര് കരത്തോട്ടത്തിൽ പരേതനായ ജോസഫിന്റെ മകളാണ്. സഹോദരങ്ങൾ: മേരിക്കുട്ടി (നിരണം), ഏലിയാമ്മ (കുന്നന്താനം), അന്നമ്മ, കൊച്ചുത്രേസ്യ, ജോർജുകുട്ടി, പരേതനായ ഔസേപ്പച്ചൻ (നാലുപേരും യുഎസ്).

**കണ്ണൂർ:** മുൻ എംഎൽഎയും സിപിഎം നേതാവുമായ ജയിംസ് മാത്യുവിന്റെ പിതാവും കുടിയേറ്റ കർഷകനുമായ പൊടിക്കുണ്ട് നീരാക്കൽ വീട്ടിൽ എൻ.ജെ. മാത്യു (93) അന്തരിച്ചു.

**പെരുമാനൂർ:** നേവൽബേസ് റിട്ട. ഉദ്യോഗസ്ഥ ക്ലിന്റ് റോഡ് പാലക്കപ്പിള്ളി ലിനറ്റ് ജോസഫ് (69) അന്തരിച്ചു.

**കല്ലറ:** കോട്ടയം വിസിറ്റേഷൻ സമൂഹാംഗമായ സിസ്റ്റർ ജോൺ മരിയ (67) അന്തരിച്ചു.

**രാമപുരം:** തോണിക്കമലയിൽ റോസമ്മ ജോർജ് (68) അന്തരിച്ചു.

**അതിരമ്പുഴ:** കൃഷി വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ പുളിങ്കാലായിൽ പി.എസ്. ജോർജ് (85) അന്തരിച്ചു.

**ചങ്ങനാശേരി:** എകെസിഎച്ച്എംഎസ് സംസ്ഥാന വൈസ് പ്രസിഡണ്ട് പുഴവാത് ചിറത്തറ വീട്ടിൽ കെ. കൃഷ്ണൻകുട്ടി (72) അന്തരിച്ചു.

## അന്നമ്മ ഫിലിപ്പ്

**കുറിയന്നൂർ:** ചൂഴികുന്നിൽ അന്നമ്മ ഫിലിപ്പ് (77) യുഎസിൽ അന്തരിച്ചു. ചെങ്ങന്നൂർ കൊട്ടാരത്തിൽ കുടുംബാംഗമാണ്. ഭർത്താവ് ജോർജ് ഫിലിപ്പ്. മക്കൾ: ലിജി ജോർജ്, സജി ജോർജ്. മരുമകൾ: ഏയ്ഞ്ചൽ മത്തായി.

**കാസർകോട്:** ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റി മുൻ പ്രസിഡണ്ടും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഗണിതശാസ്ത്ര വിഭാഗം മുൻ മേധാവി നീലേശ്വരം പേരോൽ തെക്കേടത്തു മനയിൽ പ്രഫ. ടി. ത്രിവിക്രമൻ (80) അന്തരിച്ചു.

**തിരുവനന്തപുരം:** കവടിയാർ പണ്ഡിറ്റ്സ് കോളനി (പിസിആർഎ 53) പുത്തൻപറമ്പിൽ അജിൻ കോശി (76) അന്തരിച്ചു.

**ഇത്തിത്താനം:** തെക്കേമുണ്ടയ്ക്കൽ വാസുദേവൻ നായർ (89) അന്തരിച്ചു.

**ഇത്തിത്താനം:** വടക്കേവീട് മണിമലപറമ്പിൽ ഏലിയാമ്മ വർഗീസ് (തങ്കമ്മ-88) അന്തരിച്ചു.

**കൊങ്ങാണ്ടൂർ:** തെക്കനാട്ട് (തേവർമറ്റത്തിൽ) സിറിൽ തോമസ് (സിറിയക്-71) അന്തരിച്ചു.

**പിഴക്:** കല്ലറയ്ക്കൽ ത്രേസ്യാമ്മ തോമസ് (85)അന്തരിച്ചു.

## ഡോ. മോഹൻ മാത്യു

**തിരുവനന്തപുരം:** കേരള സർവകലാശാല വിദ്യാഭ്യാസ വകുപ്പ് ചിക്കാഗോ പ്രോഗ്രാംഡ് ആക്ടിവിറ്റീസ് ഫോർ കറക്ഷണൽ എജ്യൂക്കേഷൻ എന്നീ വിഷയങ്ങളിലെ മുൻ അദ്ധ്യാപകൻ പേരൂർക്കട ദർശന നഗർ റാണി കോട്ടേജിൽ ഡോ. മോഹൻ മാത്യു (92) അന്തരിച്ചു. ഭാര്യ തിരുവല്ല കോഴിമണ്ണിൽ പരേതയായ റാണി മാത്യു. മക്കൾ: റോയ് മാത്യു, റോഷിണി മാത്യു, പരേതയായ റീന മാത്യു (എല്ലാവരും യുഎസ്).

**പാലാ:** സിസ്റ്റേഴ്സ് ഓഫ് സെ. മർത്താസ് കോൺഗ്രിഗേഷൻ രാജ്കോട്ട് രൂപത ശാന്തിനികേതൻ ടൊക്കാറാള ഭവനാംഗം സിസ്റ്റർ ജെസിൻ മരിയ തൃട്ടയിൽ (ടി.ഡി. റെജി-44) അന്തരിച്ചു.

## തങ്കമ്മ ഏബ്രഹാം



**ഹൂസ്റ്റൺ:** തടിയൂർ ളാഹേത്ത് കുടുംബാംഗം സ്കറിയാ ഏബ്രഹാമിന്റെ (തങ്കച്ചൻ) ഭാര്യ തങ്കമ്മ ഏബ്രഹാം (77) അന്തരിച്ചു. പരേത ഹരിപ്പാട് പുത്തൻപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ലിസ ബ്ലാങ്കൻഷിപ്പ്, ലിജോ ഏബ്രഹാം, ലിയോൺ ഏബ്രഹാം. മരുമക്കൾ: ജോഷ ബ്ലാങ്കൺഷിപ്, നിഷ ഏബ്രഹാം.

**മാവേലിക്കര:** റിട്ട. സെയിൽസ് ടാക്സ് ഓഫീസർ പ്രായിക്കര നെടിയമണ്ണിൽ പുത്തൻവീട്ടിൽ കെ.സി. സാമുവൽ (88) അന്തരിച്ചു.

**തമ്മനം:** കുത്താപ്പാടി ആശാരിപ്പറമ്പിൽ സെലീന സെബാസ്റ്റ്യൻ (78) അന്തരിച്ചു.

**ആറാട്ടുപുഴ:** പൂപ്പള്ളി ഡോ. പി.വി. കോശി (95) അന്തരിച്ചു.

**കോട്ടയം:** കളത്തിപ്പടി മരിയൻ സീനിയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക താന്നിക്കൽപ്പടി വെണ്ണലശ്ശേരിൽ ലില്ലി ജെറോം (76) അന്തരിച്ചു.

**കുറിച്ചി:** കച്ചിറയിൽ അന്നമ്മ മാത്യു (72) അന്തരിച്ചു.

**നാലുന്നാക്കൽ:** ഇലവുംമൂട്ടിൽ മറിയാമ്മ വർഗീസ് (92) അന്തരിച്ചു.

**നെയ്യശേരി:** ഈന്തുങ്കൽ സൈമൺ ജോൺ (57) അന്തരിച്ചു.

**കാനം:** പയ്യംപള്ളിൽ അന്നമ്മ ഫിലിപ്പ് (88) അന്തരിച്ചു.

**പാലാ:** കൊച്ചിടപ്പാടി പൈകട റോസമ്മ ജോസഫ് (84) അന്തരിച്ചു.

## ആനി തോമസ് പറപ്പുള്ളി അന്തരിച്ചു



**ചിക്കാഗോ:** ഫൊക്കാന അഡീഷണൽ ജോ. സെക്രട്ടറി സോണി അംബൂക്കന്റെ മാതാവ് ആനി തോമസ് (77-റിട്ട. അധ്യാപിക) അന്തരിച്ചു. പറപ്പുള്ളി കുടുംബാംഗമാണ്. ഭർത്താവ് തോമസ് അംബൂക്കൻ ഓറിയന്റൽ ഇൻഷ്വറൻസ് ഉദ്യോഗസ്ഥനായിരുന്നു. മക്കൾ: സോണി അംബൂക്കൻ (ഹാർട്ട്ഫോർഡ് സിടി), ടോണി അംബൂക്കൻ (കിംഗ്സ്റ്റൺ, കാനഡ), മോണി തോമസ് അംബൂക്കൻ (സീനിയർ മാനേജർ എഎസ്എംഎൽ). മരുമക്കൾ: മരിയ സുനിത തൈവളപ്പിൽ, സിമി ജോൺസ് തണ്ണിപ്പിള്ളി, പ്രീതി ജോയ് (എഞ്ചിനീയർ). സഹോദരങ്ങൾ: ചിന്നു, റോസിലി, പരേതരായ തോമസ്, ജോർജ്.

KERALA EXPRESS Classified

## CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**
**Thomasjacob1955@gmail.com**

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**
**713-885-6016**

## CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

## NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**
**Baby @. 845-270-4310**

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

**Visit Our Website: www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അല്ലിമയുടെ മാതാപിതാക്കളെ കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. അവിടെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. ഹോസ്പിറ്റലിൽനിന്ന് അവർക്കു വിവരങ്ങൾ നൽകിയ നേഴ്സ് സോഫിയായ്ക്കു ജോലി നഷ്ടപ്പെട്ടു. കിഷോർ ആലുവായിൽ അവൾക്കു ജോലി ശരിയാക്കി. സന്ദീപും സംഘവും അന്വേഷണം തുടർന്നു. ഇടുക്കിയിലെ പെരിയാർവാലിയിൽ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമായി. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തി. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. ഹേമചന്ദ്രൻ നൽകിയ പരാതിപ്രകാരം അനിബാബുവിനെയും മാതാപിതാക്കളെയും കസ്റ്റഡിയിലെടുത്തത് പോലീസിനു പൊല്ലാപ്പാകുന്നു. സന്ദീപിനെ അച്ഛൻ വിളിച്ച് അടിയന്തരമായി വീട്ടിലെത്താൻ ആവശ്യപ്പെടുന്നു. സന്ദീപ് മറുപടിയൊന്നും പറയാതെ ജാഗരൂകനായി നിന്നു....**

## 90

ഗേറ്റ് കടന്നു പുറത്തുനിന്നും കോണിപ്പടിയുള്ള മുറ്റത്തേക്കു കാർ ഒതുക്കിയിട്ടശേഷം സന്ദീപ് കാറിലിരുന്ന് അൽപനേരം ആലോചിച്ചു. പ്രബലരായ രണ്ടു വൃദ്ധന്മാരെയാണ് അഭിമുഖീകരിക്കേണ്ടത്. ബാലമ്മാമ എന്നു വിളിക്കുമെങ്കിലും തനിക്ക് അമ്മാവനല്ല- പിതാമഹനു തുല്യനാണ്. അച്ഛന്റെ ബാലമ്മാമ വിളി കേട്ട് ശീലിച്ചുപോയതാണ്. ഭാസിയമ്മാമയെക്കാൾ കുറച്ചുംകൂടി ഗൗരവപ്രകൃതിയാണു ബാലമ്മാമ. സൂക്ഷിച്ചുവേണം സംസാരിക്കാൻ.

ബാലമ്മാമയോട് നേർക്കു നേരെ നിന്നു സംസാരിക്കാനുള്ള ധൈര്യമൊന്നും മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ലെന്നു സന്ദീപ് ഓർത്തു. ചന്ദ്രബാബുവിനെപ്പറ്റിയുള്ള അന്വേഷണം തുടങ്ങിയ ശേഷമാണ് അതിനുള്ള ധൈര്യമായത്. മുൻപൊക്കെ അച്ഛന്റെയൊപ്പം കല്ലാറ്റുപടിക്കൽ ചെല്ലുമ്പോൾ ബാലമ്മാമ ശാന്തഗംഭീരനായി നിന്ന് കൊച്ചുകുട്ടിയോടെന്നപോലെ എന്തെങ്കിലും ചോദിക്കും.

- നിന്റെ പഠിപ്പൊക്കെ എങ്ങനെയൊണ്ടെടാ...

- നിൻ്റച്ഛനെപ്പോലെ വക്കീലും ജഡ്ജിയുമൊക്കെ ആകാനാണോ പ്ലാൻ...

- പത്രത്തിന്റെ ജോലിക്കൊക്കെ നിന്നെക്കൊണ്ട് കൊള്ളാവോ... അതീന്ന് എന്തു കിട്ടാനാ നിനക്ക്. വേറെ വല്ല പണിയും നോക്കെടാ... നാലു കാശുണ്ടാക്കാൻ... ഇങ്ങനെയൊക്കെ നാലഞ്ചു ചോദ്യങ്ങളും അതിനെല്ലാം ഒറ്റവാക്കിലോ മൂളലിലോ ഒതുങ്ങുന്ന അപൂർണമായ മറുപടികളും.

ഇപ്പോൾ അതല്ല അവസ്ഥ.

നേർക്കുനേർ നിന്നു വാഗ്വാദം നടത്തേണ്ടി വന്നേക്കാം. പ്രായം ചെന്നവരുമായുള്ള തർക്കം എന്നും ഒഴിവാക്കാനേ ശ്രമിച്ചിട്ടുള്ളൂ. അവരുടെ അനുഭവങ്ങളും അനിഷ്ടങ്ങളും ഉറച്ചതാണ്. അവരുടെ വാക്കുകൾക്കു തീക്ഷ്ണത കൂടും. അവരുടെ കണ്ണിൽനിന്നു വരുന്ന നോട്ടങ്ങളിൽ ശാപശരങ്ങൾ ഒളിഞ്ഞിരിക്കും. വാത്സല്യവും അങ്ങനെ തന്നെയാണ്. അതിൽ അനുഗ്രഹാശിസ്സുകൾ നിറഞ്ഞിരിക്കും.

സന്ദീപ് ഡോർ തുറന്നിറങ്ങി.

കല്ലാറ്റുപടിക്കലെ കാർ സിറ്റൗട്ടിന്റെ മുന്നിലാണു നിർത്തിയിരിക്കുന്നത്; ഗേറ്റ് കടന്ന് നേരെ കൊണ്ടുചെന്നു നിർത്തിയിട്ട്, രണ്ടിലൊന്നറിഞ്ഞിട്ടു തന്നെ കാര്യം എന്ന മട്ടിൽ ആരൊക്കെയോ ചാടിയിറങ്ങിച്ചെന്നപോലെ. മുറ്റത്ത് കാർ ഒതുക്കിനിർത്താൻ വേറെ ഇടമില്ലാഞ്ഞിട്ടൊന്നുമല്ല.

സന്ദീപ് ഹാളിലേക്കു കയറിച്ചെന്നു.

അമ്മയും നന്ദനയും ഇരുന്നു ടിവി കാണുകയായിരുന്നെന്നു മനസ്സിലായി.

ടിവിയിൽ എന്തോ നടക്കുന്നുണ്ട്.

അമ്മയും നന്ദനയും സംസാരിക്കാൻ തയാറായി നിൽക്കുന്നു.

"എടാ മോനെ, നീ അവരോട് വഴക്കിനൊന്നും പോകണ്ട." രാജശ്രീ പറഞ്ഞു.

"എനിക്ക് തീരെ ഇഷ്ടമില്ലാത്ത കാര്യമാ അത്. അതിനല്ല ഞാൻ ഇത്രദൂരം കാറോടിച്ചു വന്നത്."

സന്ദീപ് പറഞ്ഞു.

"ദാ... ഇപ്പത്തന്നെ നിന്റെ മുഖത്ത് അനിഷ്ടം കാണാനൊണ്ട്..."

"അത് അമ്മയിങ്ങനെ പറഞ്ഞതുകൊണ്ടാ... അച്ഛൻ വിളിച്ചിട്ടല്ലേ ഞാൻ വന്നത്. അവര് ആവശ്യപ്പെട്ടിട്ടല്ലേ അച്ഛൻ വിളിപ്പിച്ചത്. അതായത്, ദൂരെയൊരിടത്ത് സമാധാനത്തിലിരുന്ന എന്നെ അവരുടെ ആവശ്യത്തിനുവേണ്ടി ഇത്രദൂരം യാത്രചെയ്യിച്ചു വരുത്തീട്ട് ഞാൻ വഴക്കുണ്ടാക്കാൻ വന്നതാണെന്നോ...?"

"ഞാനങ്ങനൊന്നും ഉദ്ദേശിച്ചില്ല."

"ശരി, നീ മുകളിലോട്ടു ചെല്ല്. അവരവിടെ വെയ്റ്റ് ചെയ്യുവാ..."

"എനിക്കിപ്പം മനസ്സില്ല. ഞാനൊന്നു കുളിച്ചു ഡ്രസൊക്കെ മാറി സമാധാനായിട്ടേ ചെല്ലുന്നുള്ളൂ... എന്താ?"

"പിന്നല്ലാതെ..." നന്ദന സന്ദീപിനെ പിന്താങ്ങി... "ഈ അമ്മ വെരണ്ടിരിക്കുവാ..."

"ഒരു ചായ കിട്ടിയാ കൊള്ളാം."

സന്ദീപ് അമ്മയോടു പറഞ്ഞു.

"ങ്ഹാ-നിന്റിഷ്ടം പോലെ ചെയ്യ്."

രാജശ്രീ ദീർഘശ്വാസമെടുത്തു കിച്ചണിലേക്കു പോയി.

"ഏട്ടാ, ആ റിപ്പോർട്ടൊണ്ടല്ലോ... സൂപ്പറായിരുന്നു-ട്ടോ... കൺഗ്രാറ്റ്സ്."

"നീ വായിച്ചോടീ..."

"വള്ളിപുള്ളി വിടാതെ മുഴുവൻ വായിച്ചു. ഹാർട്ട് ടച്ചിങ് സ്റ്റോറി. സങ്കടം വരും."

"റിയലി?"

"ഏട്ടാ, നമുക്കവരെയൊക്കെ പിടിച്ചു ജയിലിൽ ഇടണംന്നു തോന്നും. നമ്മടെ കല്ലാറ്റുപടിക്കൽകാരും മാങ്ങോട്ടുശേരിക്കാരും ഒക്കെ ഇൻവോൾവ്ഡാണല്ലേ...?"

"അതിന്റെ അങ്കലാപ്പല്ലേടീ അവരീ കാണിക്കുന്നെ... നിന്റെ റിസൾട്ടെന്നാ വരുന്നെ?"

"അടുത്ത മാസം... എന്നാ ചോദ്യമാ... പത്രത്തിലല്ലേ ആദ്യം കിട്ടുന്നെ... എന്നിട്ടെന്നോടു ചോദിക്കുവാ..."

"എടീ, എനിക്കവിടല്ല പണി... ഞാൻ പോയി ഒന്നു കുളിക്കട്ടെ."

സന്ദീപ് കോണിപ്പടി കയറി മുകളിലെത്തി.

ബാൽക്കണിയിൽ ജഗന്നാഥക്കുറുപ്പും ബാലകൃഷ്ണമേനോനും ജയദേവൻ നമ്പ്യാരും ഇരിപ്പുണ്ടായിരുന്നു.

"ആ നമ്മടെ ജേണലിസ്റ്റ് എത്തിയല്ലോ... വാ... വാ... വാ..."

ബാലകൃഷ്ണമേനോൻ കൈകാട്ടി വിളിച്ചു.

"ഞാനാകെ മുഷിഞ്ഞിരിക്കുവാ... ഒന്നു കുളിച്ചു ഫ്രഷായിട്ട് വരാം..."

"അതൊന്നും സാരമില്ലടോ... ഇയാളിങ്ങ് വാ..." ബാലകൃഷ്ണമേനോൻ ആജ്ഞാസ്വരത്തിൽ പറഞ്ഞു.

"ഞാൻ ക്ഷീണിച്ചാ വന്നത്. ഒന്നു ഫ്രഷ് ആവണം. അല്ലെങ്കി ശരിയാവത്തില്ല." ബാലകൃഷ്ണമേനോന്റെ മുഖത്തെ സൗമ്യഭാവം പെട്ടെന്നു മാറി.

"പത്തുമിനിറ്റ് മതി. ഞാൻ വന്നേക്കാം."

സന്ദീപ് അവന്റെ മുറിയിലേക്കു പോയി.

"ജയദേവാ... വഴങ്ങാൻ മടിയൊള്ള മാതിരിയാണല്ലോ അവന്റെ പെരുമാറ്റം..."

"എറണാകുളത്ത്ന്ന് കാറോടിച്ചു വരുവല്ലേ ബാലമ്മാമേ, ക്ഷീണം കാണും." ജയദേവൻ നമ്പ്യാർ പറഞ്ഞു.

ടീപ്പോയിൽ കിടന്ന പത്രമെടുത്തു ബാലകൃഷ്ണമേനോൻ വെറുതെ അതിൽ കണ്ണോടിച്ചു.

രാജശ്രീ ചായട്രേയുമായി വന്നു.

"കുറച്ചു മുൻപു ചായ കുടിച്ചതല്ലേ...?" ജയദേവൻ ചോദിച്ചു.

"സന്ദൂന് വേണം... അപ്പോ എല്ലാർക്കും കൂടി എടുത്തു."

കാൽ മണിക്കൂറിനുള്ളിൽ സന്ദീപ് എത്തി.

രാജശ്രീ ചായക്കപ്പ് എടുത്തു കൊടുത്തു.

നിന്നുകൊണ്ട് രണ്ടു കവിൾ ചായ കുടിച്ചിട്ട് സന്ദീപ് അൽപം മാറി ഇരുന്നു.

"നീയെന്താ അകന്നിരിക്കുന്നെ... ഇവിടെ സ്ഥലംണ്ടല്ലോ." ബാലകൃഷ്ണമേനോൻ സോഫ ചൂണ്ടിക്കാട്ടി.

"സാരമില്ല. ഇവിടിരുന്നാലും കേൾക്കാം..."

"ഞങ്ങളു നിന്നെ തല്ലാൻ വന്നതൊന്നുമല്ല. കയ്യകലത്തീന്ന് നീ മാറിയിരിക്കണ്ട."

"ബാലമ്മാമ തല്ലിയാലും അതു കൊള്ളാൻ ഞാൻ റെഡിയാ." സന്ദീപ് ചിരിയോടെ പറഞ്ഞു.

"നീ എഴുതിയ റിപ്പോർട്ട് ഞങ്ങൾ വായിച്ചു. സംഭവം കൊള്ളാം. ഗംഭീരമായിട്ടാ നീ എഴുതിപ്പിടിപ്പിച്ചേക്കുന്നെ. നിനക്കിത്രേം ഭംഗിയായിട്ട് എഴുതാനറിയാമെന്ന് ഇന്നാ എനിക്കു മനസ്സിലായത്. നിനക്കു വല്ല കഥയോ നോവലോ ഒക്കെ ശ്രമിച്ചുകൂടെ? നല്ല ഭാഷയൊണ്ടല്ലോ."

"ആഗ്രഹംണ്ട് മനസ്സിൽ... ചെയ്യണം. പതിയെ മതിയല്ലോന്നു വിചാരിച്ചിട്ടാ..." സന്ദീപ് ചായ കുടിക്കുന്നതിനിടയിൽ പറഞ്ഞു.

"എനിക്കു രാവിലെ ഒരുപാട് ഫോൺ കോൾ വന്നു. നീ ഏതാണെന്നാ മണിമലക്കാരൊക്കെ ചോദിച്ചത്... ചോദിച്ചവരോടൊക്കെ ഞാൻ പറഞ്ഞു, എന്റെ പെങ്ങടെ കൊച്ചുമകനാണെന്ന്. അപ്പോ അവർക്കെല്ലാം അതിശയം, എന്നിട്ടാണോ സ്വന്തം തറവാടിന് തീവെക്കാൻ നോക്കുന്നതെന്ന്."

"ആളുകളങ്ങനെ പലതും പറയും ബാലമ്മാമേ... നമ്മളതിനൊന്നും ചെവി കൊടുക്കരുത്. നമ്മക്കൊരന്തസ്സില്ലേ... ബാലമ്മാമയെപ്പറ്റി ഞാൻ ഒന്നും എഴുതീട്ടില്ല. ചന്ദ്രബാബുവിനെക്കുറിച്ചു പറഞ്ഞപ്പോ കല്ലാറ്റുപടിക്കൽ ബാലകൃഷ്ണമേനോൻ എന്നയാളിന്റെ ഉടമസ്ഥതയിൽ സർവീസ് നടത്തിവന്ന ഒരു ബസിലെ കണ്ടക്ടറായിരുന്നു എന്നു മാത്രമാ പറഞ്ഞത്. മോശമായിട്ട് എന്തെങ്കിലും ഞാനെഴുതിയോ?"

"അതെല്ലാം ഞാൻ നോക്കി. നീ സൂത്രശാലിയാണെന്നു മനസ്സിലായി. പക്ഷേ, വായിക്കുന്നവരെല്ലാം മണ്ടന്മാരല്ലല്ലോ. കല്ലാറ്റുപടിക്കൽ ബാലകൃഷ്ണമേനോന്റെ സഹോദരീപുത്രിയാണ് ചന്ദ്രബാബു സ്നേഹിച്ച മാളവിക എന്നു നീ പറഞ്ഞുവെച്ചിട്ടൊണ്ട

# നോവൽ

ല്ലോ. അവനെ ജോലീന്നു പിരിച്ചുവിട്ട കാര്യോം നീ വിട്ടുകളഞ്ഞില്ലല്ലോ.”

“ജോലീന്ന് പിരിച്ചുവിട്ടൂന്നൊള്ളത് സത്യമല്ലേ?”

“എന്റെ പെങ്ങടെ മകളെ പ്രേമിച്ചവനെ എന്റെ ബസിലെ കണ്ടക്ടർ ജോലീന്ന് ഞാൻ പിരിച്ചുവിട്ടൂന്ന് നീ എഴുതിയപ്പോ നിന്റെ കഥയിൽ ഞാൻ വില്ലനായോ അതോ നല്ലവനായോ?”

“അതുമാത്രമാ നടന്നതെങ്കിൽ ബാലമ്മാമ വില്ലനാവത്തില്ല. അതിനുശേഷം നടന്ന സംഭവങ്ങളാണ് ബാലമ്മാമയെ വില്ലന്മാരുടെ പക്ഷത്തേക്ക് മാറ്റിനിർത്തിയത്.”

“അതിനുശേഷം എന്തു നടന്നൂന്നാ നീ പറയുന്നെ? ഞാൻ എന്തു ചെയ്തു?”

“ബാലമ്മാമ എന്തെങ്കിലും ചെയ്തതായിട്ട് ഞാനെഴുതിയിട്ടില്ല. പോലീസിന്റെ കൂട്ടുപിടിച്ച് മാളവികയുടെ ബന്ധുക്കൾ ചന്ദ്രബാബുവിനെ അടിച്ചു, അയാളുടെ കുടുംബത്തെ ഭീഷണിപ്പെടുത്തി. ചന്ദ്രബാബുവും മാളവികയും കല്യാണം രജിസ്റ്റർ ചെയ്ത് പെരുവന്താനത്തെ ബന്ധുവീട്ടിൽ പോയി താമസിച്ചപ്പോൾ പോലീസിനെ ഉപയോഗിച്ച് അവരെ കസ്റ്റഡിയിലെടുപ്പിച്ചു. മാളവികയെ കല്ലാറ്റുപടിക്കൽ തറവാട്ടിൽ കൊണ്ടുപോയി താമസിപ്പിച്ചു. ചന്ദ്രബാബുവിനെ പോലീസിനെക്കൊണ്ട് മർദിപ്പിച്ച് അവശനാക്കി. ഇതെല്ലാം കൂട്ടിവായിക്കുമ്പോ ബാലമ്മാമയുടെ സ്ഥാനം എവിടായിരിക്കുമെന്ന് ബാലമ്മാമ തന്നെ നിശ്ചയിച്ചാ മതി.”



“ഇങ്ങനൊക്കെ സംഭവിച്ചെന്ന് നിന്നോടാരു പറഞ്ഞു? നീ ദൃക്സാക്ഷിയൊന്നുമല്ലല്ലോ.”

“ഒരു മിനിറ്റ്...” സന്ദീപ് കസേരവിട്ട് എഴുന്നേറ്റുപോയി. അൽപനിമിഷങ്ങൾക്കകം കയ്യിൽ ഒരു കെട്ട് കടലാസുകളുമായി തിരികെ വന്നു. അതു ടീപ്പോയിലേക്ക് വെച്ചു.

“ഇത് ആ കാലത്ത് പല പത്രങ്ങളിൽ വന്ന ന്യൂസാണ്. ഞാനന്നത്തെ വാർത്തകളുടെ ക്ലിപ്പിങ്സ് എടുപ്പിച്ചതാ.... കല്ലാറ്റുപടിക്കൽ ബാലകൃഷ്ണമേനോന്റേം ഹേമചന്ദ്രന്റേം മാങ്ങോട്ടുശേരിൽ ജഗന്നാഥക്കുറുപ്പിന്റേം ഹരീന്ദ്രന്റേമൊക്കെ പേര് പലവട്ടം ഇതിലൊക്കെ പറഞ്ഞിട്ടൊണ്ട്. അന്നു നിങ്ങൾക്കാർക്കും ഒരു പരാതീം ഇല്ലാരുന്നോ? ചന്ദ്രബാബു ഹേബിയസ് കോർപസ് ഹർജി കൊടുത്തപ്പോ, ബാലകൃഷ്ണമേനോൻ വീട്ടുതടങ്കലിൽ വെച്ചിരുന്ന മാളവികയെ കോടതിയിൽ ഹാജരാക്കാൻ കോടതി ഉത്തരവിട്ടെന്നും അവളെ കോടതിയിൽ ഹാജരാക്കിയെന്നും, ഈ ക്ലിപ്പിങ്സിൽ പലതിലും വെണ്ടയ്ക്ക അക്ഷരത്തിൽ അച്ചടിച്ചിട്ടൊണ്ട്. കോടതിയിൽവെച്ച്, ചന്ദ്രബാബുവിന്റെ കൂടെ പോകാനാണ് തനിക്കു താൽപര്യമെന്നു പറഞ്ഞ മാളവികയുടെ ആവശ്യം കോടതി അംഗീകരിച്ചെന്നും, ഈ പത്രവാർത്തകളിലൊണ്ട്. അന്ന് ഇതൊക്കെ വായിച്ചവരുടെ മനസ്സിൽ ബാലമ്മാമ നല്ലവനായിരുന്നെങ്കിൽ ഇന്നും നല്ലവൻ തന്നെ. അതല്ല, വില്ലനാണെങ്കിൽ അതു മാറ്റി നല്ലവനാക്കാൻ എന്നെക്കൊണ്ട് സാധിച്ചിട്ടില്ല.”

സന്ദീപ് തന്റെ നിലപാട് വ്യക്തമായി അവതരിപ്പിച്ചു.

“മകളെ ഒരു ബസ്കണ്ടക്ടർക്ക് കല്യാണം കഴിപ്പിച്ചു കൊടുക്കണമായിരുന്നു എന്നാണോ നിന്റെ അഭിപ്രായം?” ജഗന്നാഥക്കുറുപ്പ് ചോദിച്ചു.

“അതിനുത്തരം പറയേണ്ട ആവശ്യം എനിക്കില്ല. അന്നത്തെ കാലം, അന്നത്തെ സ്ഥിതിഗതികൾ ഒക്കെ നോക്കി നിങ്ങൾക്കിഷ്ടമുള്ള തീരുമാനമെടുക്കാമായിരുന്നു.”

“വേണ്ടെന്നാരുന്നു ഞങ്ങടെ തീരുമാനം.”

“അത് മകളെ പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നതിൽ നിങ്ങളെല്ലാവരും പരാജയപ്പെട്ടു. അതല്ലെങ്കിൽ അവൾ കണ്ടക്ടറുടെ കയ്യിൽ പെടാതെ അകറ്റി നിർത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. അതു നിങ്ങൾടെ തോൽവിയാ. അവരുടെയല്ല. അവർ കോടതീൽ പോയി ജയിച്ച് അംഗീകാരം വാങ്ങി. ഞാൻ നിങ്ങളെ ആരെയും കുറ്റപ്പെടുത്തീട്ടില്ല. വസ്തുതകളും സംഭവങ്ങളും അടുക്കിവെക്കുക മാത്രമേ ചെയ്തിട്ടൊള്ളൂ. ഈ ക്ലിപ്പിങ്സിൽ ഒള്ളതിന്റെ പത്തിലൊന്നു പോലും ഉൾക്കൊള്ളിച്ചിട്ടില്ല. ആരുടെയെങ്കിലും പക്ഷം ചേർന്ന് കുറ്റപ്പെടുത്തീട്ടുമില്ല.”

“അതൊക്കെ ശരിയാണ്. ഞാനും വായിച്ചതാ. ആരെങ്കിലും എന്തെങ്കിലും ഘോരകൃത്യം ചെയ്തതായിട്ട് ഒരിടത്തും പറയുന്നില്ല.”

ജയദേവൻ നമ്പ്യാർ മകനെ പിന്താങ്ങി.

“ജയദേവൻ അങ്ങനെ പറയരുത്. നിങ്ങൾടെ കാരണവന്മാരാ ഞങ്ങള്. നമ്മൾ അന്യരല്ല. ഒരൊറ്റ തറവാട്ടീന്ന് പോയവരാ. ഒരേ ചോരയാ. ലോകത്ത് എല്ലാ ദിവസവും ആയിരക്കണക്കിന് അനീതിയും അക്രമങ്ങളും നടക്കുന്നൊണ്ട്. നിന്റെ മകന് അതൊന്നും എഴുതാൻ തോന്നിയില്ല. നമ്മുടെ തറവാട്ടിൽ നടന്ന സംഭവം അവൻ കുത്തിപ്പൊക്കിക്കൊണ്ടു വരുന്നു. അവനെന്താ സ്വന്തം രക്തത്തോട് ഇത്രയ്ക്ക് വിരോധം?”

“നിങ്ങളോട് എനിക്കെന്തിനാ വിരോധം? ഞാൻ കുത്തിപ്പൊക്കിയത് കല്ലാറ്റുപടിക്കൽ തറവാട്ടിൽ നടന്ന സംഭവമല്ല. ഏലപ്പാറ ബസ്സ്റ്റാൻഡിൽവെച്ച് ചന്ദ്രബാബു എന്നൊരാളെ ഇരുപത്തിരണ്ടു വർഷം മുൻപു കാണാതായി. മൂന്നോ നാലോ മാസം കഴിഞ്ഞ് ചന്ദ്രബാബുവിന്റെ ഭാര്യ മാളവികയെയും കാണാതായി. ആ സ്റ്റോറിയാ ഞാനെഴുതിയത്. അതെങ്ങനെയാ നിങ്ങളോടുള്ള വിരോധമാകുന്നെ?”

“എന്റെ മോൾക്ക് എന്തെങ്കിലും സംഭവിച്ചാ ഞാനല്ലേ വിഷമിക്കേം അന്വേഷിക്കേം വേണ്ടത്. എനിക്കില്ലാത്ത വിഷമം നിനക്കെന്താ?”

ജഗന്നാഥക്കുറുപ്പ് ചോദിച്ചു.

“അച്ഛന്റേം അമ്മേടേം സ്വകാര്യ സ്വത്തല്ല മക്കൾ. ജനിച്ചു കഴിഞ്ഞാ അവര് രാജ്യത്തിന്റെ പൗരന്മാരാ... മക്കളെ വളർത്താനല്ലാതെ തല്ലാനും കൊല്ലാനും അച്ഛനമ്മമാർക്ക് അധികാരം ഒണ്ടോ? നിങ്ങൾ വളർത്തുന്ന കോഴിയേം താറാവിനേം നിങ്ങൾക്കു കൊല്ലാം. ആരും ചോദിക്കില്ല. അതുപോലെയാണോ മക്കൾ? നിങ്ങൾ ദുരഭിമാനക്കൊല നടത്തീട്ട് ഞങ്ങൾക്ക് പരാതിയില്ലെന്നു പറഞ്ഞ് കയ്യുംകെട്ടി വെറുതെയിരുന്നാ നിയമം നിങ്ങളെ വെറുതെ വിടുമോ?”

സന്ദീപ് വെട്ടിത്തുറന്നു ചോദിച്ചു.

“ആര് ദുരഭിമാനക്കൊല നടത്തി?”

“ഇല്ലെങ്കി നിങ്ങൾ ധൈര്യമായിട്ടിരിക്കണം. ആരും നിങ്ങളെ ഒന്നും ചെയ്യാനില്ല.”

“നിയമം നടത്താൻ നീ പോലീസും കോടതീം അല്ലല്ലോ. അവര് നടത്തട്ടെ നിയമം...”

“അവര് നടത്തട്ടെ. ഞാനെന്റെ ജോലി ചെയ്യുന്നെന്നേയുള്ളൂ. വാർത്തകൾ റിപ്പോർട്ട് ചെയ്യുക. അത്ര തന്നെ.” സന്ദീപ് പറഞ്ഞു.

“എഴുതുക മാത്രമല്ലല്ലോ നീ ചെയ്തത്. ചന്ദ്രബാബുവിന്റെ അനുജനെക്കൊണ്ട് പരാതി കൊടുപ്പിച്ചില്ലേ?”

ബാലകൃഷ്ണമേനോൻ ചോദിച്ചു.

“നിങ്ങൾ ചന്ദ്രബാബുവിന്റെ അച്ഛനും അമ്മയ്ക്കും എതിരെ മുരിക്കാശേരി പോലീസിൽ പരാതിപ്പെട്ടില്ലേ?”

“അതിനു നിനക്കെന്താ? നീയെന്തിന് അതിലൊക്കെ തലയിടുന്നു. അവര് നിന്റെ ആരെങ്കിലുമാണോ? അല്ല. ഞങ്ങൾ നിന്റെ ആരാ? നിനക്കു വേണ്ടപ്പെട്ടവർ. നീ ഞങ്ങടെ കൂടെയല്ലേ നിക്കേണ്ടത്. അതിനു പകരം നീ അവരുടെ പക്ഷം ചേർന്ന് ഞങ്ങൾക്കെതിരെ ഓരോന്നും ചെയ്യുന്നു... അതു നിർത്തണംന്നു പറയാനാ ഞങ്ങൾ അടിയന്തരായിട്ട് ഇവിടെ വന്നത്. നിന്നോട് എന്തെങ്കിലും സഹായം അപേക്ഷിക്കാനല്ല. ഉപദ്രവിക്കരുതെന്നു പറയാനാ വന്നത്.”

“നിങ്ങളെ ഉപദ്രവിക്കാൻ എനിക്ക് ഉദ്ദേശ്യമില്ല. നിങ്ങൾ പണ്ട് കൊലപാതകമോ ക്രൂരതയോ ചെയ്തിട്ടൊണ്ടെങ്കി അതു മറച്ചുവെക്കേണ്ട ആവശ്യോം എനിക്കില്ല. അതൊക്കെ നിങ്ങൾ വേണ്ടപോലെ മറച്ചുവെച്ചോളണം.”

“മറയ്ക്കേണ്ടതൊക്കെ ഞങ്ങൾ മറച്ചിട്ടൊണ്ട്. നീയായിട്ട് അത് മാന്തിയെടുത്ത് നാറ്റിക്കാതിരുന്നാ മതി.”

“മറയ്ക്കേണ്ട പോലെ മറച്ചിട്ടൊണ്ടെങ്കി പേടിക്കേണ്ട കാര്യമില്ലല്ലോ ബാലമ്മാമേ.”

“ഞങ്ങൾക്ക് പേടിയൊണ്ടെന്ന് ആര് പറഞ്ഞു. ഒരു പേടീം ഇല്ല. അപമാനം വരുത്തിവെക്കരുതെന്നു മാത്രേ പറയാനൊള്ളൂ.”

“ഞാനിപ്പോ എന്തു ചെയ്യണമെന്നാ ബാലമ്മാമേടെ മനസ്സിലിരിപ്പ്?”

“നിന്റെ എഴുത്ത് ഞങ്ങക്ക് മാനക്കേട് ഒണ്ടാക്കാത്ത വിധത്തി അവസാനിപ്പിക്കണം.”

“നാളത്തേക്കുള്ള സ്റ്റോറി ഇപ്പോ പ്രിന്റ് ചെയ്തോണ്ടിരിക്കുവാ...”

“അത് നിർത്താൻ പറ.”

“അങ്ങനെ പറയാൻ എന്റച്ഛനല്ലല്ലോ പത്രം നടത്തുന്നെ.” സന്ദീപ് തുറന്നടിച്ചു.

ബാലകൃഷ്ണമേനോന്റെ മുഖം ചുവന്നു.

“നീ ചെറുതാ... ഒരുറുമ്പിന്റത്രേം ചെറുതാ... അതോർമ വേണം...”

അയാൾ കടുപ്പിച്ച് മുന്നറിയിപ്പു നൽകി.

“നാളത്തെ റിപ്പോർട്ടിൽ ഞങ്ങളെപ്പറ്റി എന്തെങ്കിലും എഴുതീട്ടൊണ്ടോ?” ജഗന്നാഥക്കുറുപ്പ് ആരാഞ്ഞു.

“നാളത്തെ സ്റ്റോറിയിൽ നിങ്ങളാരുമില്ല. ഇരുപത്തിരണ്ടു വർഷം മുൻപ് പോണ്ടിച്ചേരിയിൽ താമസിച്ചിരുന്ന ഒരു മലയാളി കുടുംബത്തിന് ഒരു പെൺകുഞ്ഞിനെ കിട്ടുന്നു. അതിനെ കയ്യൊഴിയാൻ നിവൃത്തിയില്ലാതെ വരുന്നു. അതിനെ സ്വന്തം മകളെപ്പോലെ കരുതി വളർത്തി പഠിപ്പിച്ച് നല്ല നിലയിലെത്തിക്കുന്നു. അപ്പോൾ ആ കുട്ടിക്ക് ഒരു വിവാഹാലോചന വരുന്നു. ജാതകപ്രശ്നം കാരണം ആലോചനയ്ക്ക് തടസ്സമുണ്ടാകുന്നു. അവളുടെ ജനനദിവസം കണ്ടുപിടിക്കാൻ വേണ്ടി ഒരു ചെറുപ്പക്കാരൻ പോണ്ടിച്ചേരിക്ക് യാത്ര തിരിക്കുന്നു. ഇത്രയുമാണ് നാളത്തെ സ്റ്റോറി.”

സന്ദീപ് വിശദീകരിച്ചു.

“ആരാ കുട്ടിയെ എടുത്തു വളർത്തിയതെന്നോ ആരുടെ കുട്ടിയാണെന്നോ, അന്വേഷിച്ചുപോയവൻ നീയാണെന്നോ അതിൽ വെളിപ്പെടുത്തുന്നൊണ്ടോ?”

(ശേഷം 30-ാം പേജിൽ)

# മാംഗല്യത്തിന് 108 ജോഡി വധൂവരന്മാർ

തിരുവനന്തപുരം: ഊരിൽ നിന്നു മാറി നഗരത്തിനു സമീപത്തെ ക്ഷേത്രത്തിൽ ആദിവാസി യുവതീയുവാക്കളുടെ മാംഗല്യച്ചടങ്ങ്! ഒരേ വേദിയിൽ ഒരേപോലെ വസ്ത്രമണിഞ്ഞ് ഒരേ മുഹൂർത്തത്തിൽ 108 ജോടി വധൂവരൻമാരാണു പരസ്പരം വരണമാല്യം ചാർത്തിയത്. തിരുവനന്തപുരം വെങ്ങാനൂർ പൗർണമിക്കാവ് ബാലത്രിപുരസുന്ദരി ദേവീക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ, അട്ടപ്പാടി, അഗളി, ഇടുക്കി, സത്യമംഗലം, കുമളി തുടങ്ങിയ ആദിവാസി ഊരുകളിൽ നിന്നുള്ള 216 യുവതീയുവാക്കളാണ് മാർച്ച് 26-ന് ഉച്ചയ്ക്ക് 12.04-നുള്ള മുഹൂർത്തത്തിൽ വിവാഹിതരായത്. ഊരുമൂപ്പൻമാരും ഗോത്രത്തലന്മാരും മറ്റു കാർമികർക്കൊപ്പം നേതൃത്വം വഹിച്ചു. തട്ടുതട്ടായി ക്രമീകരിച്ച മണ്ഡപത്തിലാണ് വധൂവരൻമാർ അണിനിരന്നത്.



വിവിധ ആദിവാസി ഊരുകളിൽ നിന്നുള്ള 216 യുവതീയുവാക്കൾക്കായി പൗർണമിക്കാവും ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനീസും ചേർന്ന് വെങ്ങാനൂർ പൗർണമിക്കാവ് ബാലത്രിപുരസുന്ദരി ദേവീക്ഷേത്രത്തിൽ നടത്തിയ സമൂഹ വിവാഹത്തിൽനിന്ന്

താലികെട്ടും മോതിരം കൈമാറലും വരണമാല്യം ചാർത്തലുമായിരുന്നു പ്രധാന ചടങ്ങ്. വിഭവ സമൃദ്ധമായ സദ്യയും നടന്നു. പൗർണമിക്കാവും ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനീസും ചേർന്നായിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്.

വിവാഹ നിശ്ചയവും അനുബന്ധ ചടങ്ങുകളും നേരത്തെ ഊരുകളിൽ നടന്നിരുന്നു.

## ശ്രീലങ്കയിലേക്കു മടങ്ങാൻ മുരുകനു യാത്രാരേഖകൾ

ചെന്നൈ: രാജീവ് ഗാന്ധി വധക്കേസിൽ തടവുശിക്ഷ പൂർത്തിയാക്കിയ മുരുകനു സ്വദേശത്തേക്കു മടങ്ങുന്നതിനു ലങ്കൻ ഹൈക്കമ്മീഷൻ യാത്രാരേഖകൾ അനുവദിച്ചു. മടക്കിയയക്കുന്നതിനുള്ള ഉത്തരവ് പുറത്തുവന്നാൽ മുരുകനു സ്വദേശത്തേക്കു മടങ്ങാമെന്ന് തമിഴ്നാട് സർക്കാർ മദ്രാസ് ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തു. മുരുകൻ സമർപ്പിച്ച ഹർജി പരിഗണിക്കുന്നതിനിടെയാണ് സർക്കാർ നിലപാട് അറിയിച്ചത്. രാജീവ് ഗാന്ധി വധക്കേസിൽ ശിക്ഷിക്കപ്പെട്ട ഏഴ് ലങ്കൻ പൗരന്മാരിൽ ഒരാളാണ് ശ്രീഹരൻ എന്ന മുരുകൻ. 30 വർഷത്തെ തടവുശിക്ഷ പൂർത്തിയായതിനെത്തുടർന്ന് 2022 നവംബറിൽ സുപ്രീംകോടതി മോചനം അനുവദിക്കുകയായിരുന്നു.

## ലഡാക്കിന് സംസ്ഥാന പദവി; സോനം നിരാഹാര സമരം അവസാനിപ്പിച്ചു

ന്യൂഡൽഹി: ലഡാക്കിനു സംസ്ഥാന പദവി നൽകണമെന്നും പരിസ്ഥിതി ദുർബലമായ ഹിമാലയൻ പ്രദേശങ്ങൾ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് മാഗ്സസെ പുരസ്കാര ജേതാവും വിദ്യാഭ്യാസ പരിഷ്കർത്താവുമായ സോനം വാങ്ചുക്ക് 21 ദിവസമായി നടത്തി വന്ന നിരാഹാര സമരം അവസാനിപ്പിച്ചു. അതേസമയം, സമാന ആവശ്യങ്ങളുമായി സ്ത്രീ സംഘടനകളുടെ നേതൃത്വത്തിൽ നിരാഹാര സമരം ആരംഭിച്ചു. മാർച്ച് ആറിനാണ് വാങ്ചുക്ക് (56) നിരാഹാര സമരം ആരംഭിച്ചത്. കൊടുംതണുപ്പിലും നൂറുകണക്കിനാളുകളാണ് വാങ്ചുക്കിനു പിന്തുണയുമായി എത്തിയത്. ലേ, കാർഗിൽ ജില്ലകൾ ഉൾപ്പെടുന്ന ലഡാക്ക് നിലവിൽ കേന്ദ്രഭരണ പ്രദേശമാണ്. കാശ്മീരിനു പ്രത്യേക പദവി നൽകുന്ന ഭരണഘടനയുടെ 370-ാം വകുപ്പ് 2019-ൽ കേന്ദ്ര സർക്കാർ റദ്ദാക്കിയതോടെയാണ് ജമ്മു കശ്മീർ സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ലഡാക്ക് കേന്ദ്ര ഭരണപ്രദേശമായി മാറിയത്. മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ വാങ്ചുക്ക് നടത്തിയ പ്രവർത്തനങ്ങളാണ് ചേതൻ ഭഗത്തിന്റെ 'ത്രീ ഇഡിയറ്റ്സ്' എന്ന നോവലിനും അതേ പേരിലുള്ള ആമിർ ഖാന്റെ സിനിമയ്ക്കും പ്രചോദനമായത്.

## നോവൽ

(29-ാം പേജിൽ നിന്നും)

"ഇല്ല..."

"എങ്കിൽ നാളത്തെകൊണ്ട് എഴുത്തു നിർത്തിയേക്ക്. അതിനപ്പുറത്തോട്ട് വേണ്ട."

ബാലകൃഷ്ണമേനോൻ വിധിച്ചു.

"അങ്ങനെ വാലും തലേം ഇല്ലാതെ നിർത്താൻ പറ്റില്ല ബാലമ്മാമേ... വർഷങ്ങൾക്കു മുൻപ് ആ കുടുംബം എടുത്തു വളർത്തിയ ആ കുഞ്ഞ് ആരുടെ മകളാണ്, എന്തുകൊണ്ട് അത് ഉപേക്ഷിക്കപ്പെട്ടു. അതിന്റെ മാതാപിതാക്കൾക്ക് എന്തു സംഭവിച്ചു- ഇത്രയും കാര്യങ്ങൾ കൂടി പറയാതെ സ്റ്റോറി പൂർത്തിയാകില്ല."

"അത്രയും കൂടെ പറഞ്ഞാൽ നിനക്ക് എന്തുകിട്ടും?"

"എനിക്ക് പ്രത്യേകിച്ചു എന്തു കിട്ടാനാ. എന്റെ ജോലി ഭംഗിയായിട്ട് ചെയ്തു എന്നുള്ള സംതൃപ്തിയല്ലാതെ..."

"ആ സംതൃപ്തി കിട്ടാൻ വേണ്ടി ഭാസിയേട്ടനേം മക്കളേം പോലീസിനു കാട്ടിക്കൊടുക്കണ്ടേ. എന്നേം ജഗന്നാഥനേം ഹരീന്ദ്രനേം ഹേമചന്ദ്രനേം അതുമായിട്ട് ബന്ധപ്പെടുത്തി കുഴപ്പക്കാരാക്കണ്ടേ."

"ആർക്കെങ്കിലും മാനനഷ്ടമുണ്ടാക്കുന്ന വിധത്തിൽ ഒന്നും ഞാനെഴുതുന്നില്ല. ഒണ്ടെങ്കി നിങ്ങൾക്ക് മാനനഷ്ടക്കേസു കൊടുക്കാം. എന്റെ പത്രാധിപരും അതു സമ്മതിച്ചുതരില്ല. എല്ലാവരുടേയും പേരു വിവരങ്ങളൊന്നും ഉണ്ടാകില്ല. അവിടവിടെ ചില സൂചനകളൊക്കെയേ കാണൂ..."

"അങ്ങനത്തെ സൂത്രങ്ങളൊന്നും ഞങ്ങളോടു വേണ്ട. വായിക്കുന്നവർക്കും പോലീസിനും കാര്യം മനസ്സിലാകുവല്ലോ. ഇല്ലേ?"

"അവരന്വേഷിക്കാനിറങ്ങിയാ അവർക്ക് വേണ്ട തെളിവുകളൊക്കെ കിട്ടും."

"നീ ഇതുകൊണ്ടൊക്കെ എന്താ ഉദ്ദേശിക്കുന്നെ?"

"ബാലമ്മാമേ... കൂടുതലൊന്നുമില്ല. അല്ലിമയുടെ മാതാപിതാക്കൾക്ക് എന്തു സംഭവിച്ചെന്ന് അറിയണം."

"ചന്ദ്രബാബു ജീവിച്ചിരിപ്പില്ലെന്ന് ഊഹിക്കാനുള്ള സാമാന്യബുദ്ധി നിനക്കും നിന്റെ മറ്റവൾക്കും ഉണ്ടല്ലോ ഇല്ലേ...?"

"അതറിയാം... മുൻപേതന്നെ അറിയാം..."

"ഇനി മാളുവിന് എന്തുപറ്റിയെന്ന് അറിഞ്ഞാൽ പോരേ... അവൾ ജീവിച്ചിരിപ്പൊണ്ട്."

സന്ദീപ് ഒരു നിമിഷം സ്തബ്ധനായി.

വിശ്വാസം വരാത്ത മട്ടിൽ ജഗന്നാഥക്കുറുപ്പിനെ നോക്കി.

"എവിടെയൊണ്ട്?" സന്ദീപ് ചോദിച്ചു.

"എവിടെയാണെന്ന് നീ അറിയണ്ട. ജീവിച്ചിരിപ്പൊണ്ടെന്നു പറഞ്ഞില്ലേ?"

"അല്ലിമയ്ക്ക് അവരെ കാണാൻ പറ്റ്വോ?"

"കാണിച്ചുകൊടുക്കാം. ഒരൊറ്റത്തവണ. പിന്നീടൊരു പ്രാവശ്യം കൂടി കാണണമെന്നു പറയരുത്. അതോടെ മറന്നേക്കണം. നിന്റെ സ്റ്റോറീം നാളത്തെ പത്രത്തിൽ അച്ചടിച്ചു വരരുത്. ഇന്നു വന്നതു വന്നു. നിർത്തിയേക്കണം."

ബാലകൃഷ്ണമേനോൻ അന്തിമ തീർപ്പിനായി സന്ദീപിനെ തന്നെ ഉറ്റു നോക്കി.

"പക്ഷെ, ചന്ദ്രബാബുവിന്റെ..."

സന്ദീപ് പറഞ്ഞുതീരും മുൻപേ ബാലകൃഷ്ണമേനോൻ ഇടപെട്ടു. "ആ കേസ് കഴിഞ്ഞു. അതു വിട്ടേക്ക്. അതിനെന്തു നഷ്ടപരിഹാരം വേണം? കണക്കു പറഞ്ഞുതന്നെ തീർത്തേക്കാം. നിനക്കെത്ര വേണം. അവൾക്ക് എത്ര വേണം. ചന്ദ്രബാബുവിന്റെ അച്ഛനുമമ്മയ്ക്കും അനുജനും എത്ര വേണം?

സന്ദീപ് കുരുക്കിൽ പെട്ട പോലെയായി.

"പൈസയ്ക്ക് വേണ്ടിയല്ലല്ലോ ബാലമ്മാമേ..."

"മനസ്സിലായി. ചന്ദ്രബാബുവിനും മാളുവിനും എന്തു സംഭവിച്ചൂന്ന് അറിയാൻ വേണ്ടിയല്ലേ. ചന്ദ്രബാബു ഇല്ലെന്നുതന്നെ ഉറപ്പിച്ചോ. മാളു- ഉണ്ട്. കാണിച്ചുതരാമെന്നും സമ്മതിച്ചു. നീ ചോദിക്കുന്ന, നഷ്ടപരിഹാരവും കൊടുക്കാമെന്നു പറഞ്ഞു- ഇനിയെന്താ വേണ്ടത്?"

സന്ദീപ് അച്ഛനെ നോക്കി. കൈവിരലിൽ കിടക്കുന്ന മോതിരം തെരുപ്പിടിച്ചുകൊണ്ട് അതിലേക്കും നോക്കി ഇരിക്കുകയാണ്.

"ഞങ്ങൾടെ ഈ ഓഫർ തള്ളിക്കളഞ്ഞിട്ട് മുന്നോട്ടു പോകാമെന്നുവെച്ചാ നീ എവിടെത്തും? നീയും പോലീസും എന്തൊക്കെ ചെയ്താലും ഒന്നും കണ്ടുപിടിക്കാൻ പറ്റില്ല. ഒന്നും തെളിയിക്കാനും പറ്റില്ല. മാളു ജീവിച്ചിരിപ്പുണ്ടെന്നു പോലും. ഞങ്ങടേം നിന്റേം സർക്കാരിന്റേം കയ്യീന്ന് കുറേ പൈസ ചെലവാക്കിക്കളയാംന്നല്ലാതെ ആർക്കും ഒന്നും കിട്ടാനും പോകുന്നില്ല." ബാലകൃഷ്ണമേനോൻ തീരുമാനം സന്ദീപിനു വിട്ടുകൊടുത്തമട്ടിൽ സോഫയിൽ പിന്നാക്കം ചാരിയിരുന്നു.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ☐ Cheque Cheque # ______

☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


കൈരളി ടി. വി.
KAIRALI THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES @INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji, Tel: 215 820 2125.
KAIRALI THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS
1 (888) 363-1777
sling മലയാളം
TELEVISION




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**